KNANAYADEEPAM
SINCE 1989
# ക്നാനായദീപം
Vol: 35 / Issue: 9 August 2024 ₹:10/-



## സ്വാതന്ത്ര്യദിനാശംസകൾ

78th independence day



# വേർപാടിന്റെ 3 – ാം വർഷം

**14-08-2024**



## ഫാ. ജെയ്സൺ സ്കറിയ

**ഇളവൻകളം, തുരുത്തി**

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

# ക്നാനായ ദീപം

2024 ഓഗസ്റ്റ്   പുസ്തകം 35   ലക്കം 8

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

ഓർമ്മയുടെ കാൽ നൂറ്റാണ്ട് 09
ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട്

ഇന്നത്തെ ചിന്താവിഷയം 10
റ്റി. സി. തോമസ് തോപ്പിൽ

ജീവിതത്തിന് പ്രാധാന്യം നൽകാം 19
സുനിൽ ഡി. കുരുവിള

ആഴക്കടലിൻ മീതേകൂടി 20
പ്രൊഫ. ഡോ. അന്നമ്മ ജേക്കബ്

എന്റെ കൃപ നിനക്ക് മതി 21
സീമ ഷിന്റോ കന്നിയേൽ

ഈറ്റു നോവിന്റെ കാലം 22
പ്രൊഫ. എം. എ. എബ്രഹാം മണിമലേത്ത്

പ്രായോഗിക ജീവിതം 24
അമ്മാൾ രാജൻ പുളിമൂട്ടിൽ

ഏവൻഗേലിയോൻ ദീപം 25
അലക്സ് ഷാജി മഞ്ഞപ്പാലിൽ

ഈ അഗ്നി നിന്റെ തലവര മാറ്റും 29
ജയ്നമ്മ മർക്കോസ് നടുവിലേപറമ്പിൽ

30 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 വി. മത്തായി എഴുതിയ സുവിശേഷം
ഷാരോൺ എസ്. എ. അമ്പാട്ട്

41 മല്പാനോട് ചോദിക്കാം

42 കാലം ഏറെ ആയാലും...
സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ

43 കാൽപ്പാടുകൾ - എബി

44 നോമ്പിന്റെ കാമ്പ്
ഫാ. ചെറിയാൻ താഴമൺ

48 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
H.E. Mor Severios Kuriakose
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
Chief Editor
V. Rev. Roy Mathew Core Episcopa Mulamoottil

Managing Editor
Fr. Jaicobkutty K.S. Kallookulam

Members
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
Fr. Sherin C. Kollamparampil

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
T.C.Thomas Thoppil
Lay Trustee
T.O. Abraham Thottathil
Samudaya Secretary

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
9447563240
E-mail:
kna.deepam@gmail.com

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




## കർത്താവിൽ പ്രിയ ക്നാനായദീപം വായനക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള സ്നേഹ വന്ദനം.

കർത്താവിൽ പ്രിയരെ,

സഭയും അതിലെ ശുശ്രൂഷകളും സുവിശേഷവേലയും ദൈവം ഈ ലോകത്തിൽ സ്ഥാപിച്ച ശ്രേഷ്ഠമായ പ്രവർത്തനങ്ങളാണ്. അതിൽ പങ്കാളികളാകുന്നത് ഭാഗ്യകരമായ അനുഭവമാണ്. ഇതിന്റെ ലക്ഷ്യം മനുഷ്യരക്ഷയാണ്. അതുകൊണ്ട് മാർഗ്ഗവും ഉന്നതമായിരിക്കണം. സഭയിലെ ശുശ്രൂഷകളും സുവിശേഷ പ്രവർത്തനങ്ങളും സാക്ഷ്യം നഷ്ടപ്പെടുത്താതെ നിർവ്വഹിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്. അതിനുള്ള മാതൃക യേശുകർത്താവും അപ്പസ്തോലന്മാരും നമുക്ക് കാണിച്ചു തന്നിട്ടുണ്ട്. പെന്തിക്കോസ്തുനാളിൽ പരിശുദ്ധാത്മാവിന്റെ പകർച്ച 120 ഭക്തന്മാരുടെ മേൽ നിറയപ്പെട്ട ദിവസമാണ് സഭയുടെ ജന്മനാൾ. വിശ്വാസികൾ വർദ്ധിച്ചപ്പോൾ ചില പരാതികൾ ഉടലെടുക്കുകയും അത് പരിഹരിക്കുന്നതിന് ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള ഏഴുപുരുഷന്മാരെ തെരഞ്ഞെടുക്കുകയും അപ്പോസ്തോലന്മാർ വചന ശുശ്രൂഷയിലും പ്രാർത്ഥനയിലും ഉറ്റിരിക്കുകയും ചെയ്തു (അപ്പോ.6:1-7). ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവരിൽ പ്രധാനിയായ സ്തേഫാനോസ് കൃപയും ശക്തിയും നിറഞ്ഞവനായി ജനത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. ഇന്ന് ഈ പറഞ്ഞ ഗുണങ്ങളില്ലാത്തവർ തെരഞ്ഞെടുക്കപ്പെട്ടാൽ അവിടെ പ്രശ്നങ്ങളുണ്ടാകുമെന്നതിന് സംശയമില്ല. അതുപോലെ അദ്ധ്യക്ഷന്മാർ ഘനശാലികളായിരിക്കണം. ഈ അനുഭവമില്ലാത്തവർ നിമിത്തം സഭയിൽ കുഴപ്പങ്ങളുണ്ടായി. അധികാരമോഹവും ചില സ്ഥാനമാനങ്ങളും പദവികളും വേണമെന്ന ആഗ്രഹത്താൽ മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും പറഞ്ഞുപരത്തി താൻ യോഗ്യനാണെന്ന് മറ്റുള്ളവരെ ധരിപ്പിക്കാനും തങ്ങളോടൊപ്പം നിർത്താനും ശ്രമിക്കാറുണ്ട്. കർത്താവിന്റെ നാമമഹത്വത്തിനും സഭയുടെ ആത്മീകതയ്ക്കും വേണ്ടി ചിന്തിക്കേണ്ടവർ അസൂയയും സ്വാർത്ഥതയും ഉള്ളവരായി മാറുന്നത് സഭയിൽ ഭിന്നതയും നിരാശയും ഉളവാക്കുമെന്നതിന് സംശയമില്ല.

കർത്താവിന്റെ വേല ചെയ്താൽ കർത്താവിനാൽ അവരും അവരുടെ തലമുറയും അനുഗ്രഹിക്കപ്പെടും. പക്ഷേ ആത്മീകതയിൽ തുടങ്ങി ജഡിക താൽപര്യങ്ങളിലേയ്ക്ക് അധഃപതിക്കുന്നവർക്ക് പലവിധ പരാജയങ്ങളും പ്രാഗത്ഭ്യ നഷ്ടവും സംഭവിക്കുന്നത് സ്വാഭാവികമാണ്. സഭയെ തകർത്തും നാണക്കേടുണ്ടാക്കിയും പ്രതിഷേധിക്കുന്ന ഭരണാധികാരികളെ ഓർത്തു ദുഃഖിക്കാനല്ലാതെ ജനത്തിന് ഒന്നും ചെയ്യാൻ കഴിയില്ല. സമരത്തിനും അതിരുവേണം. പ്രതിഷേധങ്ങളും വിവേകത്തോടുകൂടെ പ്രകടിപ്പിക്കണം. ഏതു മനുഷ്യനും വിവേക ശൂന്യനായാൽ മൃഗത്തിനേക്കാൾ നികൃഷ്ടനാണെന്ന് സങ്കീർത്തനക്കാരൻ പറയുന്ന ബൈബിൾ വചനം എല്ലാവർക്കും ബാധകമാണ്. ഭരണാധികാരികൾ കാണിക്കുന്ന മാതൃകയില്ലാത്ത പ്രവൃത്തികൾ സാധാരണ ജനത്തെയും സ്വാധീനിച്ചു കൊണ്ടിരിക്കുകയാണ്. പ്രാർത്ഥിക്കുവാൻ ദൈവത്തിന്റെ മുൻപിൽ നിൽക്കുമ്പോൾ കൈകൾ മലർത്തി പ്രാർത്ഥിക്കണം എന്ന് പഠിപ്പിക്കുന്നവർ നീതി നടപ്പാക്കണമെന്ന ബോർഡ് പിടിച്ചുകൊണ്ട് ജനത്തിന്റെ മുൻപിൽ നിന്ന് പ്രാർത്ഥിക്കുന്നത് പരിശുദ്ധാത്മാവിന്റേതല്ല. പ്രത്യുത ദുരാത്മാവിന്റെ ചെയ്തികളാണ്. ബന്ധങ്ങൾ മുറിക്കാനും സ്നേഹവും ഐക്യവും സന്തോഷവും നഷ്ടമാക്കുകയും ചെയ്യുന്ന ദുരാത്മാവിന്റെ പ്രവൃത്തികൾക്ക് ആരും അടിമകളാകരുത്. ആരും ദൈവകൃപ വിട്ടു പിൻമാറുകയും വല്ല കൈപ്പുള്ള വേരും മുളച്ചു കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും ചെയ്യാതിരിക്കാൻ സൂക്ഷിക്കേണ്ടതാണ് (എബ്രാ. 12:15). അല്ലെങ്കിൽ അനുഗ്രഹത്തിനായി കണ്ണുനീരോടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ട ഏശാവിനെപ്പോലെയാകുന്നു എന്ന് പൗലോസ് മുന്നറിയിപ്പ് നൽകുന്നു.

> സഭയെ തകർത്തും നാണക്കേടുണ്ടാക്കിയും പ്രതിഷേധിക്കുന്ന ഭരണാധികാരികളെ ഓർത്തു ദുഃഖിക്കാനല്ലാതെ ജനത്തിന് ഒന്നും ചെയ്യാൻ കഴിയില്ല. സമരത്തിനും അതിരുവേണം. പ്രതിഷേധങ്ങളും വിവേകത്തോടുകൂടെ പ്രകടിപ്പിക്കണം.

പൊതുജീവിതത്തിലേയ്ക്ക് ഏർപ്പെട്ടിരിക്കുന്നവർ ജനത്തിന് ജീവിതവും പ്രവൃത്തിയും കൊണ്ട് മാതൃകയായാൽ പൊതു സമൂഹത്തിന് വളരെ ഗുണകരമായ മാറ്റം ഉണ്ടാക്കാൻ സാധിക്കും. ശുശ്രൂഷയുടെ ശക്തിയും പ്രയോജനവും വളർച്ചയും സാക്ഷ്യത്തിലാണ് അന്തർഭവിച്ചിരിക്കുന്നത്. നന്നായി ശുശ്രൂഷ നിർവ്വഹിക്കുകയും സഭയെ പരിപാലിക്കുകയും ചെയ്യുന്നവർ ഇരട്ടിമാനത്തിന് യോഗ്യരായി തീരുമെന്ന് തീമോത്തോസിന് എഴുതിയ ലേഖനത്തിൽ പറയുന്നു.

ശുശ്രൂഷകൻമാർ തിരുവചനപഠനം ദിനംതോറും ശീലിക്കേണ്ടത് പരമപ്രധാനമായ കാര്യമാണ്. ജീവിതാനുഭവങ്ങളിൽ മനസ്സ് മടുത്തു മരവിപ്പിച്ചു പോകരുത്. പരാജയങ്ങളിലും മനഃസംഘർഷങ്ങളിലും മനസ്സ് ദുർബലമാകരുത്. പ്രത്യാശയില്ലാത്തവരെപ്പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യരുത്. പ്രതികൂലങ്ങളെ തരണം ചെയ്യാനും വിജയിക്കാനും അടിയുറച്ച വിശ്വാസമാണ് വേണ്ടത്. പാരമ്പര്യം പറയുകയും തങ്ങൾ വിശ്വാസികളാണെന്ന് ചിന്തിച്ചാലും പോര. യേശുവിനെ ആരെന്നും കർത്താവിന്റെ അധികാരവും ശക്തിയും എന്തെന്നും ഗ്രഹിച്ച് പ്രവർത്തിച്ചാൽ എവിടെയും വിജയിക്കാൻ സാധിക്കും. ആയതിന് ദൈവകൃപ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



ആഗസ്റ്റ് മാസം 15-ാം തീയതിവരെ ശൂനോയോ നോമ്പ് നാം ആചരിച്ചു. പരി.ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ഏറ്റവും അനുഗ്രഹകരമായി നാം ആചരിച്ചു. എന്നാൽ ഈ നോമ്പ് ആചരണത്തിലൂടെയും, പെരുന്നാൾ ആചരണത്തിലൂടെയും എത്രമാത്രം വിശുദ്ധിയിലേയ്ക്ക് നമുക്ക് എത്തുവാൻ സാധിച്ചു. നോമ്പും പെരുന്നാളും ബാഹ്യമായി മാത്രം ആചരിക്കേണ്ട ഒന്നല്ല എന്നത് എപ്പോഴും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവ നമ്മുടെ ആത്മീക ജീവിതത്തെ കൂടുതൽ ശക്തിയുള്ളതാക്കി മാറ്റണം. അത് നമ്മെ പരിവർത്തനത്തിലേയ്ക്ക് നയിക്കണം. കൂടുതൽ മെച്ചപ്പെട്ട നാമായി പരിഗണിക്കുവാൻ അവ ഇടയാക്കുമ്പോൾ നോമ്പ് ആചരണവും, പെരുന്നാളുകളും കൂടുതൽ അർത്ഥവത്തായിത്തീരും.

ആഗസ്റ്റ് 29 ന് മോർ യൂഹാനോൻ മാംദാനയുടെ ശിരച്ഛേദനത്തിന്റെ സ്മരണ നാം നിർവ്വഹിക്കുന്നു. യേശുവിന്റെ മുന്നോടിയായി ദൈവിക പദ്ധതിപ്രകാരം ജനിച്ച മോർ യൂഹാനോൻ എന്നും ക്രിസ്തീയ വിശ്വാസ ജീവിതത്തിന് മാതൃകയും വെല്ലുവിളിയുമാണ്. ധാർമ്മികത ഉയർത്തി അതിൽ എല്ലാവരും ജീവിക്കണം എന്ന് ഉത്ബോധിച്ചതാണ് യോഹന്നാന്റെ ശ്രേഷ്ഠത. തന്റെ നിയോഗം ലോകത്തിന്റെ രക്ഷയ്ക്കായി ദൈവത്താൽ അയക്കപ്പെട്ടതാണെന്നത് ഉൾക്കൊണ്ടാണ് 'ഞാനോ കുറയണം, അവനോ വളരണം' എന്ന ആപ്തവാക്യം ലോകത്തിന് സമ്മാനിച്ച മോർ യൂഹാനോൻ നമുക്ക് മുമ്പിൽ മാതൃകയാകുന്നത്. രാജപത്നിയുടെ അധാർമ്മികത ചൂണ്ടിക്കാട്ടി പ്രവാചകശബ്ദമായി നിലനിന്ന് തന്റെ ജീവിതം അവസാനിച്ചുവെങ്കിലും സാക്ഷ്യമായി നിലനിൽക്കുന്ന യൂഹാനോൻ നമുക്ക് ഒരു വെല്ലുവിളിയുമായി അവശേഷിക്കുന്നു എന്നത് ഈ വർഷത്തെ മോർ യൂഹാനോന്റെ സ്മരണ നമ്മുടെ ജീവിതത്തെ കൂടുതൽ പ്രസക്തിയുള്ളതാക്കട്ടെ.

സെപ്തംബർ മാസം 1 മുതൽ 8 വരെ ദൈവമാതാവിന്റെ ജനനപെരുന്നാളിനോട് അനുബന്ധിച്ച് എട്ടുദിവസം നാം നോമ്പ് ആചരിക്കുന്നുണ്ടല്ലോ. ദൈവമാതാവിന്റെ നാമത്തിലുള്ള നോമ്പും പെരുന്നാളും മാതാവിന്റെ വിനയത്തിലേക്കും സമർപ്പണ അനുഭവത്തിലേക്കും നമ്മെ നയിക്കണം. ദൈവഹിതത്തിനനുസരിച്ചുള്ള ജീവിതത്തിനായി നമ്മെ സമർപ്പിക്കേണ്ടതുണ്ട്.

ആഗസ്റ്റ് 15 ന് 77-ാമത് ഇന്ത്യൻ സ്വാതന്ത്ര്യദിനം നാം ആചരിച്ചുവല്ലോ. സ്വാതന്ത്ര്യത്തോടെയും, സാഹോദര്യത്തോടെയും ജീവിക്കാനുള്ള അവകാശമുണ്ട്. ഇത് സാധ്യമാക്കേണ്ടത് പരസ്പര ബഹുമാനത്തോടെ ആയിരിക്കണം. നമ്മുടെ വ്യക്തി ജീവിതത്തിലും പരസ്പര ബഹുമാനവും സാഹോദര്യവും കാത്തു സൂക്ഷിക്കുവാൻ ഇടയാകണം.

അമേരിക്കയിൽവച്ചു നടന്ന നമ്മുടെ ഫാമിലി കോൺഫറൻസിൽ സംബന്ധിക്കുവാനായി നാം ഈ ദിവസങ്ങളിൽ അമേരിക്കയിൽ ആണ്. മൂന്ന് ദിവസങ്ങളിലായി നമ്മുടെ കുടുംബങ്ങളുടെ കൂട്ടായ്മയും, അവർക്ക് സമുദായത്തോടുള്ള ബന്ധവുമെല്ലാം നേരിട്ട് അനുഭവിക്കുവാൻ സാധിച്ചു. അതിനോടനുബന്ധിച്ച് അമേരിക്കയിലെ നമ്മുടെ വിവിധ ദൈവാലയങ്ങൾ സന്ദർശിക്കുവാനും ഇടയായി. ഈ കോൺഫറൻസ് വളരെ ശ്രേഷ്ഠമായ നിലയിൽ സംഘാടനമികവു കൊണ്ട് ഏറ്റവും അനുഗ്രഹമാക്കാൻ പരിശ്രമിച്ച എല്ലാവരേയും അനുമോദിക്കുന്നു. ക്നാനായ സമുദായത്തോട് എല്ലാവരും പുലർത്തുന്ന ആത്മാർത്ഥതയ്ക്കും, തീക്ഷ്ണതയ്ക്കും നന്ദി സമർപ്പിക്കുന്നു. തുടർന്നും ക്നാനായത്വം നമ്മുടെ കണ്ണിലെ കൃഷ്ണമണിപോലെ പരിപാലിക്കുവാൻ നമുക്ക് ഏവർക്കും സാധ്യമാകട്ടെയെന്ന് ആശംസിക്കുന്നു.

1 പത്രോസ് 2:9 ൽ രേഖപ്പെടുത്തിയിരിക്കുന്ന, 'നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവുമാകുന്നു' എന്ന വേദവാക്യം നമ്മെ കൂടുതൽ വിശ്വാസ ജീവിതത്തിലേക്ക് നയിക്കണം. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടതിനാൽ ലോകത്തോട് വേർപാട് പുലർത്തേണ്ടവരല്ല, ലോകത്തിൽ സജീവമായി ഇടപെട്ട് നിന്റെ രാജ്യംവരണമെ എന്ന പ്രാർത്ഥന യാഥാർത്ഥ്യമാക്കേണ്ടവരാണ് നാം എന്നത് ഉൾക്കൊണ്ട് ജീവിതത്തെ ക്രമീകരിക്കുവാൻ നമുക്ക് സാധിക്കണം. സമൂഹത്തോട് പ്രതിബദ്ധതയില്ലാത്ത ഒരു ആത്മീയത വേദപുസ്തകം ഘോഷിക്കുന്നില്ല എന്നത് ചിന്തിക്കുക. മാനവികതയിലും കരുണയിലും അധിഷ്ഠിതമായ ഒരു സാമൂഹിക വീക്ഷണമാണ് നമുക്ക് ഉണ്ടാകേണ്ടത്. യേശുവിന്റെ പരസ്യശുശ്രൂഷ ഈയൊരു സമൂഹനിർമ്മിതിയാണ് പ്രഘോഷിക്കുന്നത്. ആദിമസഭ ജാഗ്രതയോടെ ശ്രദ്ധവച്ചതും യേശുവിന്റെ ഈ മാതൃക പ്രാവർത്തികമാക്കാനാണ്. ആധുനിക സഭ ശ്രദ്ധവയ്ക്കേണ്ടതും ഇതിലാണ്. അതിന്റെ യാഥാർത്ഥ്യത്തിനായി നമുക്ക് ദൈവസന്നിധിയിൽ ആത്മാർത്ഥതയോടെ പ്രാർത്ഥിക്കാം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്ത**

# സമുദായ വാർത്തകൾ



 റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

കഴിഞ്ഞ ജൂലൈ മാസം സമുദായത്തിന്റെ രണ്ടു സ്ഥാപനങ്ങളുടെ ഉദ്ഘാടനം നടന്ന് പ്രവർത്തനം ആരംഭിച്ചു.

1. ക്നാനായ സമുദായത്തിന്റെ ഉടമസ്ഥതയിൽ കുറിച്ചി വനിതാമന്ദിരത്തിനോട് ചേർന്നുള്ള കെട്ടിടത്തിൽ ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി എന്ന വിദ്യാഭ്യാസ സ്ഥാപനം ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് മോർ സേവേറിയോസ് കുറിയാക്കോസ് ഉദ്ഘാടനം ചെയ്തു. സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, വികാരി ജനറാൾ വി. എ. ഏബ്രഹാം ഇളയശ്ശേരി, കോഡിനേറ്റർ വിഷ്ണു സജീവ് എന്നിവർ പ്രസംഗിച്ചു. ഇവിടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ലോജിസ്റ്റിക്സ് & ഷിപ്പിംഗ്, ഹോസ്പിറ്റാലിറ്റി, ട്രാവൽ ആൻഡ് ടൂറിസം, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ഓട്ടോ മൊബൈൽ മെയിന്റെനൻസ്, OET, IELTS, ജർമ്മൻ എന്നീ കോഴ്സുകൾ ആണ് ആരംഭിച്ചിരിക്കുന്നത്.

2. ക്നാനായ സമുദായത്തിന് വിപുലമായ ഒരു ബുക്ക് സ്റ്റോൾ സമുദായത്തിന്റെ പുതിയ ഷോപ്പിംഗ് കോംപ്ലക്സിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് മോർ സേവേറിയോസ് കുറിയാക്കോസ് കൂദാശ ചെയ്തു പ്രവർത്തനം ആരംഭിച്ചു. സമുദായത്തിലെ ദൈവാലയങ്ങൾക്ക് ആവശ്യമുള്ള മുഴുവൻ സാധനങ്ങളും അവിടുന്ന് ലഭിക്കുന്നതാണ്.

മലങ്കര സുറിയാനി ക്നാനായ സമുദായത്തെ ക്നാനായ കത്തോലിക്കാ സമുദായം എത്രമാത്രം ബഹുമാനിക്കുന്നു എന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് 6/7/2024 ൽ ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ്  മോർ സേവേറിയോസ് തിരുമേനിയേയും, ക്നാനായ സമുദായ സെക്രട്ടറിയെയും UKKCA യുടെ 21 -ാമത് കൺവൻഷന് ക്ഷണിച്ച് അവർ യു.കെ.യിൽ കൊണ്ടുപോയി വിശിഷ്ട അതിഥിയായി ആ മീറ്റിംഗ് ഉദ്ഘാടനം ചെയ്യുവാൻ സാധിച്ചത് 7/7/2024 ൽ സമുദായ മെത്രാപ്പോലീത്തായേയും സമുദായ സെക്രട്ടറിയേയും യൂറോപ്പിൽ മാഞ്ചസ്റ്റർ പള്ളിയിൽ സ്വീകരിക്കുകയും സമുദായമെത്രാപ്പോലീത്ത അവിടെ ദിവ്യബലി അർപ്പിക്കുകയും അതിനുശേഷം സമ്മേളനത്തിൽ യൂറോപ്പിലെ വിവിധ ദൈവാലയങ്ങളിൽ നിന്ന് വന്ന അസ്സോസിയേഷൻ അംഗങ്ങൾ ഉൾപ്പെടെ ആളുകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ യൂറോപ്യൻ ക്നാനായ കമ്മ്യൂണിറ്റി (EKC) എന്ന ഒരു സംഘടനയ്ക്ക് രൂപം കൊടുത്ത് ഒരു അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചു.

യൂറോപ്പിലുള്ള എല്ലാ ദൈവാലയങ്ങളിൽ നിന്നും ഇടവക അംഗങ്ങളുടെ മെമ്പർഷിപ്പിന്റെ അടിസ്ഥാനത്തിൽ അസ്സോസിയേഷൻ അംഗങ്ങൾ ഉൾപ്പെടെയുള്ള പള്ളി പ്രതിനിധികളെ തിരഞ്ഞെടുത്ത് സെന്റർ ഉണ്ടാക്കി നിശ്ചിത കാലയളവ് ഫിക്സ് ചെയ്ത് സെൻട്രൽ കമ്മിറ്റി രൂപീകരിക്കുന്നതാണ്. അതിനുള്ള രൂപരേഖ ക്നാനായ അസ്സോസിയേഷനിൽ പാസ്സാക്കി അവർക്ക് അയച്ചുകൊടുക്കുന്നതായിരിക്കും. (EKC ക്നാനായ സമുദായത്തിന്റെ ഭരണഘടനയ്ക്ക് അനുസൃതമായി സമുദായത്തിന്റെ കീഴിൽ ജനാധിപത്യ രീതിയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയായിരിക്കും എന്ന് യൂറോപ്പിലുള്ള എല്ലാ ക്നാനായ സമുദായ അംഗങ്ങളെയും അറിയിക്കുന്നു.

ഡാളസിൽ നടന്ന നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ സംഗമത്തിൽ പങ്കെടുക്കാൻ സമുദായ വലിയ മെത്രാപ്പോലീത്തായും, ക്നാനായ സമുദായ സെക്രട്ടറിയും, ക്നാനായ കമ്മിറ്റി അംഗങ്ങളായ തോമസുകുട്ടി തേവരുമുറിയിൽ, റ്റിജു ഏബ്രഹാം തോട്ടുപുറം, സാബു കണ്ണാടിപ്പുഴ, ഫാർമസി കോളജ് സെക്രട്ടറി പി.എ. ഏബ്രഹാം കുഴികണ്ടത്തിൽ എന്നിവർക്ക് അമേരിക്കയിൽ NAMKC യുടെ നേതൃത്വത്തിൽ നടന്ന 4 ദിവസത്തെ ക്നാനായ സംഗമത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ അഭിമാനവും അതിലേറെ സന്തോഷവുമുണ്ട്. സംഘടന മികവുകൊണ്ടും അമേരിക്കയിലെ എല്ലാ ദൈവാലയങ്ങളുടെ സാന്നിധ്യംകൊണ്ടും പ്രൗഢഗംഭീരമായ കൺവൻഷന് തുടക്കം കുറിച്ചു.

വിദേശ മലയാളികൾ ലോകത്തിനു മാതൃകയാകണമെന്നും മാതൃരാജ്യത്തെ മറക്കരുത് എന്നും ലോകം മുഴുവൻ ഉള്ള ക്നാനായ സമുദായാംഗങ്ങൾ ക്നാനായ സമുദായ ഭരണഘടന അനുസൃതമായി ഭരിക്കപ്പെടുമെന്നും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മ്യൂണിറ്റിയുടെ അമേരിക്കയിലെ ഡാളസ്സിൽ ഫിസ്ക്കോ ഹോട്ടൽ ആന്റ് കൺവൻഷൻ സെന്ററിലെ ക്നായിത്തൊമ്മൻ നഗറിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു. NAMKC പ്രസിഡന്റ് ജിജി ഇടവഴിക്കൽ അദ്ധ്യക്ഷത വഹിച്ചു. ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ മുഖ്യപ്രഭാഷണംനടത്തി. ഫാ. മർക്കോസ് ചാലുപറമ്പിൽ, അജയ് വാഴയ്ക്കൽ, ഡീ. അജിഷ് പഴയാറ്റ്, ഫാ. പ്രസാദ് കോവൂർ, ഫാ. റെന്നി ഏബ്രഹാം കിഴക്കേതിൽ, ഫാ. ബിജു ആരമ്മാംമൂട്ടിൽ, ബാലു മാലത്തുശ്ശേരി, മിനു ഇരണയ്ക്കൽ, തോമസ് ചാലുപറമ്പിൽ, സാബു കണ്ണാട്ടിപ്പുഴ, പി.എ. ഏബ്രഹാം കുഴികണ്ടത്തിൽ, റ്റിജു ഏബ്രഹാം തോട്ടുപുറം, തോമസുകുട്ടി തേവരുമുറി എന്നിവർ പ്രസംഗിച്ചു. ആയിരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വർണ്ണശബളമായ റാലിയും നടത്തി. വിവിധ തരത്തിലുള്ള കലാപരിപാടികളും സെമിനാറുകളും സ്പോർട്സ് കോമ്പറ്റീഷൻസ് ഉൾപ്പെടെ അമേരിക്കയിലുള്ള വിവിധ ദൈവാലയങ്ങളിൽ നിന്നും യുവാക്കന്മാരും യുവതികളും അടക്കമുള്ള വൻ ജനാവലി സംബന്ധിച്ചു. സമ്മാനദാന ചടങ്ങുകളോടെ നാലുദിവസം നീണ്ടുനിന്ന കൺവൻഷൻ സമാപിച്ചു.

അമേരിക്കൻ പര്യടനത്തിന്റെ ഭാഗമായി സമുദായ വലിയ മെത്രാപ്പോലീത്തായും, സമുദായ സെക്രട്ടറിയും അമേരിക്കയിലുള്ള ഡാളസ് ദൈവാലയം സന്ദർശിക്കുകയും അവിടെ സന്ധ്യാപ്രാർത്ഥനയും പൊതുസമ്മേളനവും

നടത്തി. സമുദായ വലിയമെത്രാപ്പോലീത്തായെയും, സമുദായ സെക്രട്ടറിയെയും ഇടവകജനം വർണ്ണശബളമായ സ്വീകരണം നൽകി ആദരിച്ചു.

പിന്നീട് അമേരിക്കൻ പര്യടനത്തിന്റെ ഭാഗമായി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ എന്നിവരെ 24-07-2024 ൽ ഹൂസ്റ്റൺ ഹോബി എയർപോർട്ടിൽ ബഹു. പ്രസാദ് കോവൂർ കൊറെപ്പിസ്കോപ്പാ, മോഹൻ മാലത്തുശ്ശേരി, കൊച്ചുമോൻ മണക്കാട്ട്, എബി കുറ്റിയിൽ, ബിജു കുഴിക്കാട്ട്, ബെന്നി തെക്കേമുഴിപ്പാറ, ജെയിക്കബ് ജസ്റ്റിൻ കോവൂർ, രാജു ചെരുവുപറമ്പിൽ എന്നിവർ ചേർന്ന് സ്വീകരിച്ചു.

ഹൂസ്റ്റൻ സെന്റ് ജയിംസ് ക്നാനായ ദൈവാലയത്തിലേക്ക് എഴുന്നെള്ളി വന്ന ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിക്കും, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലിനും ഇടവക സ്വീകരണം നൽകി. വി.കുർബ്ബാനയ്ക്കുശേഷം ഹൂസ്റ്റൺ സെന്റ് ജയിംസ് ക്നാനായ ദൈവാലയം പുതുതായി നിർമ്മിച്ച പാരീഷ്ഹാളിന്റെ ഉദ്ഘാടനവും കൂദാശയും നടത്തുന്നതിനുവേണ്ടി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലിനെയും ഫാ. പ്രസാദ് കോവൂർ കോറെപ്പിസ്കോപ്പായും, ഡീ. അജീഷ് പഴയാറ്റ്, ഉൾപ്പെടെയുള്ള ഇടവക ജനങ്ങളുടെയും നേതൃത്വത്തിൽ വാദ്യമേളങ്ങളുടെ അകമ്പടിയോടുകൂടി സ്വീകരിച്ച് പാരീഷ്ഹാളിലേക്ക് ആനയിച്ച് കൂദാശാ കർമ്മം നിർവ്വഹിച്ചു.

പിന്നീട് 31/07/2024-ൽ ഹാർട്ട് ഫോർഡ് ദൈവാലയത്തിന്റെ ക്ഷണം അനുസരിച്ച് ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തായെയും, സമുദായ സെക്രട്ടറിയെയും ബോസ്റ്റൺ ലോഗൻ ഇന്റർനാഷണൽ എയർപ്പോർട്ടിൽ ഹാർട്ട്ഫോഡ് സെന്റ്മേരീസ് ദൈവാലയത്തിന്റെ വികാരി റവ.ഫാ. മർക്കോസ് ചാലുപറമ്പിൽ, NAMKC വൈസ് പ്രസിഡന്റ് തോമസ് ചാലുപറമ്പിൽ, അസ്സോസിയേഷൻ മെമ്പേഴ്സ് ആയ ലാലു മടുക്കമൂട്ടിൽ, സജി കങ്ങഴ, സജി ഐക്കാട്ട് മണ്ണിൽ, ബാബുകുട്ടൻ കുന്നുപറമ്പിൽ, സന്തോഷ് മൂലേത്തറ, പ്രസാദ് വടവുപറമ്പിൽ, മാത്തുക്കുട്ടി കാലായിൽ എന്നിവർ ചേർന്ന് സ്വീകരിച്ചു. 2/08/2024-ൽ ബോസ്റ്റൺ സെന്റ് സ്റ്റീഫൻ പള്ളിയുടെ ക്ഷണം അനുസരിച്ച് സന്ധ്യാ പ്രാർത്ഥന നടത്തുകയും 03/08/2024-ൽ ഹാർട്ട് ഫോർഡ് ദൈവാലയത്തിലെ വി. കുർബ്ബാനയ്ക്കുശേഷം തമ്പാ സെന്റ്മേരീസ് ദൈവാലയത്തിന്റെ ക്ഷണം അനുസരിച്ച് തമ്പായിലേക്ക് ഹാർട്ട്ഫോർഡ് BDL ഇന്റർനാഷണൽ എയർപോർട്ടിൽനിന്നും യാത്രയായി.

തമ്പാ സെന്റ്മേരീസ് ദൈവാലയത്തിന്റെ ക്ഷണം സ്വീകരിച്ച് ഹാർട്ട് ഫോർഡിൽ നിന്ന് തമ്പായിൽ എത്തിച്ചേർന്ന ക്നാനായ സമുദായ മെത്രാപ്പോലീത്ത മോർ സേവേറിയോസ് കുറിയാക്കോസ് മെത്രാപ്പോലീത്തയേയും, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിലിനെയും തമ്പാ സെന്റ് മേരീസ്പള്ളി വികാരി ഫാ.ജോസഫ് എം. കുരുവിള മാതാംപറമ്പിലിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. 4/8/2024-ൽ തമ്പാ സെന്റ്മേരീസ് ദൈവാലയത്തിൽ വി. കുർബ്ബാനയ്ക്ക് ശേഷം വൈകിട്ട് തമ്പാ സെന്റ് ജോർജ്ജ് ക്നാനായ ദൈവാലയത്തിൽ സന്ധ്യാ പ്രാർത്ഥന നടത്തി.

അവിടെനിന്നും ഡിട്രോയിറ്റ് ക്നാനായ ദൈവാലയം, ഷിക്കാഗോ ക്നാനായ ദൈവാലയം, ഫിലാഡൽഫിയ ക്നാനായ ദൈവാലയം, ന്യൂ ജേഴ്സി ക്നാനായ ദൈവാലയം, ലോങ് ഐലന്റ് ക്നാനായ ദൈവാലയം എന്നിവ സന്ദർശിച്ചതിനുശേഷം 19/8/2024-ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തും.


അമേരിക്കയിലെ ദൈവാലയങ്ങളിൽ സന്ദർശിച്ചപ്പോൾ അവർ നൽകിയ ഊഷ്മളമായ സ്വീകരണത്തിനും സ്നേഹ ആദരവുകൾക്കും ക്നാനായ സമുദായത്തിന്റെ നന്ദി അമേരിക്കൻ ക്നാനായ സമുദായ അംഗങ്ങളെ നന്ദിയോടെ അറിയിക്കുന്നു. സമുദായ മെത്രാപ്പോലീത്തായും, സമുദായ സെക്രട്ടറിയും സ്ഥലത്ത് ഇല്ലാത്ത സമയത്ത് വൈദിക കൗൺസിലിനെയോ, ക്നാനായ കമ്മിറ്റിയെയോ അറിയിക്കാതെ പെരുമഴയത്ത് പ്രാർത്ഥനായജ്ഞം എന്ന പേരിൽ പ്ലാക്കാർഡും പിടിച്ച് സ്വയം അപഹാസ്യരാകാൻ ചിങ്ങവനം മോർ അപ്രേം സെമിനാരിയുടെ മുൻപിൽ ഏതാനും ചില വൈദികരും അവരുടെ പുറകേ സഹായമെത്രാന്മാരും എത്തിയത് ക്നാനായ സമുദായത്തെ മറ്റു ക്രൈസ്തവസഭകളുടെ ഇടയിൽ അപമാനിക്കുകയാണ് ഉണ്ടായത് എന്നുള്ളതിന് സംശയമില്ല. ക്നാനായ സമുദായത്തിലെ വിഷയങ്ങൾ പറഞ്ഞു തീർക്കുന്നതിന് ക്നാനായ കമ്മിറ്റിയും സമുദായ നേതൃത്വവും എപ്പോഴും തയ്യാറാണ്. അതിനുപകരം മറ്റു ക്രൈസ്തവ സഭകളുടെ മുമ്പിൽ ക്നാനായ സമുദായത്തെ അപകീർത്തിപ്പെടുത്തുന്നതിനോട് യോജിക്കുവാൻ നിവൃത്തിയില്ല.

ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തായെ ക്നാനായ അസ്സോസിയേഷൻ തിരഞ്ഞെടുത്തതാണ്. ആ സ്ഥാനത്തുനിന്നും മാറ്റി സഹായ മെത്രാനെ സമുദായ മെത്രാപ്പോലീത്താ ആക്കി അവരോധിക്കുവാനുള്ള പാത്രിയാർക്കീസ്ബാവായുടെ നീക്കത്തെ യാതൊരു കാരണവശാലും ക്നാനായ സമുദായം അംഗീകരിക്കുന്നതല്ല. പാത്രിയാർക്കീസ്ബാവാ വാദിയായി സമുദായ മെത്രാപ്പോലീത്തായെ പ്രതിയാക്കി കോടതിയിൽ കേസുകൾ കൊടുക്കുന്ന ഈ നീക്കത്തിൽനിന്നും സഹായ മെത്രാന്മാർ പിന്മാറണം. കേസ് നടത്തുന്നതിന് സമുദായത്തിനുണ്ടാകുന്ന ഭാരിച്ച ചിലവുകൾക്ക് ഉത്തരവാദി സഹായ മെത്രാച്ചന്മാരാണ്. കേസുകളിൽനിന്നും അവർ പിന്മാറി സമുദായത്തിലെ വിഷയങ്ങൾ ഭരണഘടനയ്ക്ക് അനുസൃതമായി സെറ്റിൽ ചെയ്യുന്നതിന് അവർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ പ്രതിസന്ധികൾക്കിടയിലും സമുദായത്തിലെ നിർധനരും, ഭവനരഹിതരുമായ ജനങ്ങൾക്കുവേണ്ടി റാന്നി മോതിരവയലിൽ 22 പാർപ്പിടങ്ങൾ നിർമ്മിച്ച് നൽകുന്ന *ഏഴില്ലം പ്രോജക്ടിന്റെ* ഭാഗമായുള്ള ആദ്യ വീടിന്റെ കട്ടളവെയ്പ്പ് കർമ്മം ബഹുമാനപ്പെട്ട ഫാ. കൊച്ചുമോൻ തോമസ് നിർവഹിച്ചു.

ക്നാനായ കമ്മിറ്റി മെമ്പർ റ്റിജു ഏബ്രഹാം തോട്ടുപുറത്ത്, അസ്സോസിയേഷൻ അംഗങ്ങളായ തോമസുകുട്ടി മറ്റയ്ക്കാട്ട്, സണ്ണി ഇടയാടി, സാബു പാരുമല, ബാബുജി പാരുമല, ബാബു ഇടയാടി എന്നിവർ പങ്കെടുത്തു. രണ്ടു മാസത്തിനകം ആദ്യത്തെ വീടിന്റെ താക്കോൽദാന കർമ്മം നടത്തുവാൻ കഴിയുമെന്ന് ദൈവത്തിൽ ശരണപ്പെടുന്നു.

ക്നാനായ കമ്മിറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**



താങ്ങാകാം,
തണലാകാം
വയനാടിനായ്
കൈ കോർക്കാം
പ്രാർത്ഥിക്കാം
വയനാട് ദുരന്തത്തിൽ
മരിച്ചവർക്ക്
ആദരാഞ്ജലികൾ

# ഓർമ്മയുടെ കാൽനൂറ്റാണ്ട്

## വെരി. റവ.ഡോ.എം.കെ. തോമസ് കോറെപ്പിസ്കോപ്പ (മണലിത്ര അച്ചൻ) അനുസ്മരണം

ഫാ. മാത്യു കുരുവിള, എരുത്തിപ്പാട്ട്

'മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്നവനെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും' (മത്താ. 10:32).



യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളാകുന്ന വിശുദ്ധ കുർബ്ബാന കൈകളിൽ എടുത്ത് ആഘോഷിക്കുന്നതിനുള്ള വിളിയും നിയോഗവും ലഭിച്ചവരാണ് പുരോഹിതർ.

പരിശുദ്ധനായ പൗലോസ്ശ്ലീഹാ പറയുന്നു മനുഷ്യരുടെ ഇടയിൽ നിന്ന് എടുക്കുന്ന ഏത് മഹാപുരോഹിതനും പാപങ്ങൾക്കായി വഴിപാടും യാഗവും അർപ്പിക്കാൻ ദൈവകാര്യത്തിൽ മനുഷ്യർക്കുവേണ്ടി നിയമിക്കപ്പെടുന്നു. എന്നാൽ അഹറോനെപോലെ ദൈവം വിളിക്കുന്നവൻ അല്ലാതെ ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല (എബ്രാ.5:1-4). വിശുദ്ധ ബലിയർപ്പിക്കുന്നതിനായി പുരോഹിതൻ ബലിപീഠത്തിലേക്ക് കയറുന്നതിനു മുമ്പായി ഇങ്ങനെ പ്രാർത്ഥിക്കുന്നു: തന്റെ ആട്ടിൻകൂട്ടത്തിനുവേണ്ടി ബലിയായി തീർന്ന ഉത്തമ ഇടയനായുള്ളോവേ നിനക്കു സ്തുതി ഭൂമിയിലെ നിന്ദ്യപുഴിയായെന്നെ തിരുനിവാസസ്ഥാനത്ത് പ്രവേശിക്കുവാൻ കരുണയോടെ അർഹനാക്കി തീർക്കുകയും നിന്റെ ശ്രേഷ്ഠതയുടെ മഹാവിശുദ്ധ സ്ഥലമാകുന്ന മഹോന്നതങ്ങളിലേക്ക് എന്നെ ഉയർത്തുകയും നിന്നെ സ്തുതിക്കുന്നവരായ ക്രോബാൻമാരുടെയും നിനക്ക് കാദിശ് പാടുന്നവരായ സ്രോപ്പേന്മാരുടെയും ഗണത്തിൽ എന്നെ ചേർക്കുകയും ചെയ്തതിനാൽ ദൈവമേ നിന്നെ ഞാൻ സ്തോത്രം ചെയ്യുന്നു.

പൗരോഹിത്യ ശുശ്രൂഷയിലേക്ക് 1959 ജൂൺ 6-ന് തന്റെ ഇരുപത്തിമൂന്നാം വയസ്സിൽ അഭി. എബ്രഹാം മാർ ക്ലീമീസ് തിരുമേനിയുടെ കൈവെയ്പ്പിനാൽ കശീശ്ശാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട തെങ്ങേലി മണലിത്ര ബഹു. എം.കെ. തോമസ് കശീശ്ശായുടെ പ്രാർത്ഥനാ ജീവിതത്തെക്കുറിച്ചും പരിശുദ്ധാത്മ നിറവിൽ ഉള്ള ആരാധന, ഉപവാസ അനുഷ്ഠാനത്തെക്കുറിച്ചും പലരിൽ നിന്നും സാക്ഷ്യം എന്നുള്ള നിലയിൽ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബഹു. അച്ചന്റെ പ്രാർത്ഥനാ വരത്താൽ അനേകർക്ക് രോഗസൗഖ്യവും പ്രതിസന്ധികളിൽ ആശ്വാസം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ആ കാലഘട്ടത്തിൽ തെങ്ങേലി എന്ന സ്ഥലം തന്നെ അച്ചനിലൂടെ പ്രസിദ്ധമാവുകയും 'തെങ്ങേലി അച്ചൻ' എന്ന് ഇന്നും അച്ചൻ അറിയപ്പെടുന്നു. ബഹു. അച്ചന്റെ ആകാര സൗഷ്ഠവവും ഗാംഭീര്യമുള്ള ശബ്ദവും വാക്ചാതുര്യവും എന്നെ ഏറെ ആകർഷിച്ചിട്ടുണ്ട്.

കോട്ടയം പഴയസെമിനാരിയിൽ നിന്ന് ബി.ഡി. ബിരുദവും അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ നിന്ന് വേദശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ബഹു. അച്ചൻ നേടുകയുണ്ടായി. 1987 ൽ അഭി. ക്ലീമീസ് മെത്രാപ്പോലീത്ത അച്ചനെ കോറെപ്പിസ്ക്കോപ്പാ സ്ഥാനത്തേയ്ക്ക് ഉയർത്തി. ക്നാനായ സമുദായത്തിൽ വികാരി ജനറൽ, ഭദ്രാസന സെക്രട്ടറി, യുവജനസമാജം പ്രസിഡന്റ്, ക്നാനായ സുവിശേഷസമാജം വൈസ്പ്രസിഡന്റ്, സൺഡേസ്കൂൾ ഡയറക്ടർ എന്നീ നിലകളിലെല്ലാം അച്ചൻ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1998 ൽ അമേരിക്കയിലെ പഠനം പൂർത്തീകരിച്ച് നാട്ടിൽ തിരികെ വന്ന് ക്നാനായ സമുദായത്തിന് ഒരു വൈദിക സെമിനാരി ഉണ്ടാകണമെന്ന ആഗ്രഹത്തോടെ 'Knanaya Logos Theological Seminary' എന്ന നാമധേയത്തിൽ വേദശാസ്ത്ര പഠനകേന്ദ്രം ആരംഭിക്കുകയും ആയതിനായി ദയറാപള്ളിയുടെ കിഴക്ക് ഭാഗത്തുള്ള വീടോടുകൂടിയ പുരയിടം വാങ്ങുകയും അതിനാവശ്യമായ പണം മുഴുവൻ ബഹു. അച്ചൻ സമാഹരിച്ച് നൽകുകയും ചെയ്തതാണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥാപനത്തിൽ ഞങ്ങൾ 11 വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് അവസരം ലഭിച്ചത് ഏറെ സന്തോഷത്തോടെ ഓർക്കുന്നു. വന്ദ്യ മണലിത്ര അച്ചനോടൊപ്പം വന്ദ്യരായ പുളിക്കാവിൽ പി.എം. മാത്യു കോറെപ്പിസ്ക്കോപ്പ, ചിറയിൽ എം.എ. കുറിയാക്കോസ് കോറെപ്പിസ്ക്കോപ്പാ, കാക്കാംപറമ്പിൽ കെ.ടി. മാത്യൂസ് കശ്ശീശാ, കൊച്ചുതാഴത്ത് കെ.ജെ. ജേക്കബ് കശീശ്ശാ എന്നിവരും ക്ലാസ് എടുത്തിരുന്നു. ഞങ്ങളുടെ താമസത്തിനും ഭക്ഷണത്തിനുമുള്ള സാമ്പത്തിക ചെലവ് മുഴുവനും ബഹു. മണലിത്ര അച്ചനാണ് വഹിച്ചതെന്നുള്ള കാര്യവും നന്ദിയോടെ സ്മരിക്കുന്നു. ഈ സ്ഥാപനം മുമ്പോട്ട് നടത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ നേരിട്ടതിനാൽ 10 മാസങ്ങൾക്ക് ശേഷം തുടർപഠനത്തിനായി മറ്റ് സെമിനാരികളിലേക്ക് ഞങ്ങളെ അയക്കുകയും ചെയ്തു. തുടർന്നുള്ള ഞങ്ങളുടെ പഠനത്തിന് ഒരു നല്ല അടിത്തറ ഒരുക്കുവാൻ ബഹു. അച്ചന്റെ ഈ സ്ഥാപനത്തിലൂടെ ഇടയായി എന്നുള്ളത് ഏറെ നന്ദിയോടെ ഓർക്കുന്നു. 1999 സെപ്തംബർ 6 ന് വന്ദ്യ അച്ചൻ താൻ പ്രിയംവച്ച ദൈവസന്നിധിയിലേയ്ക്ക് വാങ്ങിപ്പോയി. 2024 സെപ്തംബർ 6 ന് വന്ദ്യ മണലിത്ര ഡോ. എം. കെ. തോമസ് കോറെപ്പിസ്ക്കോപ്പായുടെ 25-ാം ചരമ വാർഷികം ആചരിക്കുമ്പോൾ ആ നല്ല ഓർമ്മയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ഇന്നത്തെ ചിന്താവിഷയം

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ സമുദായ ട്രസ്റ്റി)

മനുഷ്യന്റെ ചിന്താധാരയെ ഉദാത്തമായ ആശയങ്ങൾ കൊണ്ട് പാകപ്പെടുത്തി വെളിച്ചത്തിന്റെ പ്രഭാതത്തിലേക്കു നയിക്കുന്നതിൽ മലയാള മനോരമ ദിനപത്രത്തിന്റെ ഇന്നത്തെ ചിന്താവിഷയം എന്ന ഞായറാഴ്ച പംക്തി വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. വായനക്കാരുടെ മനം കവർന്ന പ്രസ്തുത പംക്തികളുടെ രചയിതാവ് ഫാ. ഡോ. റ്റി. ജെ. ജോഷ്വാ കഴിഞ്ഞദിവസം കാലയവനികയ്ക്കുള്ളിൽ വിലയം പ്രാപിച്ച വിവരം നമുക്കറിയാമല്ലോ. അദ്ദേഹത്തിന്റെ അനശ്വര സ്മരണകൾക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

സമ്പന്നമായ ജീവിതാനുഭവങ്ങളുടെയും ദർശനത്തിന്റെയും അടിസ്ഥാനത്തിലാണ് ചിന്താവിഷയം രൂപപ്പെടുത്തിയിരുന്നത്. വി.വേദപുസ്തകത്തിന്റെ സനാതന സത്യദർശനത്തോട് അവയോരോന്നും ഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. സാരോപദേശകഥകളും സംഭവങ്ങളും സാക്ഷ്യങ്ങളും കൊണ്ട് മലയാളികളുടെ ചിന്താസരണിയെ സമ്പന്നമാക്കുന്നതിൽ ഈ പംക്തികൾ വളരെ പ്രയോജനകരമായിരുന്നു. ആകുലതകളും ആശങ്കകളുമായി ജീവിക്കുന്ന നിരവധിയാളുകളെ നിരാശയിൽ നിന്ന് പ്രത്യാശയുടെ പച്ചയായ പുൽപ്പുറങ്ങളിലേക്കു നയിക്കുവാൻ ഒരു പരിധിവരെ അദ്ദേഹത്തിന്റെ കൃതികൾ ജനഹൃദയങ്ങളിൽ സ്വാധീനം ചെലുത്തിയിരുന്നു. ക്നാനായ സമുദായത്തിലെ തന്നെ ചില വൈദികരുടെ ഗുരുസ്ഥാനം അലങ്കരിച്ചിട്ടുള്ള അച്ചൻ എഴുത്തുകാരനും പ്രഭാഷകനും വേദശാസ്ത്ര പണ്ഡിതനും എക്യുമിനിക്കൽ പ്രസ്ഥാനത്തിന്റെ വക്താവുമായിരുന്നു. യേശു ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ കാതൽ പച്ചയായ ജീവിതഗന്ധിയായി പല ഉപമകളിലൂടെയും കഥകളിലൂടെയും അദ്ദേഹം വളരെ സരളവും ലളിതവുമായി അവതരിപ്പിച്ചു.

വളരെ കാലിക പ്രസക്തിയുള്ള അദ്ദേഹത്തിന്റെ ഒരു ലേഖനം ഈ അവസരത്തിൽ നമ്മുടെ ചിന്തയ്ക്കായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. അത് മൊബൈൽ ഫോണിന്റെ ഉപയോഗവും ദുരുപയോഗവും സമൂഹത്തിൽ ഉണ്ടാക്കുന്ന സ്വാധീനമാണ്. ഇന്ന് മൊബൈൽ ഫോണിന്റെ ഉപയോഗം സാർവ്വത്രികമാണ്. പ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ കൈയ്യിലും ഒരു മൊബൈൽ ഫോൺ കാണാം. വഴി നടക്കുന്ന പലരും ഈ സാധനം ചെവിയോടു ചേർത്തു പിടിച്ച് സൈ്വര്യസല്ലാപം ചെയ്തുപോകുന്നതു വിരളമല്ല. വാഹനം ഓടിക്കുമ്പോൾ ഇതു വിലക്കിയിട്ടുണ്ടെങ്കിലും അനേകരും ഒരു കൈയ്യിൽ ഫോൺ പിടിച്ചുകൊണ്ട് സംസാരിക്കുന്നതും വാഹനം ഓടിക്കുന്നതും കാണാം. വിശുദ്ധസ്ഥലമായ പള്ളിയുടെ മദ്ബഹായിലും ഇതുമായി പ്രവേശിച്ച് സംസാരിക്കുന്ന ചുരുക്കം ആളുകളും ഉണ്ട്. ഫോണിൽ കൂടി പരിചയപ്പെട്ടു നടത്തുന്ന വിവാഹങ്ങളും കുറവല്ല. തുടർന്നു വിവാഹമോചനത്തിന്റെ കഥയും കേൾക്കും.


ഫോൺമൂലം സൗകര്യങ്ങൾ ഏറെയുണ്ട്. ഇപ്പോൾ ലോകത്തിന്റെ ഏതു ഭാഗത്തു പാർക്കുന്നവരായാലും മുഖാമുഖം സംസാരിക്കാൻ സാധിക്കുന്നു. എന്നാൽ ഇതിന്റെ ദുരുപയോഗമാണ് ഇന്ന് ബന്ധങ്ങൾ ശിഥിലമാക്കുന്നത്. വ്യക്തികളുടെ സ്വകാര്യതയെ ഹനിക്കുന്നതും വ്യക്തിഹത്യ നടത്താനും എല്ലാം ഇതിനെ പലപ്പോഴും ഉപയോഗിക്കുന്നു. പലരും മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നതുപോലെ ഫോണിന്റെ അടിമകളായി മാറുന്നു.

ഒരു അദ്ധ്യാപിക സ്വാനുഭവം രേഖപ്പെടുത്തിയിരിക്കുന്നതു വായിക്കുകയുണ്ടായി. അവർ ഭവനത്തിൽവച്ച് ഒരു രാത്രിയിൽ വിദ്യാർത്ഥികളുടെ ഹോംവർക്ക് വായിച്ചു പരിശോധിക്കുകയായിരുന്നു. ഞാൻ ഇക്കാര്യത്തിൽ വ്യാപൃതയായിരിക്കുമ്പോൾ എന്റെ ഭർത്താവു സമീപത്തിരുന്ന് അദ്ദേഹത്തിന് ഏറ്റവും ഇഷ്ടപ്പെട്ട ഫോണിൽ കൂടിയുള്ള പ്രയോഗത്തിലാണ്. ഞാൻ ഒരു വിദ്യാർത്ഥിയുടെ രചന വായിച്ചപ്പോൾ എന്റെ കണ്ണ് ഈറനണിഞ്ഞു. നീ എന്തിനാണ് കരയുന്നത് എന്നു ഭർത്താവ് ചോദിച്ചു. അപ്പോൾ ഞാൻ പറഞ്ഞു ഇന്നലെ എന്റെ ക്ലാസ്സിലെ കുട്ടികൾക്കു ഞാൻ ഒരു ഹോംവർക്ക് നൽകി. അവരുടെ ഭാഷയും ഭാവനയും ശക്തിപ്പെടുത്തുന്നതിനായിരുന്നു. നൽകിയ വിഷയം "ഞാൻ ആഗ്രഹിക്കുന്നത്" എന്നതായിരുന്നു. ഭർത്താവ് ചോദിച്ചു. ഇപ്പോൾ നീ എന്തിനാണു കണ്ണീർ പൊഴിക്കുന്നത്. ഇതു പറയുമ്പോഴും അദ്ദേഹം തന്റെ ഫോണുമായുള്ള ഉദ്യമത്തിൽ വ്യാപൃതനായിരുന്നു. ഞാൻ പറഞ്ഞു ഒരു കുട്ടിയുടെ രചന വായിച്ചപ്പോഴാണ് ഞാൻ കരഞ്ഞുപോയത്. ഞാൻ അതു വായിക്കാം. എന്റെ കണ്ണുനീരു തുടച്ചശേഷം ഞാൻ വായിച്ചു.

"എന്റെ മാതാപിതാക്കൾ അവരുടെ ഫോണിനെയാണ് ഏറ്റവും സ്നേഹിക്കുന്നത്. അതു വളരെ സൂക്ഷ്മതയോടെ സൂക്ഷിച്ചുവയ്ക്കുന്നു. പക്ഷേ എന്റെ കാര്യത്തിൽ അവർ ശ്രദ്ധിക്കാറില്ല. എന്റെ പിതാവ് ജോലിസ്ഥലത്തുനിന്നു വീട്ടിൽ എത്തിയാൽ അദ്ദേഹത്തിനു ഫോണുമായിട്ടാണ് ചെലവിടാൻ താല്പര്യം. എന്റെ മാതാപിതാക്കൾ എന്തെങ്കിലും ജോലിയിൽ വ്യാപൃതരായിരിക്കുമ്പോൾ അവരുടെ ഫോൺ ശബ്ദിച്ചാൽ തൽക്ഷണം അതെടുത്തു സംസാരിക്കും. എന്നാൽ ഞാൻ എന്തെങ്കിലും ചോദിക്കുകയോ പറയുകയോ ചെയ്താൽ ഗൗനിക്കാറില്ല. അവർക്കു ഫോണുമായി സല്ലപിക്കാൻ സമയവും താൽപര്യവുണ്ട്. എന്നെ കേൾക്കാനോ, സംസാരിക്കാനോ അവർക്കു കാര്യമായ താല്പര്യമോ സമയമോ ഇല്ല. അതുകൊണ്ട് എന്റെ ആഗ്രഹം ഒരു സ്മാർട്ട് ഫോൺ ആകണം എന്നാണ്. ഇത്രയും കേട്ടപ്പോൾ എന്റെ ഭർത്താവും കണ്ണു തുടച്ചു. എന്നിട്ടു ചോദിച്ചു ഇപ്രകാരം എഴുതിയിരിക്കുന്ന കുട്ടി ആരാണ്? അവന്റെ പേര് എന്താണ്? ഞാൻ മറുപടി പറഞ്ഞു. നമ്മുടെ മകൻ തന്നെ. ഇരുവരും നെടുവീർപ്പിട്ടു. പരസ്പരം നോക്കി മൗനമായിരുന്നു. തിരുത്തലിന്റെ ഒരു തീരുമാനത്തിലേക്കുവരാൻ അതവരെ പ്രേരിപ്പിച്ചു.

കുടുംബബന്ധങ്ങൾ ഉലയാതെ പരസ്പരം ആശയവിനിമയം നടത്തി സ്നേഹവാത്സല്യങ്ങൾ കൈമാറേണ്ടത് അനിവാര്യമായ ഒന്നാണ്. ചിലർക്കു ഫോൺ എങ്കിൽ മറ്റു ചിലർക്കു ടി.വി. ആയിരിക്കും ഹരമായിട്ടുള്ളത്. മക്കളുമായി സമയം ചെലവിടണം. അവരുടെ പഠനത്തെ സംബന്ധിച്ചും അവർക്കു താല്പര്യമുള്ള മറ്റു വിഷയങ്ങളെക്കുറിച്ചും അവരുമായി സംസാരിക്കുമ്പോൾ അവരുടെ ആത്മവിശ്വാസം വർദ്ധിക്കുകയും ബന്ധങ്ങൾ തരളിതമാവുകയും ചെയ്യും. ഇത് കുടുംബ ഭദ്രതയ്ക്ക് കൂടുതൽ സഹായകരമാകും. ●

# പ്രശസ്തമായ ലെയ്ഡ്‌ലോ സ്കോളർഷിപ്പ് കരസ്ഥമാക്കിയ ക്യാൻഡസ് സാറ സിജുവിന് അഭിനന്ദനങ്ങൾ



സ്കോട്‌ലൻഡ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ലെയ്ഡോ ഫൗണ്ടേഷന്റെ 'ലെയ്ഡ്‌ലോ ലീഡർഷിപ്പ് ആൻഡ് റിസർച്ച് പ്രോഗ്രാം സ്കോളർഷിപ്പ് തിരുവല്ല കറ്റോട് സെന്റ് മേരീസ് ക്നാനായ ഇടവകയിൽ പച്ചംകുളത്ത് സിജു കുര്യന്റെയും ടിറ്റിയുടേയും മകൾ ക്യാൻഡസ് സാറ സിജു കരസ്ഥമാക്കിയ സന്തോഷം അഭിമാനപൂർവം നിങ്ങളുമായി പങ്കുവെയ്ക്കുന്നു. ബിരുദതലത്തിൽ പഠനത്തിൽ മികവ് പുലർത്തുന്ന സമർത്ഥരായ 25 വിദ്യാർത്ഥികളെ മാത്രം തെരഞ്ഞെടുത്ത് സ്വതന്ത്രമായ സ്വയം ഗവേഷണത്തിനും നേതൃത്വ പാടവങ്ങൾക്കും പരിശീലനം നൽകുന്ന ഈ പ്രോഗ്രാം ഏതാണ്ട് 16 മാസ കാലയളവുകൊണ്ടാണ് പൂർത്തിയാക്കേണ്ടത്.

ബ്രിട്ടീഷ് ഹൗസ് ഓഫ് ലോർഡ്സിലെ അംഗമായിരുന്ന പ്രശസ്തനായ സ്കോട്ടിഷ് ബിസിനസുകാരൻ 'ലെയ്ഡ്‌ലോ പ്രഭു' എന്ന ഇർവിൻ അലൻ സ്റ്റുവർട്ട് ലെയ്ഡ്‌ലോ തുടങ്ങിവച്ച ഈ സ്കോളർഷിപ്പ് പ്രസ്ഥാനം ലോകത്തിലെ മികച്ച പഠന പ്രോത്സാഹന പദ്ധതികളിൽ ഒന്നായി അറിയപ്പെടുന്നു. ലോകത്തിലെ ഏറ്റവും മികച്ച 23 യൂണിവേഴ്സിറ്റികളിൽ മാത്രം ലഭ്യമാക്കിയിരിക്കുന്ന ഈ സ്കോളർഷിപ്പ് നേടിയെടുക്കാൻ കഠിനപ്രയത്നവും സ്ഥിരോത്സാഹവും ആവശ്യമാണ്. മികച്ച നേതൃപാടവവും, വിജ്ഞാനവും, പ്രവർത്തന ശേഷിയും ഉള്ള ഒരു യുവതലമുറയെ ആഗോളതലത്തിൽ വാർത്തെടുക്കുക എന്നതാണ് ദീർഘദൃഷ്ടികളായ ലെയ്ഡ്‌ലോ ഫൗണ്ടേഷന്റെ അമരക്കാരുടെ ലക്ഷ്യം.

ഈ വർഷത്തെ സ്കോളർഷിപ്പിന് അർഹത നേടുവാനായതിൽ ക്യാൻഡസും കുടുംബവും ദൈവത്തിനു നന്ദി പറയുന്നു. " Faith in Action: Examining Synergies Between Faith-Based Organizations and Interfaith Alliances for Philanthropy, Development and Communal Harmony in India" എന്നതാണ് ക്യാൻഡസിന്റെ ഗവേഷണ വിഷയം. കാനഡയിലുള്ള യൂണിവേഴ്സിറ്റി ഓഫ് ടോറോന്റോയിലെ പ്രൊഫസർമാരായ ഡോ. അപർണ സുന്ദറും ഡോ. സിൻഡി ഇവിങ്ങും ആണ് ഈ വിഷയത്തിൽ ക്യാൻഡസിനെ സഹായിക്കുന്ന ഗൈഡുകൾ. ഇതേ യൂണിവേഴ്സിറ്റിയിൽ 'History', 'Peace conflict and justice studies' എന്നീ രണ്ടു വിഷയങ്ങളിൽ ഒരുമിച്ച് മൂന്നാം വർഷ ബിരുദ പഠനം തുടങ്ങാനിരിക്കുകയാണ് ക്യാൻഡസ് ഇപ്പോൾ. ഈ ബിരുദ പഠനത്തിനായി 'Lester B Pearson International Scholarship' കൂടി കരസ്ഥമാക്കിയിട്ടുണ്ട് ഈ മിടുക്കി.

ക്യാൻഡസിന്റെ പഠന വഴികളിലെ വിജയങ്ങളിൽ സന്തോഷം പങ്കിടുന്നതോടൊപ്പം ഈ പ്രതിഭയുടെ ശോഭനമായ ഭാവിയ്ക്കും വരും തലമുറകൾക്കു കൂടി പ്രചോദനം ആകാനുതകുന്ന കർമ്മപഥത്തിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

About Laidlaw Foundation and the scholrship :
https://laidlawfoundation.com/undergraduate-scholars/

Advt - O

# ഐക്യരാഷ്ട്രസഭയുടെ അംഗീകാരം

## International Dairy Federation's First Regional Dairy Conference Asia-Pacific 2024, June മാസം 26,27,28 എന്നീ തീയതികളിൽ Grand Hyatt Kochi ഹോട്ടലിൽവെച്ചു നടത്തപ്പെട്ടു.

ഐക്യരാഷ്ട്രസഭയുടെ Food and Agriculture Organization നെ പ്രതിനിധാനംചെയ്തുകൊണ്ട് Dr. Shija Jacob ക്ഷണിയ്ക്കപ്പെട്ട അതിഥികളെയും പ്രതിനിധികളെയും അഭിസംബോധന ചെയ്തു പ്രസംഗിക്കുന്നു.





പ്രസ്തുത കോൺഫറൻസ് ഉദ്ഘാടനം ചെയ്ത ബഹുമാനപ്പെട്ട കേരളാ ക്ഷീരവികസന - മൃഗസംരക്ഷണ മന്ത്രി ശ്രീമതി ജെ ചിഞ്ചുറാണിക്കൊപ്പം Dr. Shija Jacob കോൺഫറൻസിൽ പങ്കെടുത്തു.

മാതൃഭൂമിലേഖകനുമായി നടത്തിയഅഭിമുഖം മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്നത് ചേർക്കുന്നു.

Mathrubhumi മാതൃഭൂമി



## പസിഫിക് മേഖലയിൽ ക്ഷീരവിപ്ലവത്തിനൊരുങ്ങി തിരുവല്ലക്കാരി

അനന്ത് ആൻറണി

കൊച്ചി

### യാത്രകൾ തന്ന സന്തോഷവും അറിവും



30/06/2024 KOTHAMANGALAM-MUVATTUPUZHA Pg 02



ഐക്യരാഷ്ട്രസഭ FAO യുടെ ഇൻഡ്യൻ പ്രതിനിധിയായ Mr. Takayuki Hagiwara യോടൊപ്പം കോൺഫറൻസിൽ പങ്കെടുത്ത FAO യുടെ പ്രതിനിധികൾ

Advt - O

# 80 – ാം ജന്മദിനാശംസകൾ

'പറഞ്ഞുതീരാത്ത ദാനം നിമിത്തം ദൈവത്തിന്നു സ്തോത്രം'
2 കൊരിന്ത്യർ 9:15



ആശീതി
ജന്മദിനാശംസകളോടെ
29/08/2024

**മക്കൾ**
മാത്തുക്കുട്ടി പി. തോമസ് –
അബുദാബി പള്ളിയുടെ നിലവിലെ ട്രസ്റ്റി
കുര്യൻ തോമസ് (ബിജു) –
അബുദാബി പള്ളിയിലെ ക്നാനായ അസ്സോസിയേഷൻ അംഗം
ബിജലി സണ്ണി –പനയിൽ തെങ്ങേലി
ചാക്കോ പി. തോമസ് (ഷിബു) –ബാംഗ്ലൂർ
ബൈജു തോമസ്

**മരുമക്കൾ**
സണ്ണി തോമസ് – തെങ്ങേലി
മിനി മാത്തുക്കുട്ടി – അബുദാബി
ബെറ്റി കുര്യൻ –യു.എസ്.എ
ജൂബി ചാക്കോ – ബാംഗ്ലൂർ

**കൊച്ചുമക്കൾ**
തോമസ് പി. മാത്യു –യു.എസ്.എ.
ടോബിൻ പി. മാത്യു – കാനഡ
ടോം പി. ചാക്കോ – ബാംഗ്ലൂർ
ആരോൺ പി. കുര്യൻ –അബുദാബി
സിമി ജോബിൻ – യു.കെ.
സില്ലു റിജോ – ജർമ്മനി
ചിന്നു സണ്ണി
ലിയ ലീലാമ്മ കുര്യൻ – കാനഡ
തെരേസ ലീല മാത്യു – അബുദാബി

**കൊച്ചുമരുമക്കൾ**
ജോബിൻ ബാബു (ലഹേത്– കല്ലിശ്ശേരി)
റിജോ തോമസ് (കണിയാമലിൽ – തെങ്ങേലി)

**പേരക്കുട്ടികൾ**
റെബേക്ക ലാലി ജോബിൻ
നെറ്റനിയ സൂസൻ റിജോ

## ശ്രീമതി ലീലാമ്മ തോമസ്

പടിഞ്ഞാറെക്കുറ്റ്, ഇരവിപേരൂർ

**പരേതനായ പടിഞ്ഞാറെക്കുറ്റ്
പി.എം. തോമസിന്റെ ഭാര്യ**

Advt - O

# ST MARK'S KNANAYA CHURCH

## HAMPSHIRE, BASINGSTOKE, UNITED KINGDOM

## MANAGING COMMITTEE 2024 to 2026


Vicar Rev. Fr. Saji Abraham Kochethu
President


Abymon Jacob Nochumannil House
Trustee


Jomon Abraham Elampuraydathil House
Secretary & Association Member

**Committee Members / Executive Members**


Jaison T Jacob, Thundiyil
Association & Committee Member


Manoj Kuriakose, Anayattil


Blessan Mathew Thompumannil


Benson Mathew Elayasseril


Jittu Saji Pulinilkumparampil


Jerin Kurian Vettimoottil


Jopu Zachariah Kizhakemuriyil


Thomas Kaitholil,
Kaitholilputhenpurayil


Alvin Jose Kochupurackal


Janson T Jacob Thundiyil
Auditor


Dr Schibin Thampy
Safeguarding & K.Y.A Mentor


Sajini Philip Kondoor
Sunday School Headmistresses


Mini Aby Jose Kochupurackal
Vanitha Samajam Secretary


Jayamole Aby Nochumannil
Vanitha Samajam Joint Secretary


Arpita Aby Jackson Konnickal
K.Y.A Lead


Jesna Jomon Elampuraydathil
K.Y.A Coordinator


Lena Aby Nochumannil
K.Y.A Coordinator

Advt -O


PROJECT BY
KNANAYA WEDDINGS.COM
ക്നാനായ വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
www.knanayaweddings.com
എറണാകുളം
+91 70254 22022
ചിങ്ങവനം
+91 94461 46000
knanayaweddings@gmail.com
Advt - O


45th
Wedding Anniversary
03-09-2024
P. M. Kuruvilla
& Salamma Kuruvilla
Pullattu House, Chingavanam
ഇത്രത്തോളം യഹോവ സഹായിച്ചു ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി.
With love and prayers
Siju & Rintu
Princy & Sanu
Sanju & Sini
Grand Childrens
Sandra, Jaiden, Eden,
Emi, Iscah, Helen
Advt - R

## *Congratulations*



**Dr. Haritha Jacob,** *PhD in Biomedical Engineering from Royal College of Surgeons in Ireland. Wife of Dr. Paven Thomas Mathew, Daughter of Mr. Jacob T. John and Mrs. Ammini Jacob, Thuruthekudiyil, Ramamangalam, Daughter in law of Mr. Mathew Abraham and Mrs. Anu Mathew, Ampalappattu, Thiruvanvandoor.*

***With best complements from Amelia Ann Mathew (Daughter)***

Advt - O

## ലഹരിവിരുദ്ധ സെമിനാർ ഉദ്ഘാടനം



*കെ.സി.സി ചിൽഡ്രൻസ് കമ്മീഷൻ ലഹരിവിരുദ്ധ സെമിനാർ കുറിച്ചി മാർ ഇഗ്നാത്യോസ് ക്നാനായ പള്ളിയിൽ അഡ്വ. ജോബ് മൈക്കിൾ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. അനീഷ് ടി. സി., ജോബി ജോസഫ് കാരിക്കോട്ട്. ലിനോജ് ചാക്കോ, ജോജി പി. തോമസ്, ഡോ. പ്രകാശ് പി. തോമസ്, റ്റിറ്റിൻ തേവരുമുറിയിൽ, റവ. ഫാ. ജേക്കബ് കല്ലുകുളം, സ്മിജു ജേക്കബ് മറ്റക്കാട്ട്, ബിജുമോൻ ചാക്കോ, ബിനോയ് കുറിയാക്കോസ്, സാബു മഠത്തിപ്പറമ്പിൽ, ഷൈലു ചെറിയാൻ എന്നിവർ സമീപം.*

## നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മ്യൂണിറ്റി വാർഷിക സമ്മേളനം



നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മ്യൂണിറ്റിയുടെ 4 ദിവസം നീണ്ടു നിൽക്കുന്ന വാർഷിക സമ്മേളനം അമേരിക്കയിലെ ഡാളസിൽ ഫോസ്‌ക്കോ ഹോട്ടൽ ആന്റ് കൺവെൻഷൻ സെൻററിലെ ക്നായി തൊമ്മൻ നഗറിൽ മലങ്കര സുറിയാനി ക്നാനായ സമുദായ വലിയ മെത്രാപ്പോലിത്താ ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രാഹാം തോട്ടത്തിൽ, സാബു കണ്ണാട്ടിപ്പുഴ, പി. എ. ഏബ്രഹാം കുഴിക്കണ്ടത്തിൽ, റ്റിജു ഏബ്രാഹാം തോട്ടുപുറം, തോമസ്കുട്ടി തേവരുമുറി, ഫാ. മർക്കോസ് ചാലുപറമ്പിൽ, അജയ് വാഴക്കൻ, ജിജി ഇടവഴിക്കൽ, ഡി. അജിഷ് പഴയാറ്റ്, ഫാ. പ്രസാദ് കോവൂർ, ഫാ. റെന്നി ഏബ്രാഹാം കിഴക്കേതിൽ, ഫാ. ബിജു ആരമ്മാംമൂട്ടിൽ, ബാലു മാലത്തുശ്ശേരി, മിനു ഇരണക്കൽ, തോമസ് ചാലുപറമ്പിൽ എന്നിവർ സമീപം.

## ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ആൻഡ് ടെക്നോളജി (KIMT)





ക്നാനായ സമുദായത്തിന്റെ ഉടമസ്ഥതയിൽ ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ആൻഡ് ടെക്നോളജി (KIMT) ചിങ്ങവനത്ത് ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.

## ക്ലീമിസ് സ്കൂൾ ഗ്രാജുവേഷൻ സെറിമണി



ക്ലീമിസ് സ്കൂൾ ഗ്രാജുവേഷൻ സെറിമണി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.

## നവീകരിച്ച ക്നാനായ ബുക്ക് സെന്ററിന്റെ ഉദ്ഘാടനം



നവീകരിച്ച ക്നാനായ ബുക്ക് സെന്ററിന്റെ ഉദ്ഘാടനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിക്കുന്നു. ശ്രീ. ടി. ഒ. ഏബ്രഹാം സമുദായ സെക്രട്ടറി, ശ്രീ. റ്റി. സി. തോമസ് തോപ്പിൽ സമുദായ ട്രസ്റ്റി, മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ സജി താന്നിക്കൽ, രഞ്ജു കോഴി മറ്റം, ജോബി കാരിക്കോട്ട്, ലിനു വരാത്തറ, സിസ്റ്റർ കെസിയ എന്നിവർ സമീപം.




കേരള യൂണിവേഴ്സിറ്റി ഓഫ്
ഹെൽത്ത് സയൻസിൽ നിന്ന്
ബി.എസ്.സി. ഒപ്റ്റോമെട്രിയിൽ ഒന്നാം റാങ്ക്
കരസ്ഥമാക്കിയ
**അലോണ റ്റിറ്റി**യ്ക്ക് അനുമോദനങ്ങൾ.
കോട്ടയം വലിയപള്ളി ഇടവകയിൽപ്പെട്ട
കളത്തിപ്പറമ്പിൽ റ്റിറ്റിയുടെയും
ജൂലിയുടെയും മകളാണ്.

## 1st Death Anniversary
14-08-2024



## AJU THOMAS
Kunnathil Puthenparambil
Chengalam

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -C

## 2-ാം ചരമവാർഷികം
25-08-2024

## 13-ാം ചരമവാർഷികം
30-08-2024




## എം.എസ്. കുറിയാക്കോസ് മറിയാമ്മ ജോസഫ്
മണക്കാട്ട്, പള്ളം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -C

# Choose life:
# ജീവിതത്തിന് പ്രാധാന്യം നൽകാം!



സുനിൽ ഡി. കുരുവിള

സന്തോഷമില്ലാത്ത ബാല്യം!
വഴിതെറ്റുന്ന – കുറഞ്ഞുപോകുന്ന യുവത!
തല്ലിപ്പിരിയുന്ന വിവാഹബന്ധങ്ങൾ!
തകരുന്ന കുടുംബ ബന്ധങ്ങൾ!
വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ...അക്രമങ്ങൾ!
സാമൂഹിക നിസ്സംഗത ........മരവിപ്പ്!

ഭൗതികമായി നമ്മൾ ഒരുപാടു മുന്നേറി. വലിയ വീടും, കാറും, ഫോണും, മതിലും... വലിയ വിദ്യാഭ്യാസം, തൊഴിൽ, ക്ലബ്ബിലെ അംഗത്വം...!!!!

ജീവിത നിലവാരം (quality of life) മാത്രം താഴോട്ട്..... സന്തോഷമില്ല, സമാധാനമില്ല, തൃപ്തിയില്ല, ബന്ധങ്ങളിലെ വിള്ളലുകൾ, ആരോഗ്യമില്ല, സ്നേഹമില്ല, മനസ്സിലാക്കുന്നില്ല, അവസാനമായപ്പോൾ ആരുമില്ല, അർത്ഥമില്ല....

പലപ്പോഴും ജീവിതം മനസ്സിലാക്കാൻ കഴിയുന്നത് പുറകോട്ടു തിരിഞ്ഞുനോക്കുമ്പോഴാണ്. എന്നാൽ നേരത്തെ തിരിച്ചറിയുന്നത് ജ്ഞാനം! പണത്തിനും ആർഭാടത്തിനും career വളർച്ചയ്ക്കും സ്വാർത്ഥ സുഖങ്ങൾക്കും ഓടിയപ്പോൾ ഓർത്തില്ല ഇതൊന്നും അല്ല ജീവിതത്തിനു അർത്ഥവും ആഴവും നൽകുന്നതെന്ന്!

ആരോഗ്യം കടയിൽ വാങ്ങാൻ കിട്ടില്ല. ബന്ധങ്ങൾ, സൗഹൃദങ്ങൾ, സ്നേഹം, സമാധാനം ഒക്കെ ഒരു ചെടി വളർത്തിയെടുക്കുംപോലെ വളരെ ശ്രദ്ധയോടെ പരിപാലിച്ചാൽ മാത്രമേ ലഭിക്കുകയുള്ളൂ! നല്ലൊരു മാമ്പഴം ഇന്ന് കഴിക്കണമെങ്കിൽ പത്തു കൊല്ലം മുൻപെങ്കിലും മാവു നടണമായിരുന്നു. നന്നായി പരിപാലിക്കണമായിരുന്നു. യൗവ്വനകാലത്തു ആവേശം കൊള്ളുന്നതായിരിക്കില്ല അൻപതുകളിലെ ആവശ്യങ്ങൾ! ജീവിതം എപ്പോഴും ദീർഘവീക്ഷണത്തോടെ കെട്ടിപ്പടുക്കേണ്ടതുണ്ട്! കരുതി ഒരുക്കേണ്ടതുണ്ട്! ബന്ധങ്ങളിലും സൗഹൃദങ്ങളിലും ഒക്കെ കാലേകൂട്ടി നിക്ഷേപിക്കേണ്ടതുണ്ട്.... ഈ തിരിച്ചറിവാണ് ജ്ഞാനം! ഇന്ന് നടുന്ന മാവാണ് നാളെ ഫലവും തണലുമായി മാറേണ്ടത്.... ഓർക്കാം.. ജീവിതം... സമൃദ്ധിയായ.... അർത്ഥവത്തായ ജീവിതം തന്നെയാവട്ടെ ലക്ഷ്യം! ഗുണനിലവാരമുള്ള ജീവിതം!

**Learn to respect: ബഹുമാനിക്കാൻ പഠിക്കാം!**

എല്ലാവരെയും ബഹുമാനിക്കാം... എല്ലാത്തിനെയും ബഹുമാനിക്കാം. ബഹുമാനം കൊടുത്തു ബഹുമാനം വാങ്ങാം. വിതയ്ക്കുന്നതാണ് കൊയ്യുന്നത്..... ഓർക്കാം! ധാർഷ്ട്യവും അഹങ്കാരവും വലിയ ആപത്താണ്! വലിയ വൈകല്യമാണ്! കുറഞ്ഞ മനുഷ്യന്റെ ആയുധമാണ്! ഉയർന്ന മനുഷ്യൻ എല്ലാത്തിനേയും കരുതുന്നു. എല്ലാവരേയും ബഹുമാനിക്കുന്നു. മറ്റുള്ളവർ ചെറുതാണ് എന്ന് തോന്നുന്നത് നമ്മുടെ നിലവാരം ചെറുതാകുമ്പോഴാണ്!

**Learn to obseve: ശ്രദ്ധയോടെ നിരീക്ഷിക്കണം!**

വെറുതെ കേട്ടാൽ പോരാ. നിരീക്ഷിക്കണം. കുടുംബ ജീവിതത്തിൽ ശ്രദ്ധവേണം. വെള്ളവും വെയിലും വളവും ഒക്കെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. കൂടുതൽ കൂടുതൽ പരസ്പരം തിരിച്ചറിയാനും മനസ്സിലാക്കാനും ശ്രമിക്കണം.

**Learn to listen: കൂർമതയോടെ ശ്രവിക്കണം!**

വെറുതെ കേട്ടാൽ പോരോ. ശ്രവിക്കണം. കൂർമതയോടെ ശ്രവിക്കണം!. ശ്രദ്ധയോടെ കേൾക്കുന്നവർ കുറഞ്ഞു വരുന്നു. ആശയ വിനിമയത്തിൽ ഏറ്റവും പ്രധാനം ശ്രദ്ധയോടെ കേൾക്കുന്നതാണ്. ശ്രദ്ധയോടെ കേൾക്കുന്നവരെ എല്ലാവർക്കും ഇഷ്ടമാണ്. അവരോടു സംസാരിക്കാൻ എല്ലാവർക്കും വലിയ താൽപര്യമാണ്. നല്ല ആശയവിനിമയത്തിന്റെ അഭാവം വിവാഹബന്ധങ്ങൾ തകരുന്നതിൽ പലപ്പോഴും പ്രധാന കാരണമാണ്. ശ്രദ്ധയോടെ താൽപ്പര്യത്തോടെ ഇഷ്ടത്തോടെ കേൾക്കാൻ പഠിക്കാം. ബന്ധങ്ങൾ മികവുറ്റതാക്കാം.

**Learn to understand: വെറും അറിവല്ല മനസ്സിലാക്കൽ!**

ഇന്ന് എല്ലാവർക്കും എല്ലാം അറിയാം! അറിവ് വിരൽത്തുമ്പിലാണ് എന്ന ഒരു അഹങ്കാരവുമുണ്ട്. എന്നാൽ എത്രപേർ കാര്യങ്ങളെ നന്നായി മനസ്സിലാക്കുന്നുണ്ട്? "അവൾക്കു എന്തിന്റെ കുറവാണ്"? "അവനെ ഞാൻ എത്രമാത്രം സ്നേഹിച്ചിരുന്നു." കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴാണ് എന്തായിരുന്നു കുറവെന്നും.... ഇതായിരുന്നില്ല അവനു വേണ്ട സ്നേഹമെന്നും ഒക്കെ നമ്മൾ തിരിച്ചറിയുന്നത്! അപ്പോഴേക്കും വളരെ വൈകിയിരിക്കും! മനുഷ്യബന്ധങ്ങൾ റിപ്പയർ ചെയ്യാൻ പ്രയാസമാണ്... എന്നാൽ organise ചെയ്യാൻ വളരെ എളുപ്പവും. ഒരാളെ മനസ്സിലാക്കാൻ വലിയ വ്യക്തിത്വഗുണങ്ങൾ ആവശ്യമാണ്. സ്നേഹവും ക്ഷമയും കൂടിയേ തീരൂ!

**Learn to love : സ്നേഹിക്കാൻ പഠിക്കണം!**

കിട്ടുന്നത് മാത്രമാണ് സ്നേഹം എന്ന ചിന്തയാണ് ബന്ധങ്ങൾ തകരാനുള്ള പ്രധാന കാരണം! കൊടുക്കുന്നതാണ് സ്നേഹം എന്ന് തിരിച്ചറിയേണ്ടതുണ്ട്. സ്നേഹിക്കപ്പെടുക എന്നതാണ് ഒരാൾക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യം! എന്നാൽ സ്നേഹം നൽകാതെ എങ്ങനെ അത് പ്രതീക്ഷിക്കാനാകും? നിലനിൽക്കുന്ന സ്നേഹം പരസ്പരം കൊടുത്തു വാങ്ങുന്നത് തന്നെയാണ്. സ്വാർത്ഥതയും ഈഗോയും സ്നേഹത്തെ ഇല്ലായ്മ ചെയ്യും. വിനയവും കരു

തലും സ്നേഹത്തെ കൂടുതൽ ജൈവമാക്കും.

**Ensure dignity and growth: അന്തസ്സും പുരോഗതിയും ഉറപ്പാക്കാം!**

പരസ്പരം ബഹുമാനിക്കാനും നമുക്ക് ചുറ്റുമുള്ളവരുടെ dignity മാനിക്കുകയും വേണം. കുടുംബത്തിലുള്ളവരുടെ പുരോഗതി, ആത്മാഭിമാനം, വളർച്ച, സന്തോഷം എന്റെ ഉത്തരവാദിത്വവും കടമയുമാണെന്നു ഓരോരുത്തരും തിരിച്ചറിയണം. Great leaders create more leaders around! ചിലർക്ക് ചുറ്റും ആരും വളരില്ല.

**Scale down to enjoy small things! ചെറിയ കാര്യങ്ങളും കൊച്ചു കൊച്ചു സന്തോഷങ്ങളും!**

പണംകൊണ്ട് ജീവിതത്തിൽ സന്തോഷം കണ്ടെത്താമെന്നു കരുതരുത്. നിലനിൽക്കില്ല. ജീവിതം ആർഭാടവും 'വിലകൂടിയ' കാര്യങ്ങളും മറ്റുള്ളവരെ 'കാണിക്കാനുള്ള' ഓട്ടവുമാണ് എന്ന് തെറ്റിദ്ധരിക്കരുത്. ചെറിയ ചെറിയ സന്തോഷങ്ങളും നന്മയുള്ള മുഹൂർത്തങ്ങളും എന്നും ഓർക്കാൻ സുഖമുള്ള സന്ദർഭങ്ങളും ഒക്കെയാണ് ഒരു മികവുറ്റ ജീവിതത്തിന്റെ അടയാളങ്ങൾ. പരസ്പരം ഓർമ്മകളിലേയ്ക്ക് നിക്ഷേപിക്കാം. വർഷങ്ങൾ അല്ല ജീവിതത്തിനു സൗന്ദര്യം നൽകുന്നത്, അതിന്റെ ആർദ്രതയും വൈകാരിക ആഴവുമാണ്. ഓർക്കാം!

**Be thankful : നന്ദിയുള്ള ഹൃദയത്തോടെ!**

ഇല്ലാത്തതു ഓർത്തു ഒരുപാടു ദുഖിക്കുകയും ആർത്തിയോടെ കൂടുതൽ നേടാൻ ഓടുകയും ചെയ്യുമ്പോൾ നമ്മൾ പലരും ഓർക്കാതെ പോകുന്ന ഒരു വസ്തുതയുണ്ട്.... ഒരുപാടുനേടിയ - വാരിക്കൂട്ടിയ പലരും സന്തുഷ്ടരല്ല എന്ന സത്യം! ജീവിതം ഒരു കലയാണ്. ലോകത്ത് ഉറക്കം കിട്ടാതെ അലയുന്ന കൂടുതൽ പേരും സമ്പന്നരാണ്. ലോകത്തിലെ ഏറ്റവും സമ്പന്ന രാജ്യമായ അമേരിക്കയിൽ അഞ്ചു പേരിൽ ഒരാൾ മാനസിക സമ്മർദ്ദത്തിന് മരുന്ന് കഴിക്കുന്നു. ചില കൊച്ചു ഇടങ്ങളിൽ വലിയ സന്തോഷവും സ്നേഹവും സംതൃപ്തിയുമുണ്ട്. തിരിച്ചറിയാം!

ദൈവം തന്ന ഇണയെയും കുഞ്ഞുങ്ങളെയും മാതാപിതാക്കളെയും ഒക്കെ നന്ദിയോടെ സ്നേഹിക്കാം! നമ്മുടെ അയൽക്കാരെയും സമൂഹത്തെയും രാജ്യത്തെയും ഒക്കെ നന്ദിയോടെ ചേർത്തു പിടിക്കാം. 'അക്കരെയാണ് പച്ച' എന്നത് ഒരു തോന്നൽ മാത്രമാണ്. തൃപ്തിയും സ്നേഹവും നന്ദിയും നിറഞ്ഞ കണ്ണുകൾ കൊണ്ട് നോക്കുമ്പോൾ നമുക്കുചുറ്റും തന്നെ ഹരിതവും ജൈവവുമായ ലോകം കാണാൻ കഴിയും!

മികവാർന്ന ഹൃദ്യമായ ജീവിതം അവിചാരിതമായി സംഭവിക്കുകയല്ല. ഉന്നതവും സ്ഥിരതയുള്ളതുമായ പരിശ്രമം തന്നെ വേണ്ടി വരും. ആ അധ്വാനം ഒരിക്കലും നഷ്ടമല്ല. ഉന്നതമായ ജീവിതമാണ് ഏറ്റവും വലിയ സമ്പത്ത്. സമാധാനമുള്ള ഭവനവും സ്നേഹമുള്ള കുടുംബവും ഉറക്കമുള്ള രാത്രികളും ഒരു മാളിലും വാങ്ങാൻ കിട്ടില്ല. ദൈവം എല്ലാവരേയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ!

( Sunil D. Kuruvilla is a practising Counsellor, Career expert & a Human Resource Development trainer of vast experience. He can be contacted @
email: sunil_kuruvilla@rediffmail.com or
Cell: +91 9847400712
Or YouTube: sunil kuruvilla)

കവിത

# ആഴക്കടലിൽ മീതേ കൂടി

പ്രൊഫ. ഡോ. അന്നമ്മ ജേക്കബ്, മള്ളൂശ്ശേരിൽ, റാന്നി

ആഴക്കടലിൽ മീതേ കൂടി
നടന്നുപോയ നാഥാ
എന്റെ അഴലിൻ കടലിൽ മീതേ
എന്നോടൊപ്പം നടക്കണേ

വിശ്വസിക്കുന്നു ഞാൻ വിശ്വസിക്കുന്നു
ഒരിക്കലും പിരിഞ്ഞിടാതെ
എന്നെ സ്നേഹിക്കും - നാഥൻ
എന്നെ സ്നേഹിക്കും (2)

അന്ധരേയും ചെകിടരേയും
സൗഖ്യമാക്കിയ നാഥാ
എന്റെ ഉള്ളിൽ വെളിച്ചമായും
കേഴ്‌വിയായും വരണമേ (വിശ്വസിക്കുന്നു...)

വിടർന്ന പൂക്കളും കൊഴിഞ്ഞപൂക്കളും
ഈ മണ്ണിൽ മെനഞ്ഞ നാഥാ
അരുമയോടെൻ കരം പിടിച്ച്
നിൻ സഖിയായ് എന്നെ ചേർക്കണേ (വിശ്വസിക്കുന്നു...)

മഹത്വനാളിൽ വിരുന്നുശാലയിൽ
ഒരുങ്ങിവരുമ്പോൾ നാഥാ
വലതുഭാഗം അലങ്കരിച്ച
കള്ളനെപ്പോലെന്നെ കരുതണേ (വിശ്വസിക്കുന്നു...)

# മോർ സേവേറിയോസ് എഡ്യൂക്കേഷൻ ട്രസ്റ്റ്

**മോർ സേവേറിയോസ് ദിന കവർ പിരിവ്**

മാന്യരെ,

എല്ലാ വർഷവും ആഗസ്റ്റ് മാസം അവസാനഞായറാഴ്ച നടത്തിവന്നിരുന്ന മോർ സേവേറിയോസ് ദിന കവർ പിരിവ് ഈ വർഷം പുനരാരംഭിക്കുകയാണ്. ഈ മാസം 25-ാം തീയതി ഞായറാഴ്ച കവർ പിരിവ് നടത്തുവാനായി കവറുകൾ പള്ളികൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള അറിയിപ്പ് ബഹു. വികാരിമാരേയും പള്ളി കോ-ഓർഡിനേറ്റർമാരേയും കത്തുമൂലം അറിയിച്ചിട്ടുണ്ട്. എല്ലാവരും കവർ കൈപ്പറ്റി സംഭാവനതുക നിക്ഷേപിച്ച് കവർ പള്ളിയിൽ തിരികെ ഏൽപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

രണ്ടും മൂന്നും നാലും ഗഡുക്കൾ ലഭിക്കേണ്ടവർക്ക് ലോൺ കൊടുത്തുകൊണ്ടിരിക്കുന്നു. അതോടൊപ്പം പുതിയ അപേക്ഷകളും പരിഗണിക്കുന്നുണ്ട്. ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നത് ഗുണഭോക്താക്കളുടെ കുടിശ്ശികയാണ്. കുടിശ്ശിക തവണകളായിട്ടെങ്കിലും അടച്ചു തീർക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ട്രസ്റ്റിൽ നിന്നും ലോൺ ലഭിക്കുമെന്ന് പ്രതീക്ഷയിൽ ഉന്നത വിദ്യാഭ്യാസം ആരംഭിച്ച് അപേക്ഷ നൽകി കാത്തിരിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഈ വർഷത്തെ കവർ പിരിവ് എല്ലാവരും ആത്മാർത്ഥമായി സഹകരിച്ച് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സസ്നേഹം
എക്സിക്യൂട്ടീവ് ട്രസ്റ്റികൾ
**ഫാ. കെ. കെ. ഏബ്രഹാം കുറ്റിയിൽ**
**തമ്പാൻ തോമസ് കോളഭാഗത്ത്**

# എന്റെ കൃപ നിനക്ക് മതി (My grace is sufficient for thee)

സീമ ഷിന്റോ, കന്നിയേൽ, റാന്നി

യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരാളായിരുന്നു പൗലോസ്. പൗലോസിന്റെ ജീവിതം വളരെ വ്യക്തമായ രീതിയിൽ വി. ബൈബിളിൽ വിശദീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ വി.ബൈബിൾ പഠിക്കുന്ന ഏതൊരു വിശ്വാസിക്കും പൗലോസിനുണ്ടായിരുന്ന ബലഹീനതയെക്കുറിച്ചും അറിവുണ്ട്. പൗലോസ് തന്റെ ശരീരത്തിലുള്ള രോഗത്തെക്കുറിച്ച് പ്രതിപാദിക്കുന്നത് ഇപ്രകാരമാണ്. "വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചുപോകാതിരിക്കേണ്ടതിനു എനിക്കു ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു". തനിക്ക് മാംസത്തിൽ ഒരു മുള്ള് ലഭിച്ചതായി അദ്ദേഹം വിശ്വാസികളോട് പറയുന്നു. വേദനാജനകമായ ഒരു ശാരീരിക അസ്വസ്ഥത, അത് അഭിമാനത്താൽ വിർപ്പ് മുട്ടുന്നതിൽ നിന്നുതന്നെ തടയുന്നു.



2 കൊരിന്ത്യർ 12-ാം അദ്ധ്യായത്തിൽ നാം ഇങ്ങനെ കാണുന്നു "അത് എന്നെ വിട്ട് നീങ്ങേണ്ടതിന് ഞാൻ മൂന്നു വട്ടം കർത്താവിനോട് അപേക്ഷിച്ചു. അവൻ എന്നോട് "എന്റെ കൃപ നിനക്ക് മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്ന് പറഞ്ഞു. Three different times I begged the Lord to take it away. Each time he said my gracious favour is all you need. My power works least in your weakness"

"ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ട് ഞാൻ ക്രിസ്തുവിനുവേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാകുന്നു".

തന്റെ ശരീരത്തിലുള്ള രോഗം സുഖപ്പെടുത്തണമേ എന്ന് മൂന്ന് പ്രാവശ്യം പൗലോസ് കർത്താവ് തമ്പുരാനോട് അപേക്ഷിച്ചു. എന്നാൽ കർത്താവ് നൽകിയ ഉത്തരം തന്റെ രോഗം സുഖപ്പെട്ടിരിക്കുന്നു എന്നുള്ളതല്ല. എന്റെ കൃപ നിനക്ക് മതി. എന്റെ ശക്തി നിന്റെ ബലഹീനതകളിൽ തികഞ്ഞു വരുന്നു എന്നുള്ളതാണ്. നിന്റെ രോഗം അവിടെത്തന്നെ ഇരുന്നോട്ടെ. നിന്റെ ബലം ക്ഷയിക്കുമ്പോൾ എന്റെ ബലം നിന്റെ ബലഹീനതകളെ നീക്കി നിന്നെ കരുത്തനാക്കുന്നു എന്നതായിരുന്നു യേശു തമ്പുരാന്റെ മറുപടി. അതിനുശേഷമാണ് പൗലോസ് തന്റെ ബലഹീനതകളിൽ പ്രശംസിപ്പാനും കഷ്ടപ്പാടുകളിൽ സംതൃപ്തനായിരിക്കുവാനും തുടങ്ങിയത്. കാരണം പൗലോസ് ബലഹീനനാകുന്ന സമയങ്ങളിൽ ബലമുള്ള മറ്റൊരു കരം അവിടെ പ്രവർത്തിക്കുന്നു. തന്റെ ഉള്ളം കൈകൊണ്ടു വെള്ളം അളക്കുകയും ചാണുകൊണ്ട് ആകാശത്തിന്റെ പരിമാണമെടുക്കുകയും ഭൂമിയുടെ പൊടിനാഴിയിൽ കൊള്ളിക്കുകയും പർവ്വതങ്ങൾ വെള്ളിക്കോൽ കൊണ്ടും കുന്നുകൾ തുലാസിലും തൂക്കുകയും ചെയ്യുന്നവനാണ് നമ്മുടെ ദൈവം. സർവ്വശക്തനും സർവ്വവ്യാപിയും സ്നേഹസ്വരൂപനുമായ നമ്മുടെ ദൈവത്തിന്റെ വാഗ്ദാനം എന്നേക്കും അതായത് ലോകാവസാനത്തോളം നിലനിൽക്കും. ജീവിതകാലം മുഴുവൻ സംതൃപ്തിയോടെ ജീവിക്കാൻ നമുക്ക് ആ കൃപമതി. അവിടുന്ന് ഒരു ഇടയനെപ്പോലെ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുകയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്ത് മാർവ്വിടത്തിൽ ചേർത്തു വഹിക്കുകയും തള്ളയാടുകളെ പതുക്കെ നടത്തുകയും ചെയ്യുന്നു. അവിടുന്ന് ക്ഷീണിച്ചിരിക്കുന്നവർക്ക് ശക്തി നൽകുന്നു. ബലമില്ലാത്തവന് ബലം വർദ്ധിപ്പിക്കുന്നു. യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.

ഭൂമിയിലെ ജീവിതത്തിൽ നാമും ഒരുപാട് മുള്ളുകൾ അഭിമുഖീകരിക്കേണ്ടിവരുന്നു. അപ്പോഴൊക്കെ നമ്മുടെ പ്രാർത്ഥനയും ഈ മുള്ളിനെ നീക്കിക്കളയണമേ എന്നല്ലേ? നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ നീങ്ങിപ്പോകണമേ എന്നു നാം പ്രാർത്ഥിക്കുന്ന ഒരുപാട് മുള്ളുകൾ ഉണ്ട്. പക്ഷേ ആ പ്രാർത്ഥനയുടെ മുന്നിലും കർത്താവ് തമ്പുരാൻ പൗലോസിനോട് പറഞ്ഞ ആ വാഗ്ദാനം ഓർക്കുക. 'എന്റെ കൃപ നിനക്ക് മതി' നിനക്ക് ഈ ഭൂമിയിൽ ജീവിക്കാൻ ആ കൃപ മതി. പിന്നെ എന്തിനാണ് നീ ഭയപ്പെടുന്നത് നിന്റെ കാൽ വഴുതില്ല, നീ തോൽക്കില്ല. നിന്റെ കണ്ണുകൾ കലങ്ങില്ല. നിന്റെ ശത്രുക്കളുടെ മുന്നിൽ നീ മുട്ടുമടക്കില്ല. ആ കൃപ കൂടെയുള്ളപ്പോൾ പ്രതിസന്ധികൾപോലും നിന്റെ നന്മയ്ക്കായി ഭവിക്കുന്നു. നിന്റെ ബലഹീനതകളിൽ അവിടുത്തെ ബലം തികഞ്ഞു വരുന്നു. അതുകൊണ്ട് ഭയം ലവലേശംപോലും വേണ്ട. നമുക്കും ഏറ്റു പറയാം.

My grace is sufficient for thee

# ഈറ്റു നോവിന്റെ കാലം

പ്രൊഫ. എം.എ. ഏബ്രഹാം, മണിമലേത്ത്, കോതമംഗലം

*(തുടർച്ച)*

'നോഹയുടെ കാലം പോലെതന്നെ മനുഷ്യ പുത്രന്റെ വരവും ആകും. ജലപ്രളയത്തിനു മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയ നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും, വിവാഹത്തിന് കൊടുത്തും പോന്നു. ജലപ്രളയം വന്നു എല്ലാവരേയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല. മനുഷ്യപുത്രന്റെ വരവും അതുപോലെതന്നെയാകും (മത്താ. 24:37). ഈറ്റു നോവു കാലത്തിന്റെ ഏറ്റവും അന്ത്യത്തിലെ അവസ്ഥയാണ് മുകളിൽ പറഞ്ഞിരിക്കുന്നത്. ഇതിന്റെ ഏറ്റവും അന്ത്യത്തിലായിരിക്കും മനുഷ്യപുത്രന്റെ വരവ് അഥവാ 'യേശുവിന്റെ' മഹത്വ പ്രത്യക്ഷത. ആ വരവ് നീതിമാൻമാരെ തന്നോടൊപ്പം ചേർക്കുവാനുള്ളതാണ്. നോഹയുടെ കാലഘട്ടത്തെപ്പറ്റി വചനാധിഷ്ഠിതമായി ചിന്തിക്കുന്നത് ഉചിതമായിരിക്കും. ഉല്പ.6:5 ലൂടെ 'ദൈവം' ഇപ്രകാരം പറയുന്നു, "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതാണെന്നും അവന്റെ ഹൃദയ വിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും 'യഹോവ' കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കിയതുകൊണ്ട് 'യഹോവ' അനുതപിച്ചു, അത് അവന്റെ ഹൃദയത്തിന് ദുഃഖമായി ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനേയും, മൃഗത്തേയും, ഇഴജാതിയേയും ആകാശത്തിലെ പക്ഷികളേയും തന്നേ. എന്നാൽ നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു. എന്നാൽ സൃഷ്ടി കർമ്മം നടത്തിയതിനുശേഷം ദൈവം അരുളി ചെയ്തത് മറിച്ചായിരുന്നു "താൻ ഉണ്ടാക്കിയതൊക്കെയും ദൈവം നോക്കി അത് എത്രയും നല്ലതെന്നു കണ്ടു" (ഉൽ.1:31). അതായത് നോഹയുടെ കാലഘട്ടം എത്തിയപ്പോഴേക്കും മനുഷ്യന്റെ ദുഷ്ടത വർദ്ധിക്കുന്നതു കണ്ട് 'ദൈവം' ദുഃഖിതനായി. ഇവിടെ നോഹയെ 'ദൈവം' വിളിക്കുന്നത് നീതിമാനെന്നും ആ തലമുറയിലെ നിഷ്കളങ്കനെന്നും അവൻ തന്റെ മാർഗ്ഗത്തിൽ നടക്കുന്നതെന്നും 'ദൈവം' കാണുന്നു. അതുകൊണ്ട് സകല സൃഷ്ടിയേയും നശിപ്പിക്കാൻ ദൈവം നിശ്ചയിച്ചു. മനുഷ്യന്റെ ദുഷ്ടതമൂലം ഭൂമിയും അതിലെ ജീവജാലങ്ങളും എല്ലാം മലിനമായി. ഒരു ജലപ്രളയത്തിലൂടെ എല്ലാറ്റിനേയും നശിപ്പിച്ചിട്ട് നോഹയേയും കുടുംബത്തേയും മാത്രം രക്ഷിക്കുവാനായി ഒരു പെട്ടകം നിർമ്മിക്കുവാൻ 'ദൈവം' കല്പിക്കുന്നു. ഒരു ദീർഘകാലം എടുത്തായിരിക്കുമല്ലോ ഇത്രയും വലിയൊരു പെട്ടകം നോഹ നിർമ്മിച്ചത്. ന്യായമായും അതിന്റെ പണി പുരോഗമിച്ചുകൊണ്ടിരുന്നപ്പോൾ അവിടെയുള്ള മനുഷ്യരെല്ലാം ഇത് കാണുകയും നോഹയ്ക്ക് ഭ്രാന്താണെന്ന് പറയുവാനും സാധ്യതയുണ്ടല്ലോ. അവരുടെ പരിഹാസങ്ങളേയും പ്രതികരണങ്ങളേയും അവഗണിച്ചുകൊണ്ട് ദൈവത്തിന്റെ വാക്കു മാത്രം വിശ്വസിച്ച് നോഹ പെട്ടകത്തിന്റെ പണി പൂർത്തിയാക്കി. നമ്മൾ ജീവിക്കുന്ന ഈ കാലഘട്ടത്തിലും ദൈവ കല്പനകൾ പാലിച്ചും, അതിനനുസൃതമായും ജീവിക്കുന്നവരെ ലോകം പരിഹസിക്കുന്നുണ്ടല്ലോ. ഈറ്റുനോവിന്റെ കാലത്തിന്റെ അന്ത്യം വരെയും ഇപ്രകാരം എല്ലാവരും നോഹയെപ്പോലെ ജീവിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. വെള്ളപ്പൊക്കത്തിനുശേഷം നോഹയേയും കുടുംബത്തേയും ദൈവം അനുഗ്രഹിക്കുന്നതായി കാണാം. "സകല ജീവികൾക്കും, ഭൂമിയിലെ മൃഗങ്ങൾക്കും ആകാശത്തിലെ പക്ഷികൾക്കും മണ്ണിലെ ഇഴജന്തുക്കൾക്കും, വെള്ളത്തിലെ മത്സ്യങ്ങൾക്കും നിങ്ങളെ ഭയമായിരിക്കുമെന്ന്" 'ദൈവം കല്പിച്ചു. അവയെ പരിപാലിക്കാനും നിയന്ത്രിക്കാനുമായി മനുഷ്യന് അധികാരം നൽകി. നാം ജീവിക്കുന്ന ഈ കാലയളവിൽ വന്യമൃഗങ്ങൾ മനുഷ്യനെ ഉപദ്രവിക്കാനായി ഇറങ്ങുന്നത് നമ്മൾ കാണുന്നുണ്ടല്ലോ. ചെറിയ ഒരു പട്ടിയെപ്പോലും സമീപത്തു കാണുമ്പോൾ മനുഷ്യൻ ഭയപ്പെടുന്നു. ഇതെല്ലാം മനുഷ്യന്റെ പാപത്തിന്റെ ഫലങ്ങളാണ്. മേൽപ്പറഞ്ഞ സംഭവങ്ങൾ എല്ലാം കാണുമ്പോൾ ഇത് ഈറ്റുനോവിന്റെ കാലം തന്നെയാണെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. ഈറ്റുനോവിന്റെ അവസാനത്തിൽ സൃഷ്ടവസ്തുക്കളുടെ മേലുള്ള അധികാരം മനുഷ്യനു തിരികെ ലഭിക്കും.

ഇപ്പോഴത്തെ ലോകത്തിന്റെ അവസ്ഥ കാണുമ്പോൾ പ്രളയത്തിനു മുമ്പുള്ള നോഹയുടെ കാലത്തെ അവസ്ഥ തന്നെയാണെന്നു മനസ്സിലാക്കാം. ദൈവത്തെ മറന്ന് ജഡികാസക്തിക്ക് അടിമകളായി ജീവിക്കുന്നവരാണു പലരും. ആർഭാട ജീവിതം നയിക്കുന്നവരും സുഖലോലുപതയ്ക്ക് പ്രാധാന്യം കൊടുത്ത് ജീവിക്കുന്ന ഇവർ രക്ഷയുടെ പെട്ടകത്തിന് സമീപത്തായിട്ടാണ് നിൽക്കുന്നത്. രക്ഷ അവർക്ക് കൈയ്യെത്തുന്ന ദൂരത്തുതന്നെയാണെങ്കിലും അതിനെ സ്വീകരിക്കുവാൻ അവർക്ക് സാധിക്കുന്നില്ല. എന്നാൽ രക്ഷയെപ്പറ്റി അവർക്ക് അറിവു ലഭിച്ചിട്ടുണ്ടുതാനും. കാഠിന്യം നിറഞ്ഞ അവരുടെ ഹൃദയാവസ്ഥ മൂലമാണ് രക്ഷ നൽകുന്ന 'യേശു'വാകുന്ന പെട്ടകത്തിലേക്ക് കയറുവാൻ അവർക്ക് സാധിക്കാത്തത്. അതുപോലെ രക്ഷയുടെ പെട്ടകത്തിലേക്ക് കയറുവാൻ ശ്രമിക്കുന്നവരെ തങ്ങളുടെ ഉപദേശവും സ്വാധീനശക്തിയും ഉപയോഗിച്ച് പിൻതിരിപ്പിക്കുകയും ചെയ്യുന്നു. ഒരു പാത്രത്തിൽ വീണ കുറേ ഞണ്ടുകളുടെ അവസ്ഥയ്ക്ക് സമാനമാണിത്. അതിൽ നിന്നും രക്ഷപെടുവാനായി ഒരു ഞണ്ട് ശ്രമിക്കുമ്പോൾ മറ്റൊരു ഞണ്ട് അതിനെ താഴേക്ക് വലിക്കുന്നു. അങ്ങനെ രണ്ടു ഞണ്ടുകളും രക്ഷപെടുന്നില്ല. ഇന്ദ്രിയ സുഖങ്ങൾക്കുവേണ്ടി മാത്രം നിലകൊള്ളുന്ന മനുഷ്യൻ തന്റെ ശരീരത്തിൽ നിലനിൽക്കുന്ന ദൈവം നിക്ഷേപിച്ച ആത്മാവിനെപ്പറ്റി ചിന്തിക്കുന്നേയില്ല. ജഡികാസക്തിക്ക് അനുസൃതമായി ജീവിക്കുന്നവർ അതിനാലെ മരിക്കുമെന്നാണല്ലോ 'ദൈവ'വചനം പറയുന്നത്. മരണത്തോടുകൂടി ഒരു മനുഷ്യൻ തന്റെ ശരീരത്തെ ഭൂമിയിൽ ഉപേക്ഷിക്കുകയും, അവന്റെ ആത്മാവ് അതിന്റെ ദാതാവായ ദൈവത്തിലേക്ക് മടങ്ങുകയും ചെയ്യും. 'ദൈവം' നിക്ഷേപിച്ച



ആത്മാവിനെ കറയോ കളങ്കമോ കൂടാതെ ദൈവത്തിനു മടക്കി കൊടുക്കുവാനാണ് അവിടുന്ന് നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നത്.

ആയതുകൊണ്ട് ഈറ്റുനോവിന്റെ ഈ കാലഘട്ടത്തെ അതിജീവിച്ച് വിജയം വരിക്കാൻ സഭാമക്കൾ എന്താണ് ചെയ്യേണ്ടതെന്ന് ചിന്തിക്കാം. ഒന്നാമതായി ഫലപ്രദമായ രീതിയിൽ കുടുംബ പ്രാർത്ഥന നടത്തണം. കുടുംബത്തിലെ അംഗങ്ങൾ എല്ലാംതന്നെ ഇതേ അവസ്ഥയിലൂടെ കടന്നു പോകേണ്ടതിനാൽ എല്ലാവരും ഒരുമിച്ച് ഒരു സമയം നിശ്ചയിച്ച് അതിൽ പങ്കെടുക്കുന്നത് ഉചിതമായിരിക്കും. കുടുംബനാഥനോ, നാഥയോ അല്പ സമയം ആത്മീയ വിചിന്തനങ്ങൾ നടത്തുകയും തങ്ങളുടെ മക്കൾക്ക് ഈ കാര്യത്തിൽ ബോധ്യം കൊടുക്കുവാൻ ശ്രമിക്കുന്നതും നന്നായിരിക്കും. രണ്ടാമതായി എല്ലാ അംഗങ്ങളും ചേർന്ന് വചന വായനയിൽ പങ്കെടുക്കുന്നത് അനുഗ്രഹ പ്രദമായിരിക്കും. കാരണം വചനവായന വ്യക്തി വിശുദ്ധീകരണത്തിന് ഇടയാക്കും.

'ദൈവ' വചനം സജീവവും ഊർജ്ജസ്വലവുമാണല്ലോ. അത് ഇരുതല വാളിനെക്കാൾ മൂർച്ചയേറിയതാണ്. അത് സന്ധിബന്ധങ്ങളേയും തുളച്ചു കയറാൻ ശേഷിയുള്ളതുമാണ്. വചനം നമുക്ക് ആത്മീയ ബോധ്യങ്ങൾ നൽകുന്നു. മൂന്നാമതായി പാപങ്ങളെ കൃത്യമായി ഓർത്ത് അനുതപിക്കുകയും സഭയുടെ കുമ്പസാരം എന്ന കൂദാശയെ സ്വീകരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. വിശ്വാസത്തിന്റെ ദൃഷ്ടിയിൽ പാപത്തേക്കാൾ വലിയ തിന്മയില്ല. അനുതാപത്തെക്കുറിച്ച് പറയുകയാണെങ്കിൽ ദൈവത്തോടുള്ള സ്നേഹത്തിൽനിന്നും ഉണ്ടാകുന്ന അനുതാപമാണെങ്കിൽ അതിനെ പൂർണ്ണ അനുതാപം എന്നു വിളിക്കാം. മറ്റു കാരണങ്ങളിൽ നിന്നാണ് അതുണ്ടാവുന്നതെങ്കിൽ അതിനെ അപൂർണ്ണമായ അനുതാപമായി കണക്കാക്കാം. കുമ്പസാരമെന്ന കൂദാശയിലൂടെ ഒരു വ്യക്തിക്ക് പാപം മൂലം നഷ്ടപ്പെട്ട കൃപാവരം വീണ്ടെടുക്കുവാൻ സഹായിക്കും. ഇതു വഴി ക്രിസ്തീയ സമരത്തിനുള്ള ആദ്ധ്യാത്മിക ശക്തികളുടെ വർദ്ധനത്തിനും ഇടയാകും. അടുത്തടുത്തുള്ള കുമ്പസാരം അത്യന്താപേക്ഷിതമാണ്. നാലാമതായി വളരെ ഒരുക്കത്തോടുകൂടി വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുക എന്നുള്ളതാണ്. വി.കുർബ്ബാന എന്ന കൂദാശയിലൂടെയാണ് ഏറ്റവും കൂടുതൽ കൃപാവരങ്ങൾ നമ്മിലേക്ക് ചൊരിയപ്പെടുന്നത്. കുർബ്ബാനാനന്തരം 'തിരുശരീര'രക്തങ്ങൾ സ്വീകരിക്കുന്നതിലാണ് അതിന്റെ പൂർത്തീകരണം നടക്കുന്നത്. അഞ്ചാമതായി ഒരു നല്ല വിശ്വാസജീവിതം നയിക്കുവാനായി പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് വചനാധിഷ്ഠിത ജീവിതം നയിക്കുവാനാണ്. അതിനായി 'ദൈവ'മാതാവിന്റെ മദ്ധ്യസ്ഥം വളരെയധികം സഹായിക്കും. ആറാമതായി സൽക്കർമ്മങ്ങളിൽ ഏർപ്പെടുന്നത് പാപകടങ്ങളുടെ മോചനത്തിനായി ഉപകരിക്കാം. ദശാംശം നൽകുന്നതിന് വളരെയധികം പ്രസക്തിയുണ്ട്. ഏഴാമതായി 'യേശു' ഏക രക്ഷകനാമെന്നും പിതാവിലേക്ക് എത്തിച്ചേരാനുള്ള ഏക വഴി 'യേശു' മാത്രമാണെന്നും ആ വഴിയിലൂടെ മാത്രമെ നിത്യജീവൻ ലഭിക്കുകയുള്ളു എന്നും, അനുദിന ജീവിതത്തിൽ ലഭിക്കുന്ന അവസരങ്ങളിൽ മറ്റുള്ളവരോട് പ്രഘോഷിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഓരോ ക്രിസ്ത്യാനിയും 'യേശു'വിനുവേണ്ടി മരിക്കുവാൻ സന്നദ്ധതയുള്ളവനാകണം. മരണമെന്നത് ഒരു യാഥാർത്ഥ്യമാകയാൽ ഒരു നല്ല മരണം ലഭിക്കുവാൻ നിത്യേന പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണല്ലോ "കൃപ നിറഞ്ഞ മറിയമേ" എന്ന പ്രാർത്ഥനയുടെ അവസാന ഭാഗത്ത് ഇപ്രകാരം നമ്മൾ പ്രാർത്ഥിക്കുന്നത്. രക്ത സാക്ഷിത്വത്തിന് ഒരവസരം 'ദൈവം' അനുവദിച്ചാൽ അതു പാഴാക്കാതിരിക്കാനുള്ള കൃപയ്ക്കായും പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

ഈറ്റു നോവിന്റെ കാലഘട്ടത്തിൽ ഉണ്ടാകുന്ന സഹനങ്ങളെല്ലാം നമ്മുടെ വിശുദ്ധീകരണത്തിനായും നമ്മുടെ ആത്മരക്ഷയ്ക്കായും മറ്റുള്ളവരുടെ ആത്മരക്ഷയ്ക്കായും കൂടി 'ദൈവത്തിന്' കാഴ്ചവെയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. താൽക്കാലികമായ ഈലോക ജീവിതത്തിൽ നിത്യജീവനു വേണ്ടി പരിശ്രമിക്കേണ്ടതാണെന്നുള്ള ബോധ്യം ലഭിക്കുവനായി ആഗ്രഹിച്ച് പ്രാർത്ഥിക്കുക. സഹനങ്ങൾ നിറഞ്ഞ ഈറ്റുനോവിന്റെ ഈ കാലത്തെ അതിജീവിച്ച് നിത്യജീവന്റെ കിരീടം ലഭിക്കുവാനായി 'ദൈവമാതാവിന്റെ മാദ്ധ്യസ്ഥം' എല്ലാ സഭാ മക്കൾക്കും സഹായകമാകട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തട്ടെ. ●

---



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

ഒരു വിശ്വാസി, പുതുശേരിമല

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

ഒരു വിശ്വാസി, വള്ളംകുളം

ലീലാമ്മ ചെറിയാൻ കാരക്കാട്ട്

തോമസ്, കാരക്കാട്ട്

# പ്രായോഗിക ജീവിതം

അമ്മാൾ രാജൻ, പുളിമുട്ടിൽ, സീതത്തോട്

വളരെ പ്രായമായ ഒരു അച്ഛനും സുമുഖനായ ഒരു മകനും കൂടി മുന്തിയ ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിക്കാനിരുന്നു. അച്ഛൻ വളരെ പ്രായമാണ്. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഉടുപ്പിലും മുഖത്തിലുമൊക്കെ ആകുന്നുണ്ട്. മകൻ വളരെ സ്നേഹത്തോടെ നോക്കിയിരിക്കയാണ്. അടുത്ത കസേരയിലൊക്കെ ഒത്തിരി ചെറുപ്പക്കാരും പ്രായമുള്ളവരും ഒക്കെ ഇരിപ്പുണ്ട്. ചിലർക്കൊക്കെ അറപ്പു തോന്നുണ്ട്. കയ്യിലും മുഖത്തും ഒക്കെ ആക്കി വളരെ വികൃതമായ രീതിയിൽ ഭക്ഷണം കഴിക്കുന്നതു കണ്ട് ഭക്ഷണമെല്ലാം കഴിഞ്ഞു തീൻമേശയിൽനിന്നെഴുന്നേറ്റ് മകൻ അപ്പനെ കൊണ്ടുപോയി കൈയൊക്കെ കഴുകിപ്പിച്ചു മുഖമൊക്കെ കഴുകി ഉടുപ്പിൽനിന്നു അഴുക്കൊക്കെ തുടച്ചു നീക്കി പോക്കറ്റിൽ നിന്ന് ചീപ്പ് എടുത്ത് തലയൊക്കെ ചീകി കൊടുത്തു. അച്ഛനെ സ്നേഹത്തോടെ കൈയ്യിൽ പിടിച്ചെഴുന്നേൽപ്പിച്ചു മുമ്പോട്ട് നീങ്ങി. അപ്പോൾ ഇതെല്ലാം നോക്കി കണ്ടിരുന്ന കട ഉടമ ചെറുപ്പക്കാരനെ പുറകിൽനിന്നു വിളിച്ചു. നിങ്ങൾ എന്തെങ്കിലും ഇവിടെ വച്ചിട്ടാണോ പോയത്? ചെറുപ്പക്കാരനായ ആ മകൻ അവിടെയെല്ലാം നോക്കി ഞാൻ ഒരു സാധനവും മറന്നിട്ടില്ല, എല്ലാം എന്റെ കൈയ്യിൽ ഉണ്ടെന്നു പറഞ്ഞു. കട ഉടമ പറഞ്ഞു മകനെ നീ വലിയ ഒരു പാഠം ഇവിടെ ബാക്കി വച്ചിട്ടാണ് പോകുന്നത്. പ്രായമായ ഞങ്ങൾക്കൊക്കെ ഒരു ആശ്വാസം ബാക്കി വച്ചിട്ടാണ് പോകുന്നത്, നിങ്ങളെപ്പോലെയുള്ള മക്കൾ മറ്റുള്ള ചെറുപ്പക്കാർക്ക് ഒരു വലിയ സന്ദേശമാണ് കൊടുത്തിട്ടു പോകുന്നത്. മോനെ പതിനായിരക്കണക്കിന് രൂപാ എന്റെ മേശയിൽ വീണു, ആ പൈസ അല്ല എന്റെ മനസ്സിനു സന്തോഷം തന്നത്, മോന്റെ വയസ്സനായ അപ്പനോടുള്ള സമീപനമാണ്. മകനെ, എനിക്കു മക്കളില്ല, എനിക്ക് ആവശ്യത്തിലധികം സമ്പത്തുമുണ്ട്, ഇതെല്ലാം മകനെ നിന്നെ ഞാൻ ഏല്പിക്കുകയാണ്. നീ ഈ സമൂഹത്തിന് ഒരു മുതൽക്കൂട്ടാണ്.

മഹത്വം സ്വയം പ്രഖ്യാപിക്കേണ്ടതല്ല. മറ്റുള്ളവർ കല്പിച്ചു നല്കേണ്ടതാണ്. വഹിക്കുന്ന സ്ഥാനങ്ങളുടേയും വെട്ടിപ്പിടിക്കുന്ന സമ്പത്തിന്റേയും പേരിൽ അഹങ്കരിക്കുന്നവർക്ക് പൊതു സ്വീകാര്യതയുണ്ടാകില്ല. പണവും പദവിയുമില്ലെങ്കിലും ആളുകൾ അംഗീകരിക്കുന്ന ചിലരുണ്ട്. അവരുടെ കർമ്മപഥങ്ങളിൽ നന്മയുടേയും ധർമ്മനിഷ്ഠയുടേയും റാന്തൽ വിളക്കുകളുണ്ടാകും. അവർ പ്രത്യേക ഇരിപ്പിടങ്ങളോ വഴിത്താരയോ വേണമെന്ന് ആഗ്രഹങ്ങൾ കാണിക്കുന്നവരല്ല. വിലകൊടുത്തോ ഭീഷണിപ്പെടുത്തിയോ നേടുന്ന ആദരവിന് സ്വത്ത് നശിക്കുന്നവരെയും അധികാരമൊഴിയുന്നവരെയും മാത്രമേ ആയുസ്സുണ്ടാകു. വീതംവച്ചും വെട്ടിപ്പിടിച്ചും സ്വന്തമാക്കാനുള്ള ആഗ്രഹം യാത്ര ചെയ്യുന്ന ബസിലെ സീറ്റ് തന്റേതു മാത്രമാകണമെന്നു ചിന്തിക്കുന്നതു പോലെയാണ്. താൻ കയറുന്നതിനു മുമ്പും ഇറങ്ങിയതിനു ശേഷവും അവിടെ മറ്റൊരാളുണ്ടാകുമെന്നുള്ള ബോധമുണ്ടെങ്കിൽ ആരും ഒന്നിനുവേണ്ടിയും വാശിപിടിക്കില്ല. എന്തുവിലകൊടുത്തും സംരക്ഷിക്കേണ്ടതു സമ്പത്തല്ല. സൗഹൃദവും സമ്പർക്കവുമാണ്. ഒരിക്കലും നഷ്ടപ്പെടരുതാത്തതിനെ നഷ്ടപ്പെടുത്തി താൽക്കാലിക സുഖങ്ങളെ പ്രാപിക്കുന്നതാണ് പിന്നീടുണ്ടാകുന്ന കുറ്റബോധങ്ങളിൽ ഏറ്റവും വലുത്. "ദൈവഭക്തി തിന്മയെ വെറുക്കുന്നു. നിഗളം, അഹങ്കാരം, ദുർമ്മാർഗ്ഗം, വക്രതയുള്ള വായ് എന്നിവ ഞാൻ വെറുക്കുന്നു"(സദൃ 8:13). നേട്ടങ്ങൾക്കുവേണ്ടി കുറുക്കുവഴികൾ തേടുന്ന മനുഷ്യരാണ് ഇന്നധികവും. കഷ്ടപ്പെടാതെ സമ്പാദ്യവും അർഹതയില്ലാതെ ആനുകൂല്യവും യാതൊരു നല്ല പ്രവൃത്തിയും ചെയ്യാതെ പ്രശസ്തിയും മനുഷ്യൻ ആഗ്രഹിക്കുകയാണ്.

"നല്ലപേര് സുഗന്ധതൈലത്തേക്കാളും ഉത്തമം"(സഭാ. 7:1). എത്ര വിലകൂടിയ സുഗന്ധതൈലം പൂശിയാലും ഒന്നു കുളിച്ചു കഴിയുമ്പം തൈലത്തിന്റെ മണം പോകും. നല്ലവനെന്നുള്ള പേര് തലമുറകൾ നിലനിൽക്കും. ഇന്നിപ്പം ഏതു വിധത്തിൽ കിട്ടിയതായാലും ആരെ വിഷമിപ്പിച്ചു നേടിയതായാലും അപ്പോഴപ്പോഴുള്ള സ്ഥാനമാനങ്ങളും മാനവും നേടിയെടുക്കാനുള്ള പരക്കം പാച്ചിലാണ്. ചുറ്റുപാടും എന്തു സംഭവിച്ചാലും ആർക്കും പ്രശ്നമല്ല. വക്ര മാർഗ്ഗത്തിലൂടെ ചരിയ്ക്കുന്ന ധനവാനേക്കാൾ താഴ്മയോടെ നടക്കുന്ന ദരിദ്രനാണ് ഉത്തമൻ (സദൃ.9:1). ജീവിതത്തിലെ ഏറ്റവും വലിയ തിരിച്ചറിവ് നമ്മൾ എപ്പോഴും തനിച്ചാണ് നമ്മുടെ അവസ്ഥ നല്ലതാണെങ്കിൽ എല്ലാവരും നമുക്കുണ്ട്. നമ്മുടെ അവസ്ഥ നല്ലതല്ലെങ്കിൽ ആരും നമുക്കില്ല എന്നതാണ്. പാഠപുസ്തകത്തിലുള്ള പരീക്ഷയ്ക്കും പുരസ്ക്കാരങ്ങൾക്കും ഉപകരിക്കുമ്പോൾ പുറംതാളിനു വെളിയിലുള്ളവ പ്രായോഗിക ജീവിതത്തിനും പ്രതികൂല സാഹചര്യങ്ങളെ നേരിടുന്നതിനും ഉപകരിക്കും. ജീവിതത്തിനു ഉപകാരപ്പെടാത്ത പഠനവും പ്രവൃത്തിയില്ലാത്ത ജീവിതവും ഒരു വ്യർത്ഥമാണ്. ജീവിതം ഒരു നാടകം മാത്രമാണ്. നമ്മളെല്ലാവരും നാടകത്തിലെ അഭിനയക്കാർ. ഈ നാടകവേദിയിൽ നിന്ന് നമ്മൾ ഒഴിഞ്ഞു കൊടുക്കുന്നത് വേദനയോടും സങ്കടത്തോടും നെടുവീർപ്പോടും ആകരുതേയെന്നുള്ള ഒരു ആഗ്രഹമാണ് മനുഷ്യർക്ക് അവസാനമായിട്ടുള്ള ആഗ്രഹം. പഴമക്കാർ പണ്ടു പറയും നടക്കുമ്പം നാടും പടയും കിടക്കുമ്പം പായും കട്ടിലും. ശരിയല്ലേ നമുക്ക് ആരോഗ്യവും പണവും പ്രശസ്തിയും ഒക്കെയുള്ളപ്പോൾ എല്ലാവരും കാണും, പ്രായമാകുമ്പോൾ അധികാരമെല്ലാം പോകും. ഇനിയും പ്രയോജനമില്ല എന്നു കാണുമ്പോൾ മാറി നടക്കും. നിങ്ങളുടെ കാൽ അന്ധകാര പർവ്വതങ്ങളിൽ ഇടറിപ്പോകുന്നതിനുമുമ്പ് നിങ്ങളുടെ ദൈവമായ യഹോവയ്ക്കു ബഹുമാനം കൊടുപ്പിൻ (യിരമ്യ.13:16).

ജാതിമതഭേദമെന്യേ എല്ലാവരും ഒരുപോലെ പാരമ്പര്യത്തിന്റെ കുരുക്കുകളിൽ അകപ്പെട്ടുകിടക്കുകയാണ്. ഇന്ന് എന്തെല്ലാം ആർഭാടങ്ങളാണ്. ദൈവം നമ്മുടെ ജാടയ്ക്കു കൂട്ടുനിൽക്കുമോ. ഈ ആർഭാടങ്ങൾ ഇന്നു യൗവനക്കാരായ കുഞ്ഞുങ്ങളെ നശിച്ചുകൊണ്ടിരിയ്ക്കാണ്. നമ്മുടെ വിചാരം വെടിക്കെട്ടു നടത്തിയും ആർഭാടമായ റാസകൾ നടത്തിയും പേരെടുക്കാമെന്നാണ്. ഇതിൽ നിന്നും മനുഷ്യൻ ആഗ്രഹിക്കുന്നത് ദൈവത്തിന്റെ സന്തോഷമല്ല. മനുഷ്യന്റെ അംഗീകാരം. ദൈവം ചോദിക്കുന്നത് "നിനക്കു തന്നിരുന്ന ആട്ടിൻകൂട്ടം നിന്റെ മഹത്വമായിരുന്ന ആട്ടിൻപറ്റം എവിടെ നിന്റെ മേൽ ശിക്ഷാവിധി വരുമ്പോൾ നീ എന്തു പറയും (യിരമ്യ. 13-20). കണ്ണുണ്ടായിട്ട് എന്തേ കാണുന്നില്ല. കാതുണ്ടായിട്ടും എന്തേ കേൾക്കുന്നില്ല. ഇന്നു നടക്കുന്ന ഓരോ സംഭവങ്ങളും മനുഷ്യ പുത്രന്മാരെ നിങ്ങൾ തിരികെ വരുവീൻ എന്നുള്ള ക്ഷണക്കത്തുകളാണ്.

# ഏവൻഗേലിയോൻ ദീപം



അലക്സ് ഷാജി, മങ്ങച്ചാലിൽ, രാമമംഗലം,
വിദ്യാർത്ഥി, എം. എസ്. ഒ. റ്റി സെമിനാരി
ഉദയഗിരി, മുളംതുരുത്തി

**വാങ്ങിപ്പിനുശേഷം ഒന്നാം ഞായർ (18-8-2024)**
**വി. മർക്കോ. 10:35-45**

കർത്താവിന്റെ ശിഷ്യന്മാർ രണ്ടുപേർ ഗുരുവിന്റെ സന്നിധിയിൽ നടത്തുന്ന ഒരപേക്ഷയാണ് ഇന്നത്തെ വേദഭാഗം. ആ ശിഷ്യന്മാർ സെബദിയുടെ പുത്രന്മാരായ യാക്കോബും യോഹന്നാനുമാണ്. അപേക്ഷയ്ക്ക് മുമ്പ് കർത്താവിനോട് പറയുന്ന ആഗ്രഹം ഇപ്രകാരമാണ്. "ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നതെല്ലാം അങ്ങ് ഞങ്ങൾക്ക് ചെയ്തു തരണം എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു." (വാക്യം 35). അങ്ങയുടെ മഹത്വത്തിൽ ഞങ്ങളിൽ ഒരാൾ അങ്ങയുടെ വലത്തുഭാഗത്തും, ഒരാൾ അങ്ങയുടെ ഇടത്തുഭാഗത്തും ഇരിക്കുവാൻ വരം നൽകണമേ" (വാക്യം 37). ഈ ഭാഗം തന്നെ സുവിശേഷകനായ വി. മത്തായി പറയുന്നത് മറ്റൊരു വിധത്തിലാണ്. അവിടെ അപേക്ഷ സമർപ്പിക്കുന്നു. ശിഷ്യന്മാരല്ല, പിന്നെയോ അവരുടെ മാതാവ് അത്രേ (വി. മത്താ. 20:20-23). വാസ്തവത്തിൽ അപേക്ഷ സമർപ്പിച്ചത് ശിഷ്യന്മാർ തന്നെയാണ്. എങ്കിലും ഇത്തരം ഒരപേക്ഷ അപ്പോസ്തോലന്മാർക്ക് യോജിച്ചതല്ലല്ലോയെന്ന് കരുതിയിട്ടായിരിക്കണം അവരുടെ മാതാവ് ചോദിക്കുന്നതായിട്ട് വി. മത്തായിശ്ലീഹാ കുറിക്കുന്നത്.

കർത്താവിന്റെ വാത്സല്യശിഷ്യന്മാരായ ഇവരുടെ ചോദ്യത്തിൽനിന്നും നമുക്ക് പഠിക്കാവുന്ന ചില പാഠങ്ങൾ ഉണ്ട് ഒന്നാമത്, അവർ ഉയർച്ചയ്ക്ക് ആഗ്രഹമുള്ളവരാണ്. അന്നത്തെ സമൂഹത്തിൽ അവർ സാമ്പത്തികമായി ഉയർന്നിരുന്നു. മത്സ്യബന്ധന വ്യവസായത്തിൽ ഇവരുടെ അപ്പനായ സെബദി കൂലിക്കാരെ നിയമിച്ചിരുന്നു എന്നത് വി. മർക്കോ. 1:20-ൽ കാണുവാൻ സാധിക്കും. അങ്ങനെ തങ്ങളുടെ ജോലിയിലും കുടുംബനിലയിലും ഔന്നത്യം പുലർത്തിയിരുന്നവർ ഗുരുവിന്റെ സന്നിധിയിൽ ചെന്ന് ഇങ്ങനെ ചോദിച്ചുവെങ്കിൽ അത് ന്യായീകരിക്കാവുന്നതല്ലേയുള്ളു. ഇത് കാര്യത്തിന്റെ ഒരു വശം. മറുവശത്ത് ക്രിസ്തുവിനോടുകൂടെ ചരിക്കുന്നവർ ഉന്നതസ്ഥാനം ആഗ്രഹിക്കാമോ, ആഗ്രഹിച്ചാൽ അത് തെറ്റല്ലേ എന്നുള്ള ചിന്ത കടന്നുവരുന്നു.

രണ്ടാമതായി, അവർ കർത്താവിനെ ശരിയായ രീതിയിൽ മനസ്സിലാക്കാത്തതുകൊണ്ടാണ് ഇപ്രകാരം ചോദിക്കാൻ ഇടവന്നത്. 38-ാം വാക്യത്തിൽ ഇപ്രകാരം യേശുതമ്പുരാൻ അവരോട് ചോദിക്കുകയാണ് "നിങ്ങൾ എന്താണ് ചോദിക്കുന്നത് എന്നു നിങ്ങൾക്കു അറിഞ്ഞുകൂടാ. ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും, ഞാൻ ഏല്ക്കുന്ന മാമ്മോദീസാ ഏൽക്കുവാനും നിങ്ങൾക്ക് കഴിയുമോ." യേശുവിനെ അവർ മനസ്സിലാക്കേണ്ട വിധത്തിൽ മനസ്സിലാക്കുകയില്ല. അവൻ കഷ്ടതയുടെ പാനപാത്രം കുടിച്ചു. ബേത്ലഹേമിലെ ജനനം മുതൽ ആരംഭിച്ച കഷ്ടത കാൽവറിയോളം തുടർന്നുകൊണ്ടിരുന്നു. അവസാനം, "പിതാവെ എന്റെ ആത്മാവിനെ തൃക്കരങ്ങളിൽ ഏല്പ്പിക്കുന്നു". എന്നു പറഞ്ഞത് പ്രാണനെ വിടുമ്പോഴാണ് ഇഹത്തിലെ കഷ്ടതകൾക്ക് ഒരു ശമനം വരുന്നത്. ഗത്ശമനായിലെ പ്രാർത്ഥനയിൽ "പിതാവെ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു നീക്കണമേ" എന്ന് അപേക്ഷിക്കുന്നതും കാൽവറിയിലെ അതിവേദനയെക്കുറിച്ചാണ്. അപ്രകാരമുള്ള ഒരു വേദന അല്ലെങ്കിൽ കഷ്ടത നിങ്ങൾ സഹിക്കാൻ തയ്യാറാകുമോ എന്ന് യേശുവിന്റെ ചോദ്യത്തിനർത്ഥം. ശിഷ്യന്മാർ ചാടി ഉത്തരം പറഞ്ഞു "ഞങ്ങൾക്ക് കഴിയും എന്ന്". വാസ്തവത്തിൽ നാം ഒന്നു ചിന്തിച്ചു കഴിഞ്ഞാൽ അവർക്ക് അതിനു സാധിച്ചു. ശിഷ്യഗണങ്ങളിൽ വി. യോഹന്നാനു മാത്രമാണല്ലോ സ്വാഭാവിക മരണം വരിക്കാൻ കഴിഞ്ഞത്. മറ്റുള്ളവരെല്ലാം രക്തസാക്ഷികളായി നാഥന്റെ പാദങ്ങളെ പിൻതുടർന്നുകൊണ്ട് സംതൃപ്തരായി. ഇനി യോഹന്നാന്റെ അവസ്ഥയോ? അവൻ രക്തസാക്ഷിയാകാൻ ദൈവം അനുവദിച്ചില്ല. അവനെ പത്മോസ് ദ്വീപിലെ ഏകാന്തതയിൽ ഇരുത്തിയിട്ട് ചില കാര്യങ്ങൾ ദൈവത്തിന് സാധിക്കേണ്ടതുണ്ടായിരുന്നു. ആ ഏകാന്തതയുടെ നിമിഷങ്ങൾ മുഴുവൻ അവൻ വേദനയിൽ കഴിഞ്ഞിരുന്നു എന്ന് വെളിപാട് പുസ്തകം 1:9-ാം വാക്യത്തിൽ കാണാൻ സാധിക്കും. ദൈവം യോഹന്നാന് ഒരുക്കിയ പാനപാത്രം ആ ഏകാന്തതയായിരുന്നു. സങ്കീർത്തനം 75:8-ൽ യഹോവയുടെ കൈയിൽ ഒരു പാനപാത്രമുണ്ടെന്നും സങ്കീ. 23:5-ൽ "എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു" എന്നും എഴുതിയിരിക്കുന്നത് കാണുവാൻ സാധിക്കും. യേശുവിനും തന്റെ ശിഷ്യന്മാർക്കും മാത്രമല്ല, അവന്റെ കൂട്ടായ്മയിൽ നിലനിൽക്കുന്ന എല്ലാവർക്കും ഈ പാനപാത്രം കുടിക്കാനുള്ള ചുമതലയുണ്ട്. പലരും പാനപാത്രം ദുഃഖത്തോടെ, നിവർത്തിയില്ലല്ലോ എന്ന് ഓർത്തു കുടിക്കുന്നു. എന്നാൽ ഒരു സത്യവിശ്വാസിയാകട്ടെ സന്തോഷത്തോടെ കുടിക്കുകയും, വേദനകളുടെ നടുവിലും എനിക്ക് ഇത്രയെല്ലാം കഷ്ടതകൾ ദൈവം തന്നല്ലോ എന്ന് പറയാത്തവരും ആയിരിക്കണം.

43-ാം വാക്യം നാം വായിക്കുമ്പോൾ അവിടെ ഇപ്രകാരം നമുക്ക് കാണാം. "നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം"എന്ന് സ്ഥാനമഹിമ ആവശ്യപ്പെട്ടുവന്നവരോട് കർത്താവിനു പറയാനുള്ളത് ഇതുതന്നെയാണ്. കർത്താവ് ശുശ്രൂഷ സ്വീകരിപ്പാൻ അല്ല ശുശ്രൂഷിക്കുവാൻ വന്നവനാണ്. താനും മഹിമ ആഗ്രഹിച്ചില്ല. എങ്കിലും പിതാവ് അവന് "എല്ലാ നാമത്തിലും മേലായ നാമം" നൽകി ബഹുമാനിച്ചു കർത്താവേ, സ്വർഗ്ഗരാജ്യത്തിൽ വലത്തും ഇടത്തും ഇരിക്കാനുള്ള ആഗ്രഹം വെടിഞ്ഞ് നിന്റെ പാനപാത്രം കുടിച്ച് നിന്റെ പിന്നാലെ വരാൻ എന്നെ സഹായിക്കണമേ എന്ന് പ്രാർത്ഥിക്കാം.

**വാങ്ങിപ്പിനുശേഷം രണ്ടാം ഞായർ**
**(25-8-2024) വി. ലൂക്കോസ് 11:9-20**

കർത്തൃപ്രാർത്ഥന തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതിനുശേഷം. ഏത് രീതിയിൽ പ്രാർത്ഥിക്കണം എന്ന് പരിചയപ്പെടുത്തുന്നതാണ് ഇന്നത്തെ ഏവൻഗേലിയോൻ ഭാഗത്ത് നാം വായിക്കുന്നത്. യാചിപ്പിൻ, അന്വേഷിപ്പിൻ, മുട്ടുവീൻ എന്നീ മൂന്ന് രീതിയിലാണ് യേശുതമ്പുരാൻ ഇവിടെ പഠിപ്പിക്കുന്നത്.

**1) എങ്ങനെ യാചിക്കണം?**

നമ്മുടെ കുറവിനെ പരിഹരിക്കുന്നതിനായി നാം യാചിച്ചുകൊണ്ടിരിക്കണം. ഇവിടെ യേശുതമ്പുരാൻ ചോദിക്കുകയാണ്. (11-ാം വാക്യം). "സ്വന്തം മകൻ തന്നോട് അപ്പം ചോദിച്ചാൽ അവനു കല്ലു നീട്ടിക്കൊടുക്കുകയും മീൻ ചോദിച്ചാൽ മീനിനു പകരം പാമ്പിനേയും, മുട്ട ചോദിച്ചാൽ തേളിനേയും കൊടുക്കുകയും ചെയ്യുന്ന പിതാവായി നിങ്ങളിൽ ആരുണ്ട്?"

ആ കാലത്ത് ഗലീല കടൽത്തീരത്ത് കണ്ടുവരുന്ന കല്ലുകൾ അപ്പത്തിന്റെ രൂപത്തിൽ ഉള്ളവയായിരുന്നു. അതുകൊണ്ട് തന്നെ തന്റെ മകൻ അപ്പം ചോദിച്ചാൽ, അപ്പത്തിന്റെ സ്ഥാനത്ത് കല്ല് കൊടുക്കുമോ എന്നാണ് അതിന്റെ അർത്ഥം. അതുപോലെതന്നെ മീൻ ചോദിച്ചാൽ ചിറകും, ചെതുമ്പലുമില്ലാത്ത പാമ്പിനെപ്പോലെയിരിക്കുന്ന മീനിനെ കൊടുക്കുമോ എന്നും, മുട്ട ചോദിച്ചാൽ, ചുരുണ്ടു കിടക്കുമ്പോൾ മുട്ടപോലെ തോന്നിപ്പിക്കുന്ന തേളിനെ കൊടുക്കുമോ എന്നും ആണ് ഇവിടെ യേശു തമ്പുരാൻ അർത്ഥമാക്കുന്നത്.

ലൗകീക പിതാക്കന്മാർ നമുക്ക് ദോഷം വരുന്ന ഒന്നും തരുകയില്ല. അതുപോലെ തന്നെ സ്വർഗ്ഗീയ പിതാവും നമുക്ക് ദോഷം വരുന്നത് തരുകയില്ല എന്നു മാത്രമല്ല, നമുക്ക് അത്യാവശ്യം വേണ്ട ദാനങ്ങളെ തരുകയും ചെയ്യും. (വാക്യം 13) നമുക്ക് കുറവുള്ളതും ആത്മീയ വളർച്ചയ്ക്ക് അത്യാവശ്യം വേണ്ടതും ദൈവത്തിന്റെ പരിശുദ്ധാത്മാവിനെയാണ്. ഈ ആത്മാവാണ് എല്ലാ ദാനങ്ങളും നമുക്ക് വിഭജിച്ചു നൽകുന്നത്. അതിനാൽ സർവ്വകാര്യത്തിലും നമ്മെ വഴി നടത്തുന്ന പരിശുദ്ധാത്മാവിനെ സമൃദ്ധിയായി ലഭിക്കുന്നതായി നാം നിരന്തരം യാചിച്ചുകൊണ്ടിരിക്കണം.

**2) എന്ത് അന്വേഷിക്കണം?**

വി. മത്തായിയുടെ സുവിശേഷം 6:33-ാം വാക്യത്തിൽ എന്ത് അന്വേഷിക്കണമെന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു. അവിടെ പറയുകയാണ്. "ആദ്യമെ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ. ഇവയെല്ലാം അതോടു ചേർത്തു നിങ്ങൾക്കായി നൽകും" നമ്മുടെ നീതിയും ന്യായവും അല്ല നടക്കേണ്ടത്. പലപ്പോഴും നമ്മുടെ ആഗ്രഹങ്ങൾ സ്വാർത്ഥത നിറഞ്ഞതായിരിക്കും. എന്നാൽ ദൈവിക നീതിയും ന്യായവും സമൂഹപരമായിരിക്കും. അതിനാൽ ഈ ദൈവിക നീതിയ്ക്കും ന്യായത്തിനുംവേണ്ടി നാം അന്വേഷിക്കുന്നവരായിരിക്കണം.

നിരന്തരമായ പ്രാർത്ഥന ഒരു അന്വേഷണമാണ്. മടുത്തു പോകാതെ പ്രാർത്ഥിക്കണം എന്ന് കർത്താവ് തന്നെ ഉപമയിലൂടെ പഠിപ്പിക്കുന്നുണ്ട്. (ലൂക്കാ.18:1-8). ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകിയില്ല എന്നത് നമ്മുടെ ഒരു തോന്നൽ മാത്രമാണ്. കാരണം ദൈവം എല്ലാവരുടെയും നന്മ കാണാൻ ആഗ്രഹിക്കുന്നവനാണ്. പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുക, അത് ദൈവഹിതവുമായി പൊരുത്തപ്പെടുക, സർവ്വോപരി വിശ്വാസത്തോടെ ആയിരിക്കുക, അപ്പോൾ ദൈവപദ്ധതി നമ്മളിൽ വെളിപ്പെട്ടുവരും.

**3) എങ്ങനെ മുട്ടണം?**

വി. ലൂക്കോസിന്റെ സുവിശേഷം 11:5-8 വരെയുള്ള ഭാഗത്ത് ലജ്ജ കൂടാതെ മുട്ടിക്കൊണ്ടിരിക്കുന്ന ഒരു സ്നേഹിതനെ നമുക്ക് കാണാൻ സാധിക്കും. ഒരുവൻ പാതിരാത്രിയിൽ വന്ന് സ്നേഹിതനോട് എന്റെ സ്നേഹിതാ എനിക്ക് മൂന്ന് അപ്പം വായ്പ തരണമേ. വഴിയാത്രയിൽ ഒരു സ്നേഹിതൻ തന്റെ അടുക്കൽ വന്നിരിക്കുന്നു. അയാൾക്ക് വിളമ്പുവാൻ എന്റെ കൈവശം ഒന്നുമില്ല എന്നു പറയുന്നുവെങ്കിൽ അവന്റെ സ്നേഹിതൻ അകത്തുനിന്ന് നീ എന്നെ ശല്യപ്പെടുത്തരുതെ. ഇതാ വാതിൽ അടയ്ക്കപ്പെട്ടുപോയി. എന്റെ മക്കളും എന്നോടൊരുമിച്ച് കിടന്നു. എഴുന്നേറ്റു നിനക്ക് തരുവാൻ സാദ്ധ്യമല്ല എന്നു പറയും. സ്നേഹം നിമിത്തം, അവനു കൊടുക്കയില്ലെങ്കിലും അവന്റെ നിർബന്ധം മൂലം എഴുന്നേറ്റ് അവനാവശ്യമുള്ളത്രയും കൊടുക്കും. ആവശ്യക്കാരന് കിട്ടുമെന്ന് ഉറപ്പില്ലാത്തതിനാൽ ഉത്തരം കിട്ടുവോളം പ്രാർത്ഥന തുടരണം എന്ന് ഇതുവഴി യേശുതമ്പുരാൻ നമ്മെ പഠിപ്പിക്കുന്നു. മുട്ടിക്കൊണ്ടിരുന്നാൽ ഏത് അടഞ്ഞിരിക്കുന്ന വാതിലും നമ്മുടെ മുമ്പാകെ തുറക്കപ്പെടും. യാക്കോബ് ബഥേലിൽ ദൈവദൂതനോട് മല്ലിട്ടുകൊണ്ട് എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല എന്ന് പറഞ്ഞതുവഴി അനുഗ്രഹം പ്രാപിക്കുന്നത് നമുക്ക് കാണുവാൻ സാധിക്കും. മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കണം എന്ന് കർത്താവ് പറയുന്നത് (ലൂക്കാ.18:1) നിരന്തരമായ പ്രാർത്ഥനയുടെ ശക്തിയെ ഓർമ്മപ്പെടുത്തികൊണ്ടാണ്.

**വാങ്ങിപ്പിനുശേഷം മൂന്നാം ഞായർ**
**വി. മത്താ. 17:22-27 (01-09-2024)**

യേശു തന്റെ മരണത്തെക്കുറിച്ച് മുൻകൂട്ടി കല്പിക്കുന്ന ഭാഗമാണ് ഇന്നത്തെ വായനയുടെ ആദ്യഭാഗത്ത് നാം കാണുന്നത്. നമ്മുടെ കർത്താവ് ഗലീലയിലൂടെ അടയാളങ്ങളെ കാണിച്ചുകൊണ്ടുള്ള പ്രസംഗയാത്രകൾ തുടരുകയാണ്. തന്റെ പരസ്യശുശ്രൂഷയുടെ ഏതാണ്ട് അന്ത്യത്തോടടുത്ത അവസരത്തിലാണ് തന്നെ അനുഗമിച്ച ജനത്തോട് സ്വന്തം മരണത്തെക്കുറിച്ചുള്ള കാര്യങ്ങൾ പറയുന്നത്. ഇനിയും ഈ കാര്യങ്ങൾ മറച്ചു വെയ്ക്കുന്നതുകൊണ്ട് പ്രയോജനമില്ലായെന്നു മനസ്സിലാക്കിയ കർത്താവ് ആ സത്യം വെളിപ്പെടുത്തുകയാണ്. "മനുഷ്യപുത്രൻ മനുഷ്യരുടെ കൈയ്യിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു. അവർ അവനെ കൊല്ലും. അവനോ മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കും" (വാക്യം 22-23). മരണത്തിനായി അവൻ ശത്രുക്കളായ മനുഷ്യരുടെ കൈയ്യിൽ ഏൽപ്പിക്കപ്പെടുമെന്ന് യേശു പറയുന്നു. പിതാവായ ദൈവം പുത്രനെ മരണത്തിനായി ശത്രുക്കളുടെ കൈയ്യിൽ ഏല്പിക്കുന്നു. അപ്പോ. പ്രവ. 2:23-ൽ "ദൈവത്തിന്റെ മുന്നറിവാലും ഇഷ്ടത്താലും ഇതിനായി വേർതിരിക്കപ്പെട്ടവനെ, നിങ്ങൾ ദുഷ്ടന്മാരുടെ കൈയ്യിൽ ഏല്പിച്ചു കൊടുക്കുകയും നിങ്ങൾ കുരിശിൽ തറച്ച് കൊല്ലുകയും ചെയ്തു എന്നും റോമർ 8:32-ൽ തന്റെ പുത്രനിൽ ദയ കാണിക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി ഏൽപ്പിച്ചു തന്നവൻ" എന്നും കാണുവാൻ സാധിക്കും. ഈ രണ്ടു തിരുവചനഭാഗങ്ങളിൽ നിന്നും പുത്രന്റെ മരണം പിതാവിന്റെ മുൻ നിർണ്ണയത്തിൽപ്പെട്ടതാണെന്ന് വ്യക്തമാകുന്നുണ്ട്.

അവൻ മരിക്കുക മാത്രമല്ല മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമെന്ന് ലോകത്തോട് മുൻകൂട്ടി പറയുകയാണ്. അത് തന്റെ ശിഷ്യന്മാർക്ക് ഒരാശ്വാസമായി. തന്റെ ഗുരുവിന്റെ ഈ അസാന്നിധ്യം മൂന്ന് ദിവസത്തേക്ക് മാത്രം സഹിച്ചാൽ മതിയല്ലോ എന്ന് ആശ്വസിച്ച ശിഷ്യന്മാർ കണ്ടത് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ യേശുവിനെയാണ്. ഇന്ന് നമ്മുടെ ജീവിതത്തിൽ മൃതനായ യേശു ആണോ? അതോ ഉയിർത്തെഴുന്നേറ്റ യേശുവാണോ ഉള്ളത്? യേശുവിന്റെ ഉപദേശങ്ങൾക്കും കല്പനകൾക്കും നമ്മുടെ ജീവിതത്തിൽ സ്ഥാനമില്ലെങ്കിൽ മരണത്തെ തോൽപ്പിച്ച് ഉയിർത്തെഴുന്നേറ്റ യേശു നമ്മളിൽ ഇല്ലെന്ന് തന്നെ നാം ഓർത്തുകൊള്ളണം.

തലവരി വാങ്ങുന്നവർ, കർത്താവിനെ ചോദ്യം ചെയ്യുന്ന ഭാഗമാണ് വായനയുടെ രണ്ടാമത്തെ ഭാഗത്ത് നാം കാണുന്നത്. കർത്താവിന്റെ പിതൃനഗരമായ കഫർന്നഹുമിൽ

വച്ചാണ് സംഭവം. തലവരി വാങ്ങുന്നവർ പത്രോസിന്റെ അടുക്കൽ വന്ന് നിങ്ങളുടെ ഗുരു "സൂസാ" കൊടുക്കുന്നില്ലയോ എന്ന് ചോദിച്ചു. പത്രോസ് അനുകൂലമായ മറുപടി പറഞ്ഞു. തുടർന്ന് കർത്താവും പത്രോസും തമ്മിൽ നടത്തിയ ഒരു ചോദ്യോത്തരമാണ് നാം ഇവിടെ കാണുന്നത്. ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ വാങ്ങുന്നത് പുത്രൻമാരോട് അല്ലെന്നും പ്രത്യുത അന്യന്മാരോട് ആണെന്നും യേശു പറഞ്ഞു. ആ സ്ഥിതിക്ക് ദൈവപുത്രനായ യേശു ദൈവാലയത്തിലേക്ക് നികുതി കൊടുക്കേണ്ട കാര്യമില്ല. എങ്കിലും ഇടർച്ചവരാതിരിക്കുന്നതിനായി കർത്താവിന്റെ കല്പന പ്രകാരം പത്രോസ് കടലിൽ പോയി ചൂണ്ട ഇടുകയും അങ്ങനെ കിട്ടിയ എസ്തീറ കർത്താവിനും പത്രോസിനും വേണ്ടി നികുതിയായി കൊടുക്കുകയും ചെയ്തു. ഇതിലൂടെ യേശുതമ്പുരാൻ കാട്ടിത്തരുന്ന മാതൃക എന്നത്. 1) നിയമങ്ങളെ അംഗീകരിക്കുന്ന മാതൃകയാണ്, 2) മറ്റുള്ളവരുടെ ഇടയിൽ കലഹം സൃഷ്ടിക്കാതെയുള്ള ജീവിതം, 3) മറ്റുള്ളവരെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന മാതൃക.

വി. യോഹന്നാന്റെ സുവിശേഷം 14:15 ഇപ്രകാരം പറയുന്നു "നിങ്ങൾ എന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്റെ കല്പനകൾ പാലിക്കുവിൻ".

രാജ്യത്ത് നിലവിലുള്ള നിയമങ്ങളെ അനുസരിക്കാൻ കർത്താവ് പഠിച്ചത് തന്റെ മാതാപിതാക്കളിൽ നിന്നാണ്. പരി. അമ്മ പൂർണ്ണ ഗർഭിണിയായിരിക്കുമ്പോൾ യൗസേപ്പിനോടൊപ്പം ബേത്‌ലഹേമിലേക്ക് പോയത് യേശു അറിഞ്ഞിട്ടുണ്ടാകും. രാജ്യത്തിന്റെയും ദൈവാലയത്തിന്റെയും നിയമങ്ങൾ പാലിക്കുന്നതിൽ താൻ എപ്പോഴും ശ്രദ്ധാലുവായിരുന്നു. അതുപോലെ നമ്മുടെ കുടുംബജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും സഭാ ജീവിതത്തിലും മറ്റുള്ളവർക്ക് ഇടർച്ച വരുത്തുന്നവർ ആകാതെയിരിപ്പാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. യേശു ജനിച്ചതും ജീവിച്ചതും മരിച്ചതും ഉയിർത്തെഴുന്നേറ്റതും മറ്റുള്ളവർക്കുവേണ്ടി ആയിരുന്നു. അതുകൊണ്ടുതന്നെ യേശുവിലാണ് സ്നേഹത്തിന്റെ പൂർണ്ണത നാം കാണുന്നത്.

**വാങ്ങിപ്പിനുശേഷം 4-ാം ഞായർ**
**(വി.മർക്കോസ് 6:1-6) 8-9-2024**

യേശുവിന് സ്വന്തം നഗരമായ നസ്രേത്തിൽ നേരിട്ട ഒരവസ്ഥയാണ് ഇന്നത്തെ വായനയിൽ നാം കാണുന്നത്.

യേശു ശാബത്തിൽ ദൈവാലയത്തിൽ പഠിപ്പിക്കുന്നതു കണ്ട് ജനം ആശ്ചര്യപ്പെട്ടു. പലരും അവന്റെ വചനത്തെ നിഷേധിക്കാൻ തുടങ്ങി. അവർ വചനം നിരസിച്ചതിന് രണ്ടു കാരണങ്ങൾ ഉണ്ട്. ഒന്നാമതായി അവൻ ഒരു തച്ചന്റെ മകനാണ്. ഒരു സാധാരണക്കാരനായ പണിക്കാരൻ, പഠിപ്പില്ലാത്തവൻ, ഉന്നത കലാലയങ്ങളിൽ നിന്നു ബിരുദം എടുക്കാത്തവൻ, പണ്ഡിതന്മാരുടെ ശിഷ്യന്മാരായിരിക്കാൻപോലും യോഗ്യതയില്ലാത്തവൻ - ഇങ്ങനെയെല്ലാമാണ് അവർ യേശുവിനെ വീക്ഷിച്ചത്. രണ്ടാമതായി ഇവൻ മറിയയുടെ മകനും, യാക്കോബ്, യോസെ, യൂദാ, ശീമോൻ എന്നിവയുടെ സഹോദരനുമാണ്. ഈ കാലമായപ്പോഴേയ്ക്ക് യൗസേപ്പ് മരിച്ചു കാണണം. അതുകൊണ്ടായിരിക്കണം യൗസേപ്പിന്റെ പേര് ഇവിടെ പറയാത്തത്. വി.ലൂക്കോസ് 2:51 ൽ യേശു മുപ്പതു വയസ്സുവരെയും അവർക്ക് കീഴ്‌വഴങ്ങി ഭവനത്തിൽ തന്നെ കാത്തിരുന്നു എന്ന് കാണുവാൻ സാധിക്കും. ആ പ്രായംവരെയും അമ്മയെ ശുശ്രൂഷിക്കുകയെന്ന ചുമതലയിൽ കർത്താവ് കഴിഞ്ഞുകൂടി. ഇവിടെ ശ്രദ്ധിക്കേണ്ടതായ ഒരു കാര്യം, ലോകത്തെ രക്ഷിക്കാനുള്ള വലിയചുമതലഭാരം ഏറ്റെടുത്ത് ഇഹലോകത്തിൽ അവതരിച്ചവൻ നസ്രേത്തിൽ ചുറ്റിത്തിരിഞ്ഞത് എന്തിന്? കുടുംബപരമായ ചുമതലയെയും കടപ്പാടുകളെയും മാറ്റിവെയ്ക്കാൻ കർത്താവിനുപോലും സാധിച്ചില്ല എന്നത് ഇവിടെ വ്യക്തമാണ്. പരിശുദ്ധനായ പൗലോസ്ശ്ലീഹാ പറയുന്നത് "ഒരുവൻ തന്റെ സ്വന്തക്കാരുടെ കാര്യവും പ്രത്യേകിച്ചും അതേ വിശ്വാസത്തിൽ തന്നെ ഉൾപ്പെട്ടിരിക്കുന്നവരുടെ കാര്യവും ശ്രദ്ധിക്കുന്നില്ലെങ്കിൽ, അവൻ വിശ്വാസം ഉപേക്ഷിച്ചവനും അവിശ്വാസികളെക്കാൾ നീചനുമാകുന്നു'' (1 തിമോ. 5:8). കുടുംബപരമായ ചുമതലകൾ ആർക്കും മാറ്റിവെയ്ക്കാവുന്നതല്ല. അത് ഒരു പരിധിവരെയും അനുഷ്ഠിച്ചുകൊണ്ട് ദൈവവേലയ്ക്ക് കൈത്താങ്ങുകൾ കൊടുക്കേണ്ടതാണ്. അതുതന്നെയാണ് ഇവിടെ യേശു കാണിച്ചുതന്ന മാതൃകയും.

"ഇവൻ തച്ചനല്ലയോ" - എന്നു പറഞ്ഞ് യേശുവിന്റെ പിതൃനഗരക്കാർ അവനെ നിഷേധിച്ചതിന്റെ ഫലമെന്തായി? 5-ാം വാക്യത്തിൽ പറയുന്നു: "ഏതാനും രോഗികളെ തന്റെ കൈവച്ചു സുഖപ്പെടുത്താനല്ലാതെ ഒരത്ഭുതവും അവിടെ പ്രവർത്തിക്കുവാൻ തനിക്കു കഴിഞ്ഞില്ല". സാഹചര്യങ്ങൾ അനുകൂലമല്ലെങ്കിൽ വീര്യപ്രവൃത്തികൾ ഒന്നും ചെയ്യാൻ സാധിക്കയില്ല. അവരുടെ അവിശ്വാസമാണ് ഇതിനു കാരണം. സാധാരണക്കാരനായി അവരോടുകൂടെ നടന്നവൻ വീര്യപ്രവൃത്തി ചെയ്യുന്നത് ജനങ്ങൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. കൂടുതൽ അടുക്കുന്നത് അതൃപ്തിയെ ഉളവാക്കുന്നു എന്ന് നസിയാൻസിലെ മോർ ഗ്രീഗോറിയോസ് എന്ന പിതാവ് പറയുന്നു. ദൈവം നേരിട്ടനുഗ്രഹിച്ചാൽ സാധിക്കാത്തതായി എന്തുണ്ട്? എന്നാൽ രോഗിക്ക് ആവശ്യമില്ലെങ്കിൽ ഡോക്ടർ എങ്ങനെ അവനെ സൗഖ്യമാക്കും? "ഞാൻ നീതിമാന്മാരെയല്ല പാപികളെയത്രെ വിളിപ്പാൻ വന്നത്" എന്നും "മാനസാന്തരംകൊണ്ട് ആവശ്യമില്ലാത്ത 99 നീതിമാന്മാരെക്കുറിച്ചുള്ളതിനേക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെ ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷമുണ്ടാകും" (ലൂക്കോസ് 15:7) എന്നും പറയുന്നു.

നമ്മുടെ കുറവുകളെ മനസ്സിലാക്കി ദൈവസന്നിധിയിൽ വിനയത്തോടെ നമുക്ക് കടന്നു ചെല്ലാം. സൗഖ്യമാക്കുവാൻ അവന്റെ കൈകൾക്ക് പ്രാപ്തിയുണ്ട്. പിതൃഭവനത്തിൽ കടന്നു ചെന്ന കർത്താവിൽ അവർക്ക് വിശ്വാസമില്ലായിരുന്നു. അതുകൊണ്ടാണ് അവിടെ അത്ഭുതങ്ങളെ കാണിക്കാൻ മനസ്സില്ലാതെ പോയത്. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ അവനെ രക്ഷകനും നാഥനുമായി സ്വീകരിക്കുക. അവനിൽ ഉറച്ചു വിശ്വസിച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോൾ അവിടെ അത്ഭുതങ്ങളും അടയാളങ്ങളും ഉണ്ടാകും. കർത്താവേ, നിന്നെ എന്റെ ഹൃദയത്തിൽ സ്വീകരിച്ച് നിനക്കായി ജീവിപ്പാൻ എന്നെ സഹായിക്കണമേ എന്ന് പ്രാർത്ഥിക്കാം.

**സ്ലീബാ പെരുന്നാളിനുശേഷം 1-ാം ഞായർ**
**(വി. മർക്കോസ് 13:30-37) 15-9-24**

ഒരു മനുഷ്യന്റെ ആത്മീയ ജീവിതത്തിൽ അവനുണ്ടായിരിക്കേണ്ട സൂക്ഷ്മതയെക്കുറിച്ചാണ് ഇന്നത്തെ വായനയിൽ നാം കാണുന്നത്. ആ സൂക്ഷ്മത എന്നത് ലോകാവസാനത്തിന്റെ അടയാളങ്ങളും കർത്താവിന്റെ രണ്ടാം വരവിന്റെ സമയവും അറിയാത്തതിനാൽ 'ഉണർന്നിരിപ്പിൻ' എന്ന ആഹ്വാനമാണ്.

**ആകാശവും ഭൂമിയും കടന്നുപോകും, എന്റെ വാക്കുകൾ അഴിഞ്ഞു പോകയില്ല. (31-ാം വാക്യം)**

പ്രപഞ്ചത്തിലെ വസ്തുക്കളെല്ലാം നശ്വരങ്ങളാണ്. ആകാശവും ഭൂമിയും അതിന്റെ സൃഷ്ടികളുമെല്ലാം ഒരുനാൾ നശിച്ചുപോകും. എന്നാൽ ഒരിക്കലും നശിക്കാത്തതും മാറ്റം വരാത്തതുമായ ഒന്നാണ് ദൈവത്തിന്റെ തിരുവചനം. അവ ശാശ്വതങ്ങളാണ്. എല്ലാം മാറിയാലും മാറാത്ത വാഗ്ദത്തങ്ങൾ മനുഷ്യന് ദൈവം നൽകിയിരിക്കുന്നത്. ആ വചനത്തെ ഹൃദ

യത്തിൽ സൂക്ഷിക്കണം. അവ പാതയ്ക്ക് ദീപവും ഊടുവഴികൾക്ക് പ്രകാശവും തന്നെ. നൂറ്റാണ്ടുകളായി വേദപുസ്തകം വായിച്ചും ധ്യാനിച്ചും ശക്തിയെ പുതുക്കിക്കൊണ്ടിരിക്കുന്നവരാണ് നമ്മൾ. ഈ വചനം എന്നത് ദൈവത്തിന്റെ മനസ്സ്, മനുഷ്യന്റെ രക്ഷാമാർഗ്ഗം എന്നിവയെ പ്രതിപാദിക്കുന്നു. നിധികൾ നിറഞ്ഞ ഒരു ഖനി തന്നെയാണ് ദൈവവചനം. സംസാരസാഗരത്തിൽ അലയടിക്കുന്നവർക്ക് ആശ്രയമായി ഇത് ദൈവത്താൽ നൽകപ്പെട്ടതാണ്.

**എന്നാൽ ആ ദിവസത്തെക്കുറിച്ചും ആ നാഴികയെക്കുറിച്ചും ആർക്കും അറിഞ്ഞു കൂടാ (32-ാം വാക്യം)**

കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അത് എപ്പോൾ സംഭവിക്കാം എന്ന് ശിഷ്യന്മാർ ചോദിക്കുമ്പോൾ ഇങ്ങനെ യേശു മറുപടി പറഞ്ഞതായി മറ്റു സുവിശേഷങ്ങളിൽ നമുക്ക് കാണാൻ സാധിക്കും. തന്റെ പുനരാഗമദിനം തനിക്കുതന്നെയറിഞ്ഞുകൂടാ എന്നും അതിനു ഒരു നിശ്ചിതമായ സമയം ഇല്ലായെന്നുമാണ് യേശുവിന്റെ മറുപടി. നാം അനുദിന ജീവിതത്തിൽ നിത്യതയുടെ നിഴലിൽ തന്നെ വസിക്കുന്നവരാണ്. ഓരോ ദിവസവും ദൈവസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് ആരംഭിക്കാനും, അവസാനിപ്പിക്കാനും കഴിയണം. അങ്ങനെ ഒരുങ്ങിയിരിക്കുന്നവർക്ക് മാത്രമെ കർത്താവിന്റെ സന്നിധിയിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളു.

**ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ (34-ാം വാക്യം)**


നാം ഉറങ്ങരുത് എന്ന് യേശു പറയുന്നു. ഇത് ആത്മീയമായ ഉറക്കത്തെയാണ് കാണിക്കുന്നത്. ഉറങ്ങിപ്പോയാൽ മണവാളനെ എതിരേൽക്കുവാൻ സാധിക്കയില്ല. അതാണല്ലോ പത്തുകന്യകമാരുടെ ഉപമയിലൂടെ കർത്താവ് വെളിപ്പെടുത്തുന്നത്. "ആകയാൽ നാളും നാഴികയും അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ" (വി. മത്താ. 25:13) എന്ന കന്യകമാരുടെ ഉപമയെ തുടർന്ന് കർത്താവ് ജനത്തോടു കല്പിക്കുന്നുണ്ട്. അവൻ വീണ്ടും വരുമെന്നുള്ള വാഗ്ദാനം കർത്താവിന്റെ സ്വർഗ്ഗാരോഹണ ദിവസംതന്നെ മനുഷ്യവർഗ്ഗത്തിനു ലഭിക്കുന്നതാണ്. സംശയിക്കാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ തന്നെ. യോഹന്നാന്റെ സുവിശേഷം 20:29-ൽ യേശു തമ്പുരാൻ തന്റെ ശിഷ്യനായ തോമാശ്ലീഹായോട് പറയുന്നു: "യേശു അവനോട് നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു, കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ എന്നു പറഞ്ഞു". യേശു ഉയിർത്തെഴുന്നേറ്റു എന്ന വാർത്ത മറ്റു ശിഷ്യന്മാർ പറഞ്ഞിട്ടും വി. തോമാശ്ലീഹായ്ക്ക് വിശ്വസിക്കാൻ സാധിച്ചില്ല. എട്ടുദിവസം കഴിഞ്ഞ് അവന്റെ അവിശ്വാസം മാറ്റി അവനെ വിശ്വാസത്തിൽ ഉറപ്പിക്കാൻ യേശു വന്നതാണ്. ഉടനെ ശിഷ്യനായ തോമാശ്ലീഹായ്ക്ക് കാര്യം മനസ്സിലായി, അവൻ അനുതപിക്കുകയും ചെയ്തു. അവൻ കേൾക്കെ എല്ലാവരോടുമായി യേശു പറയുകയാണ് കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ. ലോകത്തിലെ പല ഭാഗ്യാവസ്ഥകളും നമ്മെ തേടിയെത്താം. പക്ഷേ അവയെ സ്വീകരിക്കാതെ ക്രിസ്തുവിനെ നാഥനും രക്ഷകനുമായി സ്വീകരിക്കുമ്പോൾ ലഭിക്കുന്ന ഭാഗ്യമാണ് ഏതൊരു വിശ്വാസിയും ആഗ്രഹിക്കേണ്ടത്. അവൻ നമുക്ക് തന്റെ ജീവനെ മറുവിലയായി തന്നു, രക്തം ചിന്തി, അവന്റെ അടിപിണരുകളാൽ നമുക്ക് സൗഖ്യം വരുത്തിയിരിക്കുന്നു. ഈ നിത്യശാന്തിയുടെ സുരക്ഷിതത്വബോധം നമുക്കുണ്ടോ? കർത്താവേ നിന്റെ വരവും ലോകാവസാനവും എപ്പോഴാണ് എന്ന് ഞങ്ങൾക്ക് അറിഞ്ഞു കൂടെങ്കിലും നിന്റെ വരവിൽ നിന്നെ എതിരേല്പാൻ തയ്യാറായി, ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പാൻ ഞങ്ങളെ സഹായിക്കണമെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

# ലഹരി വിരുദ്ധ സെമിനാർ

കോട്ടയം: ലഹരിക്കെതിരായ പോരാട്ടത്തിൽ എല്ലാ വിഭാഗം ആളുകളും ഒന്നിച്ചു നിന്ന് പോരാടണമെന്ന് അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. പറഞ്ഞു. മനുഷ്യന് എന്തിനോടാണോ ആവശ്യത്തിൽ കൂടുതൽ ആസക്തി ഉണ്ടാക്കുന്നത് അത് പിന്നീട് അവന്റെ ലഹരിയായി മാറും എന്നും അദ്ദേഹം പറഞ്ഞു.

കേരള കൗൺസിൽ ഓഫ് ചർച്ചസ് ചിൽഡ്രൻസ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ "അരുത് ലഹരി" ബോധവൽക്കരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം കുറിച്ചി മാർ ഇഗ്നാത്യോസ് ക്നാനായ പള്ളിയിൽ നിർവ്വഹിച്ചുകൊണ്ട് പ്രസംഗിക്കുകയായിരുന്നു എം.എൽ.എ, ചിൽഡ്രൻസ് കമ്മീഷൻ ചെയർമാൻ സ്മിജു ജേക്കബ് മറ്റയ്ക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. കെ.സി.സി. ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി. തോമസ് മുഖ്യപ്രഭാഷണവും, വികാരി ഫാ. ജേക്കബ് കല്ലുകുളം ആമുഖ പ്രഭാഷണവും നടത്തി. ഷൈലു ചെറിയാൻ ക്ലാസുകൾ നയിച്ചു. കെ.സി.സി. ലഹരിവിരുദ്ധ പോസ്റ്ററിന്റെ പ്രകാശനം ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയംഗം ജോബി ജോസഫ് കാരിക്കോട് നിർവ്വഹിച്ചു. കെ.സി.സി. ഫാക്കലിറ്റി റ്റിറ്റിൻ തേവരുമുറിയിൽ, വിവിധ കമ്മീഷൻ ചെയർമാൻമാരായ അഡ്വ. ജോജി പി. തോമസ്, ലിനോജ് ചാക്കോ, ഇടവക ട്രസ്റ്റി ബിജുമോൻ ചാക്കോ തേൻപാറ, സെക്രട്ടറി ബീനോയ് കുറിയാക്കോസ് കരിമ്പന്നൂർ, ക്നാനായ കോൺഗ്രസ് ട്രഷറർ അനീഷ് ടി.സി. തകിടിയിൽ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ സാബു മഠത്തിപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

# തെരഞ്ഞെടുത്തു



വാകത്താനം സർവ്വീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗമായി മജു പി. കെ. പുത്തൻപറമ്പിലിനെ തെരഞ്ഞെടുത്തു. നിലവിൽ വാകത്താനം ഗ്രാമപഞ്ചായത്ത് അംഗം, ചിങ്ങവനം ക്ലീമ്മീസ് സ്കൂൾ ഗവേണിംഗ് ബോർഡ് അംഗവും, ട്രഷറർ ആയും പ്രവർത്തിക്കുന്നു. വാകത്താനം പുതുശ്ശേരി സെന്റ് സൈമൺസ് ക്നാനായപള്ളി മാനേജിംഗ് കമ്മിറ്റിയംഗവും, നിലവിൽ സർവ്വീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗവും, ക്നാനായ അസ്സോസിയേഷൻ അംഗവുമാണ്. കേരള വ്യാപാരി ഏകോപനസമിതി യൂണിറ്റ് ഭാരവാഹിയാണ്. യൂത്ത് കോൺഗ്രസ് മുൻ മണ്ഡലം പ്രസിഡന്റും നിലവിൽ കോൺഗ്രസ് മണ്ഡലം സെക്രട്ടറിയും ആണ്. വാകത്താനം പുതുശ്ശേരി സെന്റ് സൈമൺസ് ക്നാനായപള്ളി ഇടവകാംഗമാണ്.

കവിത

# ഈ അഗ്നി നിന്റെ തലവര മാറ്റും

ജയ്നമ്മ മർക്കോസ് നടുവിലേപറമ്പിൽ, കുഴിമറ്റം

ഞാങ്ങണപ്പെട്ടിയിൽ ഒഴുക്കിയ മോശയെ
കൊട്ടാരവീട്ടിൽ വളർത്തിയോരീശൻ
അമ്മിഞ്ഞപ്പാലിന് വില വാങ്ങിയ അമ്മ
എബ്രായ കഥകൾ പറഞ്ഞു കൊടുത്തു
സകല വിദ്യയും കൈവശമാക്കി
40 കൊല്ലം പാർത്തുവല്ലോ
ഒരെബ്രായനും മിസ്രേമിനും തമ്മിലടിച്ചപ്പോൾ
മിസ്രേമിനെ കൊന്നു കുഴിച്ചുമൂടി
മരുഭൂമിയിലേയ്ക്ക് ഓടിയ മോശ
യിത്രോയുടെ മകളെ വേളികഴിച്ചു
40 കൊല്ലം ആടിനെ മേയിച്ചു
സീനാ മലയടി വാരത്തിലെത്തി
യിസ്രയേൽ മക്കളെ വീണ്ടെടുക്കാനായി
മോശയെ ഈശൻ പേർ വിളിച്ചു
അഹറോനെ, ചേർത്തു ധൈര്യപ്പെടുത്തി
മിസ്രമിലേക്കു വിട്ടുവല്ലോ
ബാധകൾ, 10 ഇറക്കിക്കൊണ്ട്
6, നൂറായിരമായൊരു കൂട്ടത്തെ
പൊറു പൊറുപ്പും മറതലപ്പും ശിരസ്സാ വഹിച്ച്
കനാനിലേക്ക് യാത്രതിരിച്ചു.
ഈശൻ, മക്കൾക്ക് ചിറകുവിരിച്ചു
പാടിസ്തുതിച്ചു യാത്ര ചെയ്തു
ഈശൻ, മോശയ്ക്ക് കൊടുത്തതാം വടിയാൽ
ചെങ്കടൽ മുറിച്ചു കടന്നുവല്ലോ
പ്രാർത്ഥനയില്ലാത്ത ശത്രുവിൻ കൂട്ടത്തെ
ചെങ്കടൽ മുക്കി തകർത്തുവല്ലോ
പ്രാർത്ഥന വീരരെ പരിഹസിച്ചീടുകിൽ
കർത്താന്റെ ശിക്ഷ തിട്ടമായി കിട്ടും
അറിയുവീൻ മക്കളെ അറിഞ്ഞിടുവിൻ
തപ്പ് എടുത്തു പാടിയ മിര്യാ
മോശയെ കുറ്റം പറഞ്ഞപ്പോൾ തന്നെ
കർത്തന്റെ, ശിക്ഷ ഏറ്റു വാങ്ങി
പൊറു പൊറുപ്പിൻ മക്കടെ വിശപ്പ് തീർക്കാനായ്
ഇറച്ചിയും മന്നയും നൽകിയീശൻ
മോശയുടെ സങ്കടം തീർത്തുവെങ്കിലും
അവരെല്ലാം വഴിയിൽ പെട്ടുപോയി
കനാനിലേക്ക് എത്തും മുമ്പേ
കനാനിലെ ജാതിയ മക്കടെ
ജീവിതശൈലി; പഠിക്കാതിരിക്കാൻ
കല്പന 10 കൊടുത്തുവല്ലോ
അമാലേക്യരോട് യുദ്ധം ചെയ്യാൻ
മോശ, യോശുവായെ അയച്ചുവല്ലോ
മോശ മലയിൽ കൈയുയർത്തി പ്രാർത്ഥിക്കുന്നേരം
യിസ്രായേൽ മക്കൾ ജയിച്ചിടുമേ.
ക്ഷീണിച്ച മോശയിൻ കൈയുർത്താൻ
അഹറോനും, ഹൂരും സഹായിച്ചുവല്ലോ
തന്മൂലം ഹൂരിന്റെ പേരക്കുട്ടിക്ക് (ബേസലിന്)
വിശേഷജ്ഞാനം കർത്തൻ കൊടുത്തു. (2)
കർത്തനോടൊത്തുള്ള ജീവിതമോ
തലവര മാറും തിട്ടമല്ലോ
സകല ജ്ഞാനത്തിലും നിറഞ്ഞുകൊണ്ട്
തലമുറ അനുഗ്രഹമായിടുമേ
കലക്കത്തിന്റെ ആത്മാവിനെ തട്ടിത്തെറിപ്പിച്ച്
കർത്തനെ മാത്രം പുകഴ്ത്തിടുവാൻ
തലമുറ അനുഗ്രഹമായിടുവാൻ
കർത്താ നിൻ അഗ്നി എന്നിൽ നിറയ്ക്കൂ!

---

## നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മ്യൂണിറ്റി വാർഷിക സമ്മേളനം

വിദേശ മലയാളികൾ ലോകത്തിനു മാതൃകയാകണമെന്നും മാതൃരാജ്യത്തെ മറക്കരുത് എന്നും ലോകം മുഴുവൻ ഉള്ള ക്നാനായ സമുദായ അംഗങ്ങൾ ക്നാനായ സമുദായം സമുദായ ഭരണഘടന അനുശ്യതമായി ഭരിക്കപ്പെടുമെന്നും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്. നോർത്ത് അമേരിക്കൻ മലങ്കര ക്നാനായ കമ്മ്യൂണിറ്റിയുടെ നാലു ദിവസം നിണ്ട് നിൽക്കുന്ന വാർഷിക സമ്മേളനം അമേരിക്കയിലെ ഡാളസിൽ ഫ്രിസ്കോ ഹോട്ടൽ ആന്റ് കൺവെൻഷൻ സെന്ററിലെ ക്നായി തൊമ്മൻ നഗറിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു.
പ്രസിഡന്റ് ജിജി ഇടവഴിക്കൽ അധ്യക്ഷത വഹിച്ചു. ക്നാനായ സമുദായ സെക്രട്ടറി റ്റി. ഓ. ഏബ്രാഹാം തോട്ടത്തിൽ ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടത്തി. ഫാ. മർക്കോസ് ചാലു പറമ്പിൽ, അജയ് വാഴക്കൻ, ഡി. അജിഷ് പഴയാറ്റ്, ഫാ. പ്രസാദ് കോവൂർ, ഫാ. റെന്നി ഏബ്രാഹാം കിഴക്കേതിൽ, ഫാ. ബിജു ആരമ്മാം മുട്ടിൽ,ബാലു മാലത്തുശ്ശേരി, മിനു ഇരണക്കൽ, തോമസ് ചാലുപറമ്പിൽ, സാബു കണ്ണാട്ടിപ്പുഴ, പി.എ.ഏബ്രാഹാം കുഴിക്കണ്ടത്തിൽ, റ്റിജു ഏബ്രാഹാം തോട്ടുപുറം, തോമസ്കുട്ടി തേവരുമുറി, എന്നിവർ പ്രസംഗിച്ചു. ആയിരങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള വർണ്ണശബളമായ റാലിയും നടത്തി.




# കഴുതപ്പുറത്തെ വിഗ്രഹം

നഗരത്തിലൂടെ ഒരു ഘോഷയാത്ര പോവുകയായിരുന്നു. മുന്നിൽ ഒരു കഴുത നടക്കുന്നുണ്ട്. കഴുതപ്പുറത്ത് ഒരു ദിവ്യവിഗ്രഹവും വെച്ചിട്ടുണ്ട്.

തെരുവിന്റെ ഇരുവശത്തും ജനങ്ങൾ നിൽക്കുകയാണ്. അവർ ദിവ്യവിഗ്രഹത്തെ ഭക്തിപൂർവ്വം തൊഴുതുകൊണ്ടത്രേ നിൽക്കുന്നത്. അങ്ങനെ കുറച്ചുദൂരം നടന്നപ്പോൾ കഴുതയുടെ ബുദ്ധിയും മനസ്സും ഇളകി. എന്നെ ജനങ്ങൾ എന്തുമാത്രം ആദരവോടെ ആരാധിക്കുന്നു എന്ന അഹങ്കാരമാണ് കാരണം. പിന്നെ എന്തു ചെയ്തിട്ടും കഴുത ഒരടി പോലും നടന്നില്ല.

കഴുതയെ നടത്തുന്നവന് കാര്യം മനസ്സിലായി. അയാൾ ആ ജന്തുവിനെ നല്ലതുപോലെ പ്രഹരിച്ചതിനുശേഷം പറഞ്ഞു.

'വിഡ്ഢി! ഒരു ദിവ്യവിഗ്രഹം എടുത്തു നടന്നതുകൊണ്ടു മാത്രം നീ ഒരു ദൈവമാകാൻ പോകുന്നില്ല. നിന്നെ ആരും തൊഴുതിട്ടുമില്ല. ങും....നടക്കൂ വേഗം'.

പിന്നിൽ ശക്തിയായ അടിയുടെ മുളക്കം. വേദനയോടെ കഴുത വീണ്ടും നടന്നുതുടങ്ങി.

***അർഹിക്കാത്ത ബഹുമാനം കിട്ടുമ്പോൾ പലരും ദുരഭിമാനികളാകാറുണ്ട്.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**ആവർത്തന പുസ്തകം**
**ഓഗസ്റ്റ് മാസത്തിലെ ചോദ്യങ്ങൾ**

1. യിസ്രായേൽ മക്കൾ സീഹോനെയും ഓഗിനെയും സംഹരിച്ചതെവിടെവച്ച്?
2. യഹോവ കാലേബിന്റെ മക്കൾക്ക് അവകാശമായി കൊടുത്ത ദേശം ഏത്?
3. അരാബയിലെ കടൽ എന്നറിയപ്പെടുന്ന കടൽ ഏത്?
4. മോശയുടെ അപേക്ഷ കേട്ടു യഹോവ നശിപ്പിക്കാതിരിപ്പാൻ സമ്മതമായതാരെ?
5. മോശ കനാൻദേശം നോക്കിക്കണ്ടതെവിടെ നിന്ന്?
6. ദൈവം മോശയെ അടക്കിയതെവിടെ?
7. മോശയുടെ ആയുഷ്ക്കാലം എത്ര?
8. മോശ കൈവച്ചനുഗ്രഹിച്ചതു കൊണ്ടു ജ്ഞാനപൂർണ്ണനായിത്തീർന്നതാര്?
9. യോർദ്ദാൻ കടന്ന യിസ്രായേൽ മക്കൾ ന്യായപ്രമാണത്തിന്റെ വചനങ്ങൾ എഴുതിയ കല്ലുകൾ നാട്ടിയതെവിടെ?
10. ഈന്തനഗരം എന്നിറിയപ്പെടുന്ന നഗരം ഏത്?

**ജൂലൈ മാസത്തിലെ ഉത്തരങ്ങൾ**
**സംഖ്യാപുസ്തകം**

1. ആറുലക്ഷത്തി മൂവായിരത്തഞ്ഞൂറ്റമ്പത് (1:45-46)
2. നാദാബ് (3:2)
3. സീനായി മരുഭൂമിയിൽ വെച്ച് (9:5)
4. യെഹൂദാ (13:6)
5. നീല (15:38)
6. അഹറോന്റെ തളിർത്തവടി (17:10)
7. അമാലേക്ക് (24:20)
8. നോബഹ് (32:42)
9. 3 (35:14)
10. 123 വർഷം (33:9)

**For Rent**
**ചിങ്ങവനത്ത്**
**അഞ്ച് Bed Room വില്ല**
**വാടകയ്ക്ക്**
* * * * * * * *
**ദിവസവാടകയ്ക്കും,**
**മാസവാടകയ്ക്കും**
**കൊടുക്കപ്പെടും.**
**Mob. 8592861271, 9447390805**

# 1 – ാം ചരമവാർഷികം

17 – 08 – 2024



## പി. പി. ഏബ്രഹാം (കുഞ്ഞുമോൻ)

ആശാൻപറമ്പിൽ, തിരുവൻവണ്ടൂർ

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ'

Advt - S

# 1-ാം ചരമവാർഷികം
## 29 – 08 – 2024



## ശോഭാ ജേക്കബ്

പനച്ചമൂട്ടിൽ ഹൗസ്, മാന്നാർ

"ഒരിക്കലും മരിക്കാത്ത
ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

Advt -O

# 100 –ാം ചരമവാർഷികം

09 – 08 – 2024



## റവ. ഫാ. യാക്കോബ് കശ്ശീശ

മണിമല, ചിങ്ങവനം

(ചിങ്ങവനം ദയറാപള്ളിയുടെ പ്രഥമ വികാരി മണിമല യാക്കോബ് കശ്ശീശ)

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

Advt - O

# 40 – ാം ചരമദിനം

19 – 08 – 2024



# അന്നാമ്മ മാത്യു

കല്ലുവെട്ടാംകുഴിയിൽ
താഴത്തങ്ങാടി, കോട്ടയം

Adv -R

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

# 19th Death Anniversary

14-08-2024



## Chev. P. A. Mathew

## (Mathukutty)

### Palliampil, West Othera, Thiruvalla

**POABS GROUP**

Advt - S

# 14 – ാം ചരമവാർഷികം

20 – 08 – 2024



Advt -S

## പി. റ്റി. തോമസ് (തങ്കച്ചൻ)

### പൂവക്കുളത്ത്, മഴുക്കീർ, കല്ലിശ്ശേരി

ഞങ്ങളുടെ പപ്പ ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട് പതിനാല് വർഷം തികയുന്നു. സ്വർഗത്തിൽ കാണാമെന്നുള്ള പ്രത്യാശയോടെ



## 1 – ാം ചരമവാർഷികം

01 – 08 – 2024

**ഷാജി പി. തോമസ്**

പാലപ്പുരയ്ക്കൽ,
പുല്ലരിക്കുന്ന്, കോട്ടയം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## വേർപാടിന്റെ 27 – ാം വർഷം

01 – 08 – 2024



**Ittiyavera Abraham**

## വേർപാടിന്റെ 6 – ാം വർഷം

18 – 08 – 2024



**Mariamma Ittiyavera**

Advt - S

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

**Manimaleth House**
**Nellickamon P. O, Ranny**

സന്തപ്ത കുടുംബാംഗങ്ങൾ

# 40th Day of Remembrance

**(31st July'24)**



## Gracy Abraham

1939 - 2024

*Kadaloor House (Mannilkudil), Kaviyoor*
*'Grace Villa', Anant Nagar, Nagpur*

*Gone from our sight, but never from our hearts...*

*With Prayers*
*from Near and Dear*

Advt -O

**The Lord gave and the Lord hath taken away;**
**blessed be the name of the Lord.**

**1st Death Anniversary**
04-09-2024



## Annamma Thomas

12-09-1931 to 04-09-2023

**23rd Death Anniversary**
25-10-2024



## K. T. Thomas

20-02-1926 to 25-10-2001

**4th Death Anniversary**
28-09-2024



## Annet Kuriakose

21-01-1957 to 28-09-2020

**Kuzhikandathil, West Othera, Thiruvalla**


ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Advt -S

# വി. മത്തായി എഴുതിയ സുവിശേഷം

ഷാരോൺ എസ്.എ. അമ്പാട്ട് Std VII വെൺപാല സെന്റ് ജോർജ് സൺഡേസ്ക്കൂൾ

ക്രിസ്തീയ ബൈബിളിലെ പുതിയ നിയമത്തിന്റെ ഭാഗമായ നാലു കാനോനിക സുവിശേഷങ്ങളിൽ ഒന്നാണ് മത്തായി എഴുതിയ സുവിശേഷം. പുതിയ നിയമത്തിലെ ഒന്നാമത്തെ പുസ്തകമാണിത്. നസ്രത്തിലെ യേശുവിന്റെ ജീവിതം, ദൗത്യം, മരണം, ഉയിർത്തെഴുന്നേല്പ് എന്നിവയുടെ പുതിയ നിയമ വീക്ഷണത്തിൽ നിന്നുള്ള ആഖ്യാനമാണ് ഇതിന്റെ ഉള്ളടക്കം. മൂന്നു സമാന്തര സുവിശേഷങ്ങളിൽ ഒന്നാണിത്. യേശുവിന്റെ വംശാവലി വിവരണത്തിൽ തുടങ്ങുന്ന ഇതിലെ ആഖ്യാനം, ഉയിർത്തെഴുന്നേൽപ്പിനു ശേഷം ശിഷ്യന്മാർക്ക് അദ്ദേഹം നൽകുന്ന സുവിശേഷ പ്രഘോഷണ നിയുക്തിയിൽ സമാപിക്കുന്നു.




ക്രി.വ. ഒന്നാം നൂറ്റാണ്ടിലെ യഹൂദതയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ഒരു യഹൂദ ക്രിസ്തീയ രചനയാണിത്. യഹൂദമതത്തിലെ പ്രവാചകന്മാരുടെ വചനങ്ങൾ യേശുവിൽ നിവൃത്തിയായി എന്നു സ്ഥാപിക്കാൻ ഗ്രന്ഥകാരൻ പ്രത്യേകം ശ്രദ്ധവയ്ക്കുന്നു. യേശുവിന്റെ ബാല്യകാല ജീവിതവും മറ്റും ഈ സുവിശേഷത്തിൽ മാത്രമേ വർണ്ണിക്കപ്പെടുന്നുള്ളൂ.

ക്രിസ്തീയ സഭയെ (എക്ലിസിയ) പരാമർശിക്കുന്ന ഏക സുവിശേഷവും ഇതാണ്. ഈ സുവിശേഷം എഴുതിയത് ഇസ്രയേലിലുള്ള പാലസ്തീനികൾക്കു വേണ്ടിയായിരുന്നു. മത്തായിശ്ലീഹാ ഒരു ചുങ്കക്കാരനായിരുന്നു എന്ന് വി. മർക്കോസിന്റെയും, വി.ലൂക്കോസിന്റെയും സുവിശേഷത്തിൽ പറയുന്നുണ്ട്. ഈശോ ഗലീലി കടൽതീരത്തുകൂടി നടന്ന് കഫർണാമിൽ എത്തി. ഒരു തളർവാതരോഗിയെ സുഖപ്പെടുത്തിയതിനു ശേഷമാണ് വി.മത്തായിശ്ലീഹയോട് യേശു പറയുന്നത് എന്നെ അനുഗമിക്കുക എന്ന്. യേശു മത്തായിശ്ലീഹായെ വിളിക്കുമ്പോൾ അവന്റെ പേര് ലേവി എന്നായിരുന്നു. വി.ശ്ലീഹായുടെ പെരുന്നാൾ നമ്മൾ ആചരിക്കുന്നത് സെപ്റ്റംബർ 21-ാം തീയതിയാണ്.

ക്രി.വ. ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഒരു യഹൂദ-ക്രിസ്ത്യാനി എഴുതിയതാണിതെന്ന് മിക്കവാറും പണ്ഡിതന്മാർ വിശ്വസിക്കുന്നു. എന്നാൽ അത് ആരായിരുന്നു എന്ന കാര്യത്തിൽ അഭിപ്രായൈക്യമില്ല. യേശുവിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളായിരുന്നു മത്തായി. എബ്രായ ഭാഷയിൽ ഇതിന്റെ മൂലം എഴുതിയെന്ന അവകാശവാദം ചില ആദിമ ക്രിസ്തീയ ലിഖിതങ്ങളിൽ കാണാം. എന്നാൽ ഇതിൽ വിവരിക്കുന്ന സംഭവങ്ങൾക്ക് ദൃക്സാക്ഷി അല്ലാതിരുന്ന ഒരു അജ്ഞാത വ്യക്തി ഗ്രീക്ക് ഭാഷയിൽ മൂല രചന സൃഷ്ടിച്ചു എന്നാണ് ആധുനിക പണ്ഡിതമാർ മിക്കവരും കരുതുന്നത്. നേരത്തെ എഴുതപ്പെട്ടിരുന്ന മർക്കോസിന്റെ സുവിശേഷത്തെയും, പിന്നീട് നഷ്ടപ്പെട്ടുപോയതും പാഠ വിമർശകന്മാർക്കിടയിൽ 'Q' എന്ന പേരിൽ അറിയപ്പെടുന്നതുമായ ഒരു രേഖയേയും അദ്ദേഹം ആശ്രയിച്ചിരിക്കാം. സമാന്തര സുവിശേഷങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ ഈ വിശദീകരണം "മർക്കോസിന്റെ മുൻപ്" എന്നാണ് അറിയപ്പെടുന്നത്. എന്നാൽ ക്രെയിഗ് ബ്ലോംബെർഗിനെപ്പോലുള്ള പണ്ഡിതന്മാർ ഈ നിലപാടിനോട് പലവിധത്തിൽ വിയോജിക്കുകയും ഈ സുവിശേഷത്തിന്റെ കർത്താവ് യേശു ശിഷ്യനായ മത്തായി തന്നെയാണെന്നു വാദിക്കുകയും ചെയ്യുന്നു.

ഈ സുവിശേഷത്തിലെ യേശു സന്ദേശത്തെ 5 വ്യതിരിക്ത ഖണ്ഡങ്ങളായി തിരിക്കാനാകും. പ്രഖ്യാതമായ 'ഗിരിപ്രഭാഷണം' അടങ്ങിയ 5-7 വരെ അദ്ധ്യായങ്ങൾ. 10-ാം അദ്ധ്യായത്തിൽ ശിഷ്യന്മാർക്കു നൽകുന്ന സുവിശേഷ പ്രഘോഷണ നിയോഗം. 13-ാം അദ്ധ്യായത്തിലെ ഉപമ സദൃശ്യമായ ഉപദേശങ്ങൾ, 18-ാം അദ്ധ്യായത്തിൽ സമൂഹത്തിനായി നൽകുന്ന നിർദ്ദേശങ്ങൾ, മരണം ആസന്നമായിരിക്കെ ഒലിവുമലയിൽ നടത്തിയ പ്രഭാഷണങ്ങൾ അടങ്ങിയ അദ്ധ്യായങ്ങൾ എന്നിവയാണ് ഈ ഖണ്ഡങ്ങൾ. അഞ്ചു ഗ്രന്ഥങ്ങൾ ചേർന്ന യഹൂദനിയമമായ പഞ്ചഗ്രന്ഥിയെ (തോറ) ഈ ഖണ്ഡങ്ങൾ പ്രതിഫലിക്കുന്നതായി കരുതുന്നവരുണ്ട്.

മത്തായിശ്ലീഹയുടെ പിതാവിന്റെ പേര് ഹൽപ്പേഴ്സ് എന്നും മത്തായിയുടെ സുവിശേഷം സിറിയായിൽവച്ചു രചിക്കപ്പെട്ടു എന്നാണ് പാരമ്പര്യം. സുവിശേഷത്തിലെ യഹൂദ ക്രൈസ്തവ സൂചനകൾ, ഡിഡാക്കെയും (7:1-8; 10,15,16 അദ്ധ്യായങ്ങൾ) അന്ത്യോഖ്യയിലെ ഇഗ്നേഷ്യസും (ഇഗ്നേഷ്യസ് സ്മിർണാലേഖനം മത്താ. 11:3-15) നൽകുന്ന സാക്ഷ്യങ്ങൾ എന്നിവ ശരി വെക്കുന്നു. അന്ത്യോഖ്യാ, ഡമാസ്കസ്, സീദോൻ, ടയിർ മുതലായവ സിറിയൻ പട്ടണങ്ങളിൽ ഏതാണ് ശരിയായ രചനാസ്ഥലമെന്നു നിർണ്ണയിക്കാൻ സാധ്യമല്ല. ഗ്രീക്കു സംസാരിക്കുന്നവർക്കുവേണ്ടി ഗ്രീക്കു ഭാഷയിൽ എഴുതപ്പെട്ടതാണല്ലോ ഈ സുവിശേഷം. അതുകൊണ്ട് പാലസ്തീനായിൽ വച്ചാണ് ഈ സുവിശേഷം എഴുതപ്പെട്ടത് എന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. എ.ഡി. 70-85 വർഷങ്ങൾക്കിടയിൽ സുവിശേഷം വിരചിതമായി എന്നാണ്. ഏറ്റവും യഹൂദ സ്വഭാവം പുലർത്തുന്ന സുവിശേഷമാണ് മത്തായിയുടേത്. പഴയ നിയമത്തിലെ ഏകദേശം 130 ഉദ്ധരണികൾ മത്തായിയിലുണ്ട്. അവയിൽ 43 എണ്ണം പൂർണ്ണ രൂപത്തിൽതന്നെയാണ്. കർത്താവ് പ്രവാചകൻവഴി അരുളിചെയ്തത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത് എന്നൊരു കുറിപ്പ് 12 ഉദ്ധരണികളോടൊപ്പം മത്തായി നൽകുന്നുണ്ട്.(1:22-23, 25:6, 2:15, 2:17-18, 4:14-15, 8:17, 12:17-25, 13:35-21, 4-5. 27:29).

പഴയനിയമത്തിൽനിന്ന് വാക്യങ്ങളെടുത്ത് അവയെ യേശുവിനോട് ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുകയാണ് മത്തായിയുടെ രീതി. സമകാലീന യഹൂദ വ്യാഖ്യാന രീതികളോടും മത്തായി സാധർമ്മ്യം പുലർത്തുന്നുണ്ട്.

രക്ഷാചരിത്രപരമായും മിശിഹാവിജ്ഞാനീയപരമായുമുള്ള പ്രാഗ് ചരിത്രത്തിൽ മനുഷ്യ ചരിത്രത്തിലേക്ക് ഇറങ്ങി വരുന്ന ദൈവപുത്രനെ ആദ്യമായി അവതരിപ്പിക്കുകയാണ് വംശാവലിയിലൂടെ യേശു ദാവീദിന്റെയും അബ്രഹാമിന്റെയും പുത്രനാണെന്നും (1:1-17) അങ്ങനെ വാഗ്ദാനത്തിന്റെ അവകാശിയാണെന്നും വ്യക്തമാക്കുന്നു. പാപമോചകനും (1:21) രക്ഷകനുമായ യേശു ദൈവത്തെ നമ്മോടുകൂടെയാക്കുന്ന ഇമ്മാനുവേലാണ് (1:23). വിജാതീയരായ ജ്ഞാനികൾ യേശുവിനെ തിരിച്ചറിയുമ്പോൾ യഹൂദർക്ക് അതിനു കഴിയുന്നില്ല (2:1-12). താൻ രക്ഷിക്കാനുള്ള ജനത തന്നെ അവിടുത്തെ വധിക്കാൻ ശ്രമിക്കുന്നു. മോശയെപ്പോലെ ഈജിപ്തിലാണ് യേശുവും അഭയം തേടുന്നത് (2:13-18).

വി. മത്തായിശ്ലീഹാ ജനിച്ചത് ഇസ്രയേലിലെ കഫർണാമിൽ Ist Century- ൽ ആണ്. ശ്ലീഹാ മരിച്ചത് 68 AD -ൽ എത്യോപ്യയിൽ വച്ചാണ്. അത് വിശുദ്ധ കുർബ്ബാനയ്ക്കിടയിൽവച്ച് കുന്തംകൊണ്ട് കുത്തി കൊല്ലുകയാണുണ്ടായത്. അതുകൊണ്ട് ശ്ലീഹായും ഒരു രക്തസാക്ഷിയായി അറിയപ്പെടുന്നു. ഈ സുവിശേഷം ആദ്യം യേശുവിന്റെ വംശാവലി വ്യക്തമാക്കുന്നു. അബ്രഹാമിൽനിന്ന് ദാവീദിലേക്കും അവിടെനിന്ന് ജോസഫിലേക്കുമുള്ള ഒരു വൈദിക കുടുംബവംശം. യേശുവിന്റെ ജനനം, ബേത്‌ലഹേമിൽ ജ്ഞാനികളുടെ സന്ദർശനം, ഹേറോദേസിന്റെ പൈശാചിക നിർദ്ദേശത്തിൽ നിന്ന് രക്ഷയിലേക്കുള്ള വരവ്, അവിടുന്ന് ഈജിപ്തിലേക്കുള്ള പലായനം ഇതെല്ലാം പഴയനിയമ പ്രവചനങ്ങളുടെ നിവൃത്തിയായി കാണുന്നു. മറ്റൊരു ശ്രദ്ധേയമായ കാര്യം യേശുവിന്റെ മലമുകളിലെ പ്രസംഗത്തിൽ സമാധാനവും വിനയവും അടങ്ങിയതിനാൽ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ പ്രകടമാക്കുന്നു. യേശുവിന്റെ അത്ഭുതങ്ങളും അടയാളങ്ങളും - രോഗികളെ സുഖപ്പെടുത്തുന്നത്, പ്രകൃതിയെ നിയന്ത്രിക്കുവാനുള്ള ശക്തി, മരിച്ചവരെ ഉയിർപ്പിക്കുവാനുള്ള അവന്റെ കഴിവ്, ഇതെല്ലാം അവന്റെ ദൈവികതയെയും ദൈവരാജ്യത്തിന്റെ അവതാരകനുമായി തെളിയിക്കുന്നു.

പാരമ്പര്യത്തിന്റെയും മതനേതൃത്വത്തിന്റെയും ശക്തമായ എതിർപ്പുകൾക്കിടയിലും യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുകയും അവരെ തന്റെ ദൈവിക ദൗത്യത്തിലേക്ക് നടത്തുകയും ചെയ്യുന്നു. യേശുവിന്റെ അന്ത്യദിനങ്ങൾ, യെരുശലേമിലേക്കുള്ള പ്രവേശനം, ജറുശലേം ദൈവാലയത്തിലെ കച്ചവടക്കാരെ പുറത്താക്കുക, യേശുവിന്റെ ഉപമകൾ, ഇവ ഈ സുവിശേഷത്തിന് ഊർജ്ജസ്വലതയും ശക്തിയുമാണ്.

യേശുവിന്റെ കഷ്ടതകളും മരണവും ഒടുവിൽ മഹത്തായ പുനരുത്ഥാനവും മനുഷ്യരാശിയുടെ വീണ്ടെടുപ്പിനുള്ള ദൈവത്തിന്റെ ആസൂത്രണം സാക്ഷാത്ക്കരിക്കുന്നു. യേശു തന്റെ ശിഷ്യന്മാർക്ക് അവസാനമായി പ്രത്യക്ഷപ്പെടുന്നു. നിങ്ങൾ പോയി എല്ലാ ജനങ്ങളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന് ആഹ്വാനം ചെയ്യുന്നു. യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമെന്ന് യേശു ശിഷ്യന്മാരോട് വാഗ്ദാനം ചെയ്യുന്നു. ഇതാണ് ശിഷ്യന്മാരുടെ ഏറ്റവും വലിയ വിശ്വാസം. ഇതാണ് വി. മത്തായി ശ്ലീഹാ എഴുതിയ സുവിശേഷം ഇതാണ് നമ്മൾ പഠിച്ച് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടത്.


**58 – ാം വിവാഹ വാർഷികം**
**28-08-2024**



**വി.കെ. ചാണ്ടി & അച്ചാമ്മക്കുട്ടി ചാണ്ടി**
**വടാമറ്റം, ഇറഞ്ഞാൽ**

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം യഹോവ ഞങ്ങളെ നടത്തി
**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**


## Nazareth Asramam, Othera

01/06/2024 to 31/07/2024

**Feast**

| | |
|---|---|
| Samino Abraham, Kanjarathinkal, Ranny | Rs.5000 |
| Amal Babu, Vadakkelayathu, Thiruvanvandoor | Rs. 5000 |
| Vinod Mathew, keruvalliyil Parayil, W. Othera | Rs. 5000 |
| Sunil George, Kadakkalethu, Mazhukeer | Rs. 5000 |

**Donations**

| | |
|---|---|
| JCI Ranny Hill Valley | Rs 10000 |
| P T Johson, Puthiyaveedu, Kottayam | Rs 1000 |
| E M Thomas, Marangattu, U K | Rs 10000 |

**Sponsership**

| | |
|---|---|
| Tony Jacob Cheriyamoozhiyil, Ranny | Rs 2500 |

**Smiju Jacob Mattakkattu**
Secretary, 9446079420

**To make your contributions :**
Account Details
M/s Nazareth Asramam Othera
A/c No: 17290100018264
Bank : Federal Bank Ltd.
Branch : Othera
IFSC : FDRL0001729
MICR Code : 689049203



# മല്പാനോടു ചോദിക്കാം

# മാറാനായ പെരുന്നാളുകൾ എന്നാൽ എന്ത്? അവ ഏവ?

**മാ**റാനായ പെരുന്നാളുകൾ എന്നു പറഞ്ഞാൽ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമശിഹായുടെ രക്ഷാകര പ്രവർത്തനങ്ങളുടെ പെരുന്നാളുകളും, അതുപോലെ തന്നെ കണക്കിടേണ്ട പെരുന്നാളുകളും ആകുന്നു. മാറാനായ പെരുന്നാളുകൾ മൂന്നു തരത്തിലുണ്ട്.

ഒന്നാം തരത്തിലുള്ളത് നമ്മുടെ കർത്താവുമായി നേരിട്ട് ബന്ധമുള്ളവയാണ്. ആ പെരുന്നാളുകളിൽ എല്ലാ വിശ്വാസികളും ഞായറാഴ്ചയിലെപ്പോലെ പള്ളിയിൽ ഹാജരായി ദിവ്യശുശ്രൂഷകളിലും വേദവായനയിലും ധ്യാനത്തിലും സംബന്ധിക്കേണ്ടതും ലൗകിക വേലകളിൽ നിന്ന് ഒഴിഞ്ഞു നിൽക്കേണ്ടതും ആകുന്നു.

1. നമ്മുടെ കർത്താവിന്റെ ചേലാകർമ്മപ്പെരുന്നാൾ ജനുവരി – 1
2. നമ്മുടെ കർത്താവിന്റെ ദനഹാ (സ്നാനം) പ്പെരുന്നാൾ ജനുവരി – 6
3. കർത്താവിന്റെ ദൈവാലയ പ്രവേശനം (മായൽത്തോ) ഫെബ്രുവരി – 2
4. പാതിനോമ്പിലെ സ്ലീബാപ്പെരുന്നാൾ
5. വലിയ നോമ്പിലെ നാൽപ്പതാം വെള്ളിയാഴ്ച
6. ഊശാനപ്പെരുന്നാൾ
7. പെസഹാപ്പെരുന്നാൾ
8. കർത്താവിന്റെ കുരിശുമരണപ്പെരുന്നാൾ – ദുഃഖവെള്ളിയാഴ്ച
9. ദുഃഖശനിയാഴ്ച – അറിയിപ്പിന്റെ പെരുന്നാൾ
10. നമ്മുടെ കർത്താവിന്റെ ഉയർപ്പുപെരുന്നാൾ (Easter)
11. ദൈവമാതാവിനോടുള്ള അറിയിപ്പ് (വചനിപ്പ്)
12. സ്വർഗ്ഗാരോഹണപെരുന്നാൾ
13. പെന്തിക്കോസ്തിപ്പെരുന്നാൾ
14. കൂടാരപ്പെരുന്നാൾ (ഓഗസ്റ്റ് 6)
15. സ്ലീബാപ്പെരുന്നാൾ (സെപ്തംബർ 14)
16. നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ (ഡിസംബർ 25)

രണ്ടാം തരത്തിലുള്ള മാറാനായപ്പെരുന്നാളുകൾ കർത്താവുമായി നേരിട്ട് ബന്ധപ്പെട്ടതല്ലെങ്കിലും ഒന്നാം തരത്തിലുള്ള മാറാനായപ്പെരുന്നാളുകൾപ്പോലെ കണക്കിടേണ്ടതും ലോകവേലകളിൽ നിന്ന് ഒഴിഞ്ഞ് ദൈവാലയത്തിൽ ഹാജരായി ദിവ്യശുശ്രൂഷകളിൽ സംബന്ധിക്കേണ്ടതാണ്. ഇവ മിക്കവയും നോമ്പുകൾ വീടുമ്പോൾ ഉള്ളതാകയാൽ ആ ദിവസങ്ങളിൽ വി. കുർബ്ബാനയിൽ സംബന്ധിക്കുമ്പോൾ മാത്രമേ നോമ്പ് പൂർണ്ണമാകയുള്ളൂ.

1. മൂന്നു നോമ്പിന്റെ ബുധനാഴ്ചയും വ്യാഴാഴ്ചയും
2. ജൂൺ 29 ശ്ലീഹാ നോമ്പിന്റെ വീടൽ
3. ജൂൺ 30 പന്ത്രണ്ട് ശ്ലീഹന്മാരുടെ ഓർമ്മ
4. ഓഗസ്റ്റ് 15 ശൂനോയോപ്പെരുന്നാൾ (മാതാവിന്റെ വാങ്ങിപ്പും, മുന്തിരിത്തണ്ടുകൾക്കുവേണ്ടി മാതാവിന്റെ ഓർമ്മയും)

മൂന്നാം തരത്തിലുള്ള മാറാനായപ്പെരുന്നാളുകൾ കർത്താവിന്റെയല്ലെങ്കിലും മാറാനായപ്പെരുന്നാളുകളെപ്പോലെ കണക്കിടേണ്ടതും വി. കുർബ്ബാനയിലും ശുശ്രൂഷകളിലും പങ്കെടുക്കേണ്ടതുമാണ്. ഈ ദിവസങ്ങളിൽ ലൗകികവേലകൾ ചെയ്താൽ അത് കുറ്റകരമായിരിക്കുകയില്ല.

1. ജനുവരി 15 – (വിത്തുകൾക്കുവേണ്ടി മാതാവിന്റെ ഓർമ്മ)
2. വലിയ നോമ്പിലെ ആദ്യശനിയാഴ്ച (മോർ അപ്രേമിന്റെയും, മോർ തേവോദോറോസിന്റെയും ഓർമ്മ)
3. മാർച്ച് 9 – നാല്പതു സഹദേന്മാരുടെ ഓർമ്മ
4. ഉയർപ്പിനുശേഷമുള്ള ഹേവോറോ നാളുകൾ
5. മെയ് 15 – കതിരുകൾക്കുവേണ്ടി ദൈവമാതാവിന്റെ ഓർമ്മ
6. ജൂൺ 15 – ദൈവമാതാവിന്റെ നാമത്തിൽ ആദ്യ പള്ളി സ്ഥാപിച്ച തിരുനാൾ
7. ജൂലൈ 3 – മാർ തോമാശ്ലീഹായുടെ ഓർമ്മ
8. സെപ്തംബർ 8 – ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ
9. നവംബർ 21 – ദൈവമാതാവിന്റെ ദൈവാലയ പ്രവേശനം
10. ഡിസംബർ 21– മോർ തോമാശ്ലീഹായുടെ സാക്ഷ്യമരണ ഓർമ്മ
11. ഡിസംബർ 26 – മാതാവിന്റെ പുകഴ്ചപ്പെരുന്നാൾ
12. ഡിസംബർ 27– ശിശുവധപ്പെരുന്നാൾ

ഇവ കൂടാതെ ശ്ലീഹന്മാരുടെയും, നിബിയന്മാരുടേയും സഹദേന്മാരുടെയും, പരിശുദ്ധന്മാരുടെയും ഒക്കെ ഓർമ്മദിവസങ്ങൾ മൂന്നാംതരത്തിലുള്ള മാറാനായപ്പെരുന്നാളുകളായി കണക്കിടേണ്ടതാണ്.

മേൽപ്പറഞ്ഞ മൂന്നിലേതെങ്കിലും തരത്തിലുള്ള മാറാനായ പ്പെരുന്നാളുകൾ ബുധനാഴ്ചയോ വെള്ളിയാഴ്ചയോ ആയി വന്നാൽ മറ്റ് നോമ്പ് വേണ്ടെന്നും മാംസം മുതലായവ ഭക്ഷിക്കാവുന്നതുമാണ്. എന്നാൽ ഭക്ഷണം ഒഴിച്ചുള്ള കാര്യങ്ങളിൽ വ്രതം ഉണ്ടായിരിക്കുന്നതാണ്.

ഞായറാഴ്ച ദിവസങ്ങൾ ഒന്നാം തരത്തിലുള്ള മാറാനായ പ്പെരുന്നാൾ ആണെന്ന് ഏവർക്കും അറിവുള്ളതാകയാൽ മേൽപ്പറഞ്ഞ ലിസ്റ്റിൽ പ്രത്യേകം പറഞ്ഞിട്ടില്ലെന്നു മാത്രം.

# കാലം ഏറെ ആയാലും കാത്തിരിക്കുന്ന അവർണ്ണ സ്നേഹം

സണ്ണി കുറിയാക്കോസ് ഇളംപുരയിടത്തിൽ, നെല്ലിക്കമൺ, റാന്നി

ലൂക്കാ.15:17-19 അപ്പോൾ സുബോധം വന്നിട്ട് അവൻ എന്റെ അപ്പന്റെ എത്രയോ കൂലിക്കാർ ഭക്ഷണം കഴിച്ച് ശേഷിക്കുന്നു. "ഞാനോ വിശപ്പുകൊണ്ട് നശിച്ചു പോകുന്നു". ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്ന പേരിനു യോഗ്യനല്ല കൂലിക്കാരിൽ ഒരുവനെപ്പോലെ ആക്കേണമെ എന്നു പറയും എന്നു പറഞ്ഞു. അങ്ങനെ അവൻ എഴുന്നേറ്റ് അപ്പന്റെ അടുക്ക



ലേക്ക് ചെന്നു. ദുരത്തു നിന്ന് തന്റെ പിതാവ് അവനെ കണ്ടു. അവൻ ഓടിച്ചെന്ന് തന്റെ മകന്റെ കഴുത്തിൽ കെട്ടിപ്പിടിച്ച് അവനെ ചുംബിച്ചു.

യെശയ്യ 40:30 ബാല്യക്കാർ ക്ഷീണിച്ചു തളർന്നുപോകും. യൗവ്വനക്കാരും ഇടറിവീഴും. എങ്കിലും യഹോവേ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവർ കഴുകൻമാരെപ്പോലെ ചിറകടിച്ച് കയറും അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും.

പാപിയായ മനുഷ്യന്റെ തിരിച്ചുവരവിനുവേണ്ടി കാത്തിരിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ സ്നേഹത്തിന്റെ അഗാധതയാണ് മുടിയനായ പുത്രന്റെ ഉപമയിലൂടെ കർത്താവ് വരച്ചു കാട്ടുന്നത്. തന്റെ സമ്പാദ്യത്തിന്റെ ഒരു പങ്ക് തന്റെ ഇളയമകൻ ആവശ്യപ്പെടുമ്പോൾ യാതൊരു വിസമ്മതവും പറയാതെ അവന് അതു നൽകുന്നതോടെ ആ പിതാവിന്റെ സ്നേഹത്തിന്റെ ആഴമേറിയ പ്രദർശനം ആരംഭിക്കുന്നു. തന്നെക്കുറിച്ച് യാതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കാൻ തയ്യാറാകാതെ താൻ നൽകിയ സ്വത്ത് എല്ലാം സ്വരൂപിച്ച് ദൂരദേശത്തേയ്ക്ക് യാത്രതിരിച്ച ആ മകനെക്കുറിച്ച് ആ പിതാവ് യാതൊരു പരാതിയും പറഞ്ഞില്ല. എന്നാൽ ആ മകൻ ദുർനടപ്പുകാരനായി തന്റെ പിതാവിൽ നിന്ന് ലഭിച്ച സമ്പാദ്യം എല്ലാം ധൂർത്തടിച്ചുകളഞ്ഞു. ദേശത്ത് കഠിനമായ ക്ഷാമം ഉണ്ടായപ്പോൾ മറ്റ് മാർഗ്ഗം ഒന്നുമില്ലാത്ത അവൻ പന്നിയെ മേയിക്കുന്ന ജോലി ഏറ്റെടുത്തെങ്കിലും പന്നിക്ക് കൊടുക്കുന്നതായ തീറ്റപോലും ആരും അവനു നൽകിയില്ല. അപ്പോൾ അവനു സുബോധം വന്നു. തന്റെ പിതാവിന്റെ ജോലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു. തനിക്ക് ആകട്ടെ പന്നിയുടെ തീറ്റപോലും ലഭിക്കുന്നില്ല. അതുകൊണ്ട് അവൻ തന്റെ പിതാവിന്റെ അടുക്കലേക്ക് മടങ്ങിച്ചെന്ന് അവനോട് അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തിരിക്കുന്നു ഇനിയും നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുവനെപ്പോലെ എന്നെ ആക്കേണമേ എന്നു പറയാം എന്നു തീരുമാനിച്ചു. തന്റെ പിതാവിന്റെ അടുത്ത് തിരികെ എത്തും എന്ന് അവന് യാതൊരു ഉറപ്പും ഇല്ലായിരുന്നു. പട്ടിണികിടന്ന് അവശനായ തന്നെ പിതാവ് തിരിച്ചറിയുമോ എന്ന് അവന് ആശങ്ക ഉണ്ടായിരുന്നു. കഠിനമായ ക്ഷാമത്താൽ വലയുന്ന ആ ദേശത്ത് അവന് യാത്ര ചെയ്യുന്നതിന് മൃഗങ്ങളോ സൗകര്യങ്ങളോ ഒന്നുമില്ലായിരുന്നു.

തന്റെ മുമ്പിലുള്ള ഭയാനകമായ ഭവിഷ്യത്തുകളെ ഭയപ്പെടാതെ അവൻ തന്റെ പിതാവിന്റെ അടുത്തേക്ക് യാത്ര തിരിച്ചു. തളർന്നു അവശനായി പ്രാകൃതനായി വരുന്ന തന്റെ മകനെ ദൂരത്തു നിന്ന് ആ പിതാവ് കണ്ടു. കാരണം തന്റെ മകൻ പോയ നിമിഷം മുതൽ അവൻ തിരിച്ചു വരും എന്ന പ്രതീക്ഷയോടെ സ്നേഹധനനായ ആ പിതാവ് ദൂരത്തേയ്ക്ക് കണ്ണും നട്ടിരിക്കയായിരുന്നു. അവൻ മനസ്സലിഞ്ഞ് ഓടിച്ചെന്ന് തന്റെ മകനെ കെട്ടിപ്പിടിച്ച് ചുംബിച്ചു. മകൻ അപ്പനോട് അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു നിന്റെ മകനെന്നു വിളിക്കപ്പെടുവാൻ ഇനി ഞാൻ യോഗ്യനല്ല എന്നു പറഞ്ഞു. പക്ഷേ ആ പിതാവ് അപ്പോഴും അവനെ പഴിക്കുകയോ കോപിക്കുകയോ ചെയ്യാതെ മടങ്ങി വന്ന തന്റെ മകനെ മേൽത്തരമായ അങ്കിയും അവന്റെ വിരലിനു മോതിരവും, കാലിനു ചെരിപ്പും നൽകുവാൻ തന്റെ ദാസന്മാരോട് കല്പിച്ചു. മാത്രമല്ല എന്റെ ഈ മകൻ മരിച്ചവനായിരുന്നു. വീണ്ടും ജീവിച്ചു. കാണാതെപോയിരുന്നു കണ്ടുകിട്ടിയിരിക്കുന്നു എന്നു പറഞ്ഞ് ആനന്ദിച്ചു തുടങ്ങി. സ്നേഹവാനായ ദൈവത്തിന്റെ അനുഗ്രഹങ്ങൾ പ്രാപിച്ചശേഷം തന്നെ മറന്ന് പാപത്തിന്റെ പെരുവഴിയിലൂടെ ഓടുന്ന തന്റെ മക്കളുടെ തിരിച്ചുവരവിനുവേണ്ടി ക്ഷമയോടെ കാത്തിരിക്കുന്ന കരുണാസമ്പന്നനായ ദൈവത്തിന്റെ അവർണ്ണനീയമായ സ്നേഹം നമുക്കായി ജീവൻ അർപ്പിച്ച യേശുവിലൂടെ നാം അനുഭവിച്ചറിയണം. അതിന് സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കുമാറാകട്ടെ.




# ഡി.സി. എന്ന അത്ഭുതം

എബി

ദൈവം തന്ന വിത്ത് നല്ല നിലത്ത് വിതച്ച് നൂറുമേനി വിളവ് കൊയ്ത കാഞ്ഞിരപ്പള്ളിക്കാരൻ കർഷകനാണ് ഡി.സി. കിഴക്കേമുറി. അക്ഷരങ്ങളെ സ്നേഹിച്ച് അരനൂറ്റാണ്ടിലേറെ അതിനെ നിശ്ശബ്ദമായി സ്നേഹിച്ച് ആ കലയെ ഒരു വ്യവസായമായി മാറ്റി ചരിത്രം സൃഷ്ടിച്ച ഡൊമിനിക് ചാക്കോ ഒരത്ഭുതം തന്നെയാണ്. വേണ്ടത്ര മൂലധനമോ മറ്റു സൗകര്യങ്ങളോ ഇല്ലാതെ തുടങ്ങിയ സംരംഭം ഇന്ന് തെന്നിന്ത്യയിലെ ഏറ്റവും വലിയ പബ്ലിഷിംഗ് ഹൗസായി നിലകൊള്ളുന്നു. അതിന്റെ പിന്നിലെ ചാലക ശക്തിയാണ് ഡി.സി. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഡൊമിനിക്ക് ചാക്കോ എന്ന കാഞ്ഞിരപ്പള്ളിക്കാരൻ. തന്റെ സ്ഥാപനത്തിനുവേണ്ടി പ്രസാധനം മാത്രമല്ല പത്രാധിപവേഷവും അണിഞ്ഞു. 'കോട്ടയം വാർത്ത' എന്ന പത്രവും ഡി.സി. പ്രസിദ്ധികരിച്ചു.



1914 ജനുവരി 12-നാണ് ചാക്കോ ഏലിയാമ്മ ദമ്പതിമാരുടെ മകനായി ഡി.സി. ജനിക്കുന്നത്. വിദ്യാഭ്യാസത്തിനുശേഷം 12 വർഷത്തോളം അദ്ധ്യാപന വൃത്തിയിലേർപ്പെട്ടു. അന്ന് വയസ്സ് വെറും 16. ആ കാലങ്ങളിൽ എല്ലാവരും അദ്ദേഹത്തെ കൊച്ചുസാർ എന്നു വിളിച്ചിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് കോൺഗ്രസ്സിലൂടെ കുറെയൊക്കെ രാഷ്ട്രീയ പ്രവർത്തനവും നടത്തി. 1946-47 കാലത്ത് ജയിൽവാസവും അനുഭവിച്ചു.

സ്വാതന്ത്ര്യസമര പ്രവർത്തനവും കൃഷിയും അദ്ധ്യാപനവുമൊക്കെയായി കഴിയുന്നതിനിടെയാണ് സുഹൃത്ത് പൊൻകുന്നം വർക്കി ഡി.സി.യെ വിളിച്ചത്. നമുക്ക് കോട്ടയത്തൊരു പുസ്തകശാല തുടങ്ങിയാലോ.

കാഞ്ഞിരപ്പള്ളി സഹൃദയ വായന ശാലയിൽനിന്ന് ലഭിച്ച പുസ്തകപ്രേമവും അദ്ധ്യാപകന്റെ വിജ്ഞാന ദാഹവും കർഷകന്റെ കർമ്മ ശേഷിയുമായി ഡി.സി. 1945-ൽ കോട്ടയത്ത് എൻ.ബി.എസ് (നാഷണൽ ബുക്ക്സ്റ്റാൾ) ന് തുടക്കമിട്ടു. പിന്നീട് 1949-ൽ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ജനറൽ മാനേജരായി. വെറും 170- രൂപാ മൂലധനമുള്ള സംഘത്തെ വലിയ സ്ഥാപനമായി പടുത്തുയർത്തി. 1958 ഒടുവിൽ സംഘത്തിൽനിന്ന് പിരിയുമ്പോൾ 7500 രൂപ മൂലധനവുമായി 1974 ആഗസ്റ്റ് 29 ന് ഡി.സി. ബുക്ക്സ് തുടങ്ങി. അപ്പോൾ ഡി.സി. ഷഷ്ടിപൂർത്തി പിന്നിട്ടിരുന്നു.

വിപണനത്തിന് ഡി.സി. കണ്ടുപിടിച്ച പുതുവഴിയായിരുന്ന പുസ്തക ചന്ത. 1985-ൽ പുസ്തക ചന്ത തുടങ്ങിയപ്പോൾ അതിനെതിരെ എറണാകുളത്ത് ചുവരെഴുത്തുകൾ പ്രത്യക്ഷപ്പെട്ടു. "ചന്ത" എന്നാൽ അവശ്യ വസ്തുക്കൾ വില കുറച്ചു വിൽക്കുന്ന ഇടം" എന്നേ അർത്ഥമുള്ളൂ. ആ വാക്കിന് സംസ്കാരലോപം ആരോപിക്കുന്നവർക്കാണ് വിവരമില്ലാത്തത്." ഇതായിരുന്നു ഡി.സി. യുടെ മറുപടി. ആദ്യത്തെ പുസ്തക ചന്ത വിജയമായതോടെ മറ്റുള്ളവരും അനുകരിക്കാൻ തുടങ്ങി. അതോടെ അവശ്യ വസ്തുക്കളുടെ പട്ടികയിലേക്ക് പുസ്തകവും ഇടം നേടി. പിന്നീട് ഇംഗ്ലീഷ്, മലയാളം, ഹിന്ദി നിഘണ്ടുവും പുറത്തിറക്കി. അതും ഒരു വൻ വിജയമായതോടെ പ്രസാധന രംഗത്ത് പുതിയ പാതകൾ തുറക്കാൻ ഡി.സി. യ്ക്ക് സാധിച്ചു.

അരയിൽ ടൈംപീസുമായിട്ടാണ് ഡി.സി നടക്കുന്നതെന്നു പറഞ്ഞത് മുഹമ്മദ് ബഷീറാണ്. ഏതു യോഗത്തിനും സമയത്തിന് മുൻപെത്തും. ചടങ്ങു വൈകിയാൽ പത്ത് മിനിറ്റ് കാത്തിരിക്കും. പിന്നെ സ്ഥലം വിടും. ഇങ്ങനെയായിരുന്നു ഡി.സി. യുടെ സമയ നിഷ്ഠ. ഡി.സി. സംഘടിപ്പിച്ചിരുന്ന യോഗങ്ങൾ കൃത്യ സമയത്തു തന്നെ തുടങ്ങും. നോട്ടീസിൽ പറഞ്ഞിട്ടുള്ള സമയത്ത് അവസാനിപ്പിക്കുകയും ചെയ്യും.

1975 ഏപ്രിൽ 30 മുതൽ മൂന്നു ദിവസം സംഘത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ഡി.സി.യുടെ നേതൃത്വത്തിൽ ആഘോഷിച്ചിരുന്നു. രാവിലെ 7 ആണ് ആദ്യയോഗം. ഗവർണർ വിശ്വനാഥൻ വരാൻ 5 മിനിറ്റ് വൈകി. പക്ഷെ കൃത്യ സമയത്തുതന്നെ ഡി.സി. യോഗം തുടങ്ങി (ഇന്ന് അത് ചിന്തിക്കാൻ പറ്റുമോ). വൈകിയെത്തിയതിന് ക്ഷമ ചോദിച്ചാണ് ഗവർണർ പ്രസംഗം തുടങ്ങിയത്.

1974 ൽ ഡി.സി. ബുക്സ് ആരംഭിച്ചതിനു ശേഷം 77- ൽ കറന്റ് ബുക്ക്സ് ഏറ്റെടുത്തു 1962 മുതൽ 74 വരെ കോട്ടയം പബ്ലിക് ലൈബ്രറിയുടെ സെക്രട്ടറി, നവഭാരതവേദി വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾക്ക് താമ്രപത്രം ലഭിച്ചു.

'കറുപ്പും വെളുപ്പും', 'ചെറിയകാര്യങ്ങൾ മാത്രം' എന്നിവയടക്കം 13 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫെഡറേഷൻ ഓഫ് ഇൻഡ്യ പബ്ലിഷേഴ്സ്സിന്റെ ഡിസ്റ്റിംഗ്വിഷ്ഡ് പബ്ലിഷർ ഓഫ് ദി ഇയർ അവാർഡ് (1996) 'ബുക്ക് സെല്ലേഴ്സ് ആൻഡ് പബ്ലിഷേഴ്സ് അസോസിയേഷൻ ഓഫ് സൗത്ത് ഇൻഡ്യയുടെ വെറ്ററൻ പബ്ലിഷർ എന്നീ അവാർഡുകളും ഡി.സി.യെ തേടിയെത്തിയിട്ടുണ്ട്.

എവിടെയെങ്കിലും ഗേറ്റിൽ നിന്ന് പത്രം വായിക്കുന്ന ഡി.സി.യെ കണ്ടാൽ അദ്ദേഹത്തെ അറിയുന്നവർക്ക് മനസ്സിലാകും അകത്തേക്കു കയറാൻ സമയമാകുന്നത് കാത്തു നിൽക്കയാണെന്ന്. അവസാനം പങ്കെടുത്ത അഖില വിജ്ഞാന കോശത്തിന്റെ പ്രകാശ ചടങ്ങിലുൾപ്പെടെ സമയനിഷ്ഠ പാലിച്ചു. ആ കൃത്യത മരണത്തിലും തുടർന്നു. താൻ വിതച്ചതിന്റെ വിളവെടുപ്പ് സന്തോഷത്തോടും സംതൃപ്തിയോടും കൂടി നടത്തിയ അക്ഷര ലോകത്തെ അത്ഭുത പ്രതിഭയായിരുന്നു ഡി.സി. കിഴക്കേമുറി. ആ ജീവിത പുസ്തകത്തിന്റെ താളുകൾ എന്നന്നേക്കുമായി അടഞ്ഞത് 1999 ജനുവരി 26-ന് കൃത്യം പന്ത്രണ്ടു മണിക്ക് 85-ാമത്തെ വയസ്സിൽ.

## വിചിന്തനം...

# നോമ്പിന്റെ കാമ്പ്

ഫാ. ചെറിയാൻ താഴമൺ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ദീപിക

നോമ്പിലേക്കൊരു വിചിന്തനം അതു മാത്രമാണിത് നോമ്പിനെക്കുറിച്ചൊരു ദൈവശാസ്ത്ര വിശകലനമോ ദൈവവചനാധിഷ്ഠിത പഠനമോ ഒന്നുമല്ല അല്പംകൂടി ഹൃദയതപത്തോടെ നോമ്പനുഷ്ഠിക്കുവാൻ ഉതകുമെന്നു കരുതി ഒരു ധ്യാന വിചിന്തനം ധ്യാനപൂർവം ഇതിലെ ഓരോ വരികളിലൂടെയും കണ്ണോടിക്കുവാൻ ഒന്നു ശ്രമിച്ചു നോക്കുക മനസ്സിനിണങ്ങുന്നുവെങ്കിൽ വായന തുടരുക അല്ലെങ്കിൽ തുടക്കത്തിലേ വിരമിക്കുക

നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ മത്തായി നമ്മുടെ ദൈവവിളി ഇതാണ് ഇതുമാത്രമാണ് സ്വർഗീയ പിതാവിന്റെ പൂർണത ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിരഹിതരുടെയും നീതിമാന്മാരുടെയും മേൽ മഴപെയ്യിക്കുകയും ചെയ്യുന്ന പൂർണ്ണത ക്രൈസ്തവ ആധ്യാത്മികത ഈ പൂർണ്ണതയിലേക്കുള്ള തീർത്ഥാടനമാണ് തീർത്ഥാടനവഴി യേശുനാഥൻ വ്യക്തമായി വരച്ചു തന്നിട്ടുണ്ട് ഈ വഴിയെ പ്രയാണം ചെയ്ത് ലക്ഷ്യം നേടിയവർ പിതാക്കന്മാരും ശുദ്ധിമാന്മാരും ശുദ്ധിമതികളും നമ്മുടെ മുമ്പിൽ തേജോമയമായി വിളങ്ങി നിൽക്കുന്നുണ്ട് സഭാമാതാവ് ആ തീർത്ഥാടനപാത നമുക്ക് കാട്ടിത്തരുന്നുണ്ട്

മലങ്കര സുറിയാനി സഭയുടെ നോമ്പുകാല പ്രാർത്ഥനയിലെ ഏതാനും ഭാഗങ്ങൾ ഉദ്ധരിക്കാം ശ്രദ്ധയോടെ വായിക്കുക ഒരു പക്ഷേ നിങ്ങളുടെ ധ്യാനചിന്തയ്ക്ക് അതു ഉപകരിച്ചേക്കാം വ്യാഴാഴ്ച രാത്രി പ്രാർത്ഥനയുടെ മൂന്നാം കൗമായിൽ നാം ഇങ്ങനെ പ്രാർത്ഥിക്കുന്നു **"പൊന്നിനും വെള്ളിക്കും വായുണ്ടായിരുന്നെങ്കിൽ അതാർജിക്കുന്നവരോട് ഇപ്രകാരം പറയുമായിരുന്നു. എന്നോടു നിങ്ങൾ സമീപിക്കരുത്. എന്തെന്നാൽ അനാഥരിൽ നിന്നും അഗതികളിൽ നിന്നും വിധവകളിൽ നിന്നും ദരിദ്രരുടെ വയലുകളിൽ നിന്നും നിങ്ങൾ എന്നെ അപഹരിച്ചിരിക്കുന്നു. മരണം വരികയും നിങ്ങളെ കൂട്ടിക്കൊണ്ടു പോവുകയും ചെയ്യുമ്പോൾ നിങ്ങൾക്കു ഹാ കഷ്ടം! ഞാനോ ഇവിടെത്തന്നെ അവശേഷിക്കുന്നു. നിങ്ങൾക്കോ ന്യായവിധിയും കെടാത്ത അഗ്നിയും സൂക്ഷിക്കപ്പെട്ടിരിക്കുന്നു".** വീണ്ടും വ്യാഴാഴ്ച പ്രഭാത പ്രാർത്ഥനയിലെ ബോവൂസായിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു **"നിന്റെ സമ്പാദ്യത്തെ കാണിക്കുക, നിന്റെ സ്വർണ്ണത്തെ കൊണ്ടുവരിക. നിന്റെ ധനത്തെ ശേഖരിക്കുക, നിന്റെ ഞെരുക്കത്തിൽ നിന്നു അതു നിന്നെ രക്ഷിക്കുന്നുവെങ്കിൽ അതു നിന്റേതായിക്കൊള്ളട്ടെ. നിന്റെ രോഗം നശിപ്പിക്കുവാൻ നിന്റെ ധനത്തിനു കഴിയുന്നില്ലെങ്കിൽ എന്തു പ്രയോജനം? പ്രയോജനമില്ലെങ്കിൽ നീ എന്തിനു അതു സൂക്ഷിച്ചു വയ്ക്കുന്നു".** വെള്ളിയാഴ്ച പ്രഭാത പ്രാർത്ഥനയിൽ ഇപ്രകാരം ചൊല്ലുന്നു **"സകല വിഭവങ്ങളും നിറഞ്ഞിരിക്കുന്ന എന്റെ മേശ എവിടെയാകുന്നു. കണ്ടാലും ഒരു തുള്ളി വെള്ളം ഞാൻ ചോദിച്ചിട്ട് എനിക്കു ലഭിക്കുന്നില്ല. ഞാൻ ഓടി നടന്ന് നാനാഭാഗത്തുനിന്നും സമ്പാദിച്ചതായ സ്വർണം എവിടെ? ഒരു തുള്ളി വെള്ളത്തിനു പകരമായി അതു മുഴുവൻ ചെലവാക്കാമായിരുന്നു".**

**"ധനം ഒരു ചുമടാകുന്നു. അതു ചങ്ങലയും വിലങ്ങുമാകുന്നു. തന്റെ ആത്മാവിനെ ദൈവത്തിൽ ലയിപ്പിക്കുന്നവന് യഥാർത്ഥ ധനമുണ്ട്. സർവലോകത്തിലുമുള്ള സകല രാജാക്കന്മാരുടെയും സർവനിക്ഷേപങ്ങളും കൂടിയാലും അതു ദൈവത്തെ ശരണം പ്രാപിക്കുന്നവന്റെ നിക്ഷേപത്തേക്കാൾ തുലോം ചെറുതാകുന്നു".**

വ്യാഴം ഒമ്പതാംമണിയിലെ പ്രാർത്ഥനയിൽ നിന്നൊരു ഉദ്ധരണി **"നോമ്പുകാരാ, നീ ദരിദ്രനെ വിളിക്കുകയും അവനു ഭക്ഷണം നൽകുകയും ചെയ്യുക. അവൻ വരികയില്ല. നീ അവന്റെ പിന്നാലെ പോയി അവന്റെ വിശപ്പ് ശമിപ്പിക്കുക. നിലങ്ങൾ കൃഷിക്കാരുടെ പിന്നാലെ പോയിട്ടല്ല കൃഷിക്കാർ തന്നെ വിത്തു വഹിക്കുകയും വിതയ്ക്കാൻ പുറപ്പെടുകയുമത്രെ ചെയ്യുന്നത്".** ആധുനിക സംസ്കാരവും ആനുകാലിക ജീവിതവും ശ്രദ്ധിക്കുക കൂടുതൽ കൂടുതൽ സമ്പാദിക്കുന്നതിനും സ്വന്തമാക്കുന്നതിനും വ്യഗ്രചിത്തരായ ജനം ജീവിതത്തിനൊരന്തമുണ്ടെന്ന ചിന്തയില്ലാത്ത ജനം

കേട്ടറിഞ്ഞ ഒരറിവ് ലോകത്തിലെ ഏറ്റവും വലിയ പ്രമാണിമാർ റോമൻ ചക്രവർത്തിമാരായിരുന്നു ഒരു കാലത്ത് അവരെ ദൈവമായിട്ടാണ് ജനം കരുതിയിരുന്നത് അവർ വിശേഷിപ്പിക്കപ്പെട്ടിരുന്നതുതന്നെ ഡിവൈൻ മജസ്റ്റി എന്നായിരുന്നു ഈ റോമൻ ചക്രവർത്തിമാരെ ആരാധിക്കാൻ വിസമ്മതിച്ചതിന്റെ പേരിലാണ് ആദിമ ക്രൈസ്തവർ അനേകർ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തത് ഇവർക്ക് ഒരു പ്രത്യേക സംവിധാനമുണ്ടായിരുന്നു രാജാക്കന്മാർ രാജസദസിൽ ഇരിക്കുമ്പോൾ ഒരു ഭൃത്യൻ ഇടയ്ക്കിടെ ചക്രവർത്തിയുടെ ചെവിയിൽ ഇപ്രകാരം മന്ത്രിക്കും തിരുമേനി അങ്ങ് മരിക്കുമെന്ന് ഓർത്തുകൊള്ളുക നോമ്പിനെക്കുറിച്ച് ധ്യാനിക്കുമ്പോൾ ഓർക്കുക ഈ ലോകം അന്ത്യമല്ല-

വീണ്ടും ഒരു പുരാതന സംഭവം കുറിക്കാം ഒരുപക്ഷേ കേട്ടുപഴകിയ ഒരു സംഭവം മഹാനായ അലക്സാണ്ടർ ചക്രവർത്തി ഗ്രീസ് ഭരിക്കുന്ന കാലം അന്നവിടെ ജീവിച്ചിരുന്ന തത്വചിന്തകൻ ഡയോജനീസിനെ അറിയില്ലേ പട്ടാപ്പകൽ റാന്തൽ വിളക്കുമായി മനുഷ്യനെ തേടി പട്ടണത്തിലൂടെ നടന്ന ഭ്രാന്തൻ

ലോകം മുഴുവൻ കീഴടക്കി മടങ്ങിയെത്തിയ അലക്സാണ്ടർ ചക്രവർത്തി ഡയോജനീസിന് എന്തെങ്കിലുമൊരു പാരിതോഷികം നൽകി ആദരിക്കാനാഗ്രഹിച്ചു ദൂതന്മാർ വഴി ആഗ്രഹം ഡയോജനീസിനെ അറിയിച്ചു അദ്ദേഹം അത് അശേഷം ഗൗനിച്ചില്ല നിർബന്ധിച്ചപ്പോൾ **തനിക്കു യാതൊന്നും നല്കാൻ ചക്രവർത്തിക്കു കഴിയില്ലെന്ന് അദ്ദേഹത്തെ അറിയിക്കാൻ ഡയോജനീസ് അവരോടു പറഞ്ഞു.** ഡയോജനീസ് വെറുമൊരു ഭ്രാന്തനല്ല മുഴുഭ്രാ

ന്തനാണെന്ന് ഭൃത്യന്മാർ തീരുമാനിച്ചു ലോകം മുഴുവൻ കീഴടക്കിയ ചക്രവർത്തിക്ക് യാതൊന്നും നല്കാൻ കഴിയില്ലെന്നു പറയുന്നവർ മുഴുഭ്രാന്തനല്ലാതെ മറ്റെന്താണ്

എന്നാൽ അലക്സാണ്ടർ ഡയോജനീസിനെ മനസ്സിലാക്കുന്നവനായിരുന്നു ചക്രവർത്തി അദ്ദേഹത്തെ സമീപിച്ചു ചോദിച്ചു യാതൊന്നും നല്കാൻ എനിക്കു കഴിയില്ലെന്നു പറഞ്ഞതെന്തുകൊണ്ടാണ് ഡയോജനീസ് മന്ദഹാസത്തോടെ പറഞ്ഞു **ഞാൻ ആഗ്രഹമില്ലാത്തവനാണ്. ആഗ്രഹമില്ലാത്തവർക്ക് യാതൊന്നും നല്കുവാൻ ഒരാൾക്കും കഴിയില്ല".**

ലോകത്തോടുള്ള അമിത ആഗ്രഹംകൊണ്ട് ലോകം മുഴുവൻ കീഴടക്കിയ ചക്രവർത്തി അല്പസമയം അമ്പരന്നു നിന്നു ഇതാ തന്റെ മുമ്പിൽ ലോകത്തോട് അല്പം പോലും കാംക്ഷയില്ലാത്ത നിർമമൻ അലക്സാണ്ടറുടെ അതുവരെയുള്ള ജീവിതത്തെയാണ് ആ മറുപടി തിരസ്കരിച്ചത് ആഗ്രഹങ്ങൾക്കു പിന്നാലെ പായുന്നവൻ എന്നും അങ്ങനെയല്ലാത്തവനെ ഭ്രാന്തൻ എന്നേ പറയൂ **നോമ്പുകാലത്ത് ഒരു പരിശ്രമം നടത്തുക; ആഗ്രഹങ്ങൾ കുറയ്ക്കുക.**

ഈ സംഭവത്തിനൊരു രണ്ടാം ഭാഗമുണ്ട് അതും മാലോകർക്കാകെ അറിയാം കഥ പൂർത്തിയാകുന്നത് അലക്സാണ്ടറുടെ മരണത്തോടെ മരണത്തിന് അല്പം മുമ്പ് അലക്സാണ്ടർ അനുചരന്മാരോടു പറഞ്ഞു തന്റെ മൃതശരീരം അടക്കം ചെയ്യുമ്പോൾ രണ്ടു കൈകളും പെട്ടിക്കു പുറത്തേക്കിടണം ലോകംമുഴുവൻ കീഴടക്കിയവൻ ലോകത്തോടു വിടവാങ്ങിയപ്പോൾ യാതൊന്നും കൊണ്ടുപോയില്ല എന്നു ലോകത്തെ ബോധ്യപ്പെടുത്താൻ യേശുവചനം ഓർക്കുക **'ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നഷ്ടപ്പെട്ടാൽ എന്തു പ്രയോജനം'.**

ലോകത്തിലെങ്കിലും ലോകത്തിന്റേതല്ലാതെ ജീവിക്കേണ്ടവരാണ് നാം ലാഭത്തിന്റെയും നേട്ടത്തിന്റെയും ശക്തിയുടെയും മാത്രം ഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ വ്യത്യസ്തനായിരിക്കണം ക്രിസ്ത്യാനി **'ശക്തിഹീനന്റെ പക്ഷം പിടിക്കുന്നവൻ'.**

നമുക്ക് ചിന്ത തുടരാം മലമുകളിലെ ഗുഹയിൽ ഒരു സന്ന്യാസി ജീവിച്ചിരുന്നു അദ്ദേഹത്തിനൊരു ദർശനം കിട്ടി വലിയ വരൾച്ചയും ഭൂകമ്പവും ഉണ്ടാകും അവശേഷിക്കുന്ന വെള്ളമെല്ലാം വിഷമായി മാറും അതു കുടിക്കുന്നവരെല്ലാം ഭ്രാന്തരാകും അദ്ദേഹം ഈ വിവരം താഴ്‌വരയിലുള്ളവരെ അറിയിച്ചു സന്ന്യാസി വരൾച്ചക്കാലത്തേക്ക് ശുദ്ധജലം ശേഖരിച്ചു വച്ചു ജനം ഗൗനിച്ചില്ല വരൾച്ചയും ഭൂകമ്പവും വന്നു ജലക്ഷാമം വന്നു കിട്ടിയ വെള്ളം അവർ കുടിച്ചു അവരെല്ലാം ഭ്രാന്തരായി സന്ന്യാസി ഇതെല്ലാം വേദനയോടെ നോക്കി കണ്ടു എല്ലാവർക്കും ഭ്രാന്ത് അവർ സന്ന്യാസിയെ നോക്കി ഓരോ വിക്രിയകൾ കാട്ടിത്തുടങ്ങി ഞാൻ മാത്രം ഭ്രാന്തരുടെ ഇടയിൽ സുബോധമുള്ളവനായി എത്രനാൾ ജീവിക്കും അദ്ദേഹം ശുദ്ധജലം കരുതിവച്ചിരുന്ന കലമെല്ലാം പൊട്ടിച്ചു താഴ്‌വരയിലിറങ്ങി അയാളും മലിനജലം കുടിച്ചു ഭ്രാന്തനായി

നമുക്ക് മനസ്സിലുറയ്ക്കാം ഞാൻ ക്രിസ്ത്യാനി അങ്ങനെയാകാൻ പാടില്ല മൂല്യങ്ങളും തത്വങ്ങളും വെളിപാടുകളും വിടരുത് **മലമുകളിലായിരിക്കേണ്ടവൻ അവിടെ ആയിരിക്കണം. പുളിപ്പിക്കേണ്ടവൻ ഉറകെട്ടു പോകരുത്.**

ദൈവാലയം കണ്ട സന്ന്യാസി പ്രാർത്ഥിക്കാനായി ഉള്ളിൽ കയറി പ്രാർത്ഥന കഴിഞ്ഞിറങ്ങിയപ്പോൾ ചെരുപ്പുകൾ കാണാനില്ല ദുഖിതനായി പെട്ടെന്ന് ഒരു ചിന്ത വെളിപാടുപോലെ

എന്റെ എന്റെയെന്നുള്ള
ബന്ധനമൊഴിയാനായ്
കൊണ്ടതല്ലയോ ഞാനീ
ദീക്ഷയും കാഷായവും

കവി സന്ന്യാസിയെക്കുറിച്ചു പറയുന്നത് നമുക്ക് നാമോരോരുത്തരെക്കുറിച്ചും ചിന്തനീയമല്ലേ

ക്രൈസ്തവന്റെ വിളി യേശുവിനെ പിൻചെല്ലാൻ പരിത്യജിക്കാതെ യേശുവിനെ പിൻചെല്ലാനാവില്ല തന്റെ സകല ശിഷ്യരെയുംകുറിച്ച് യേശുനാഥൻ അരുളിയതല്ലേ ഇത് ഇതല്ലേ നോമ്പിന്റെ കാമ്പ് **സ്വന്തമായുള്ളതെല്ലാം പരിത്യജിക്കുമ്പോൾ അപരന്റെ ദുഃഖവും ദൈന്യതയും തന്റേതാക്കാനുള്ള ആത്മബോധവും ഹൃദയവിശാലതയും കൈവരും.**

നമ്മുടെ നാഥൻ ലോകത്തെ ജയിച്ചവനാണ് ലോകത്തെ ജയിക്കേണ്ടവരാണ് നാമും യയാതി യിൽ ഖണ്ഡേക്കർ പറയുന്നു ലോകത്തെ പരിത്യജിച്ചിട്ട് വനത്തിലേക്കു ഒളിച്ചോടിപ്പോകുന്നവനല്ല ഞാൻ പിന്നെയോ ലോകത്തെ ജയിച്ചിട്ട് അതിൽ വ്യക്തിമുദ്ര പതിക്കുന്നവനാണ് ഞാൻ **എങ്ങനെയാണ് ലോകത്തെ ജയിക്കേണ്ടത്. യേശുനാഥൻ വ്യക്തമാക്കുന്നു. നോമ്പും ഉപവാസവുംകൊണ്ട്...**

എന്റെ എന്റെ എന്നുള്ള ആഗ്രഹവും ആത്മഭാവവും ഭ്രാന്തമായ ഒരു മാനസിക ഭാവമായി വളരുമ്പോൾ വികലമായ പ്രാദേശിക ബോധവും സങ്കുചിത മനോഭാവങ്ങളും വളരും ഫലമോ സൗഹാർദ നിമിഷങ്ങളും സമന്വയ സാധ്യതകളും ജീവിതത്തിന്റെ സമസ്ത മേഖലകളിൽ നിന്നും അപ്രത്യക്ഷമാകും അതിന്റെ പരിണിതഫലമോ അന്തച്ഛിദ്രം വിഘടനവാദം ഭിന്നത

ഹൈഡഗർ എന്ന തത്വചിന്തകനെ ഓർമ്മയില്ലേ അദ്ദേഹത്തിന്റെ അഭിപ്രായം ഉണ്മ കൂട്ടുണ്മയാണ്

ഈ അനുഭവത്തിലേക്ക് നോമ്പ് നമ്മെ വളർത്തണം ഇതല്ലേ കൂട്ടായ്മ അഥർവ്വവേദത്തിൽ നിന്നൊരു ഉദ്ധരണി

മിത്രസ്യ ചക്ഷുഷാ സമീക്ഷാമഹേ **'സ്നേഹിതന്റെ കണ്ണുകളിലൂടെ നമുക്ക് പരസ്പരം കാണാം'.**

എനിക്കു ജീവിക്കണം എനിക്കു വേണ്ടിയല്ല അപരനു വേണ്ടി എന്നതാണ് ക്രൈസ്തവ ലക്ഷ്യം ഗാന്ധിജി പറയുന്നു വിനയംകൊണ്ട് ചുരുങ്ങി പൂജ്യമാവുക നല്ല സാധനങ്ങൾ സ്വീകരിക്കുന്നതിൽ അവസാനത്തെ ആളാകുക ദുരിതാനുഭവങ്ങളിൽ ഒന്നാമത്തെ ആളും പ്രതിനന്ദി പ്രതീക്ഷിക്കരുത് സകലരുടെയും സേവകനാവുക ത്യാഗമെന്നതേ നേട്ടം താഴ്മതാനഭ്യുന്നതി

സാധാരണ മനുഷ്യരുടെ മൂല്യങ്ങൾക്കു മുകളിലായിരിക്കണം ക്രൈസ്തവന്റെ മൂല്യങ്ങൾ ശ്രീനാരായണഗുരു പഠിപ്പിക്കുന്ന ഒരു ദർശനമുണ്ട്

അവനവനാത്മ സുഖത്തിനാചരിക്കുന്നവ
അപരനു സുഖത്തിനായ് വരേണം

**ഈ സാമാന്യ ബോധമല്ല ക്രൈസ്തവന്റേത്. സ്വസുഖവും അപരന്റെ സുഖത്തിനായി വെടിയുന്ന ഉന്നതമായ മൂല്യദർശനമാണ് ക്രൈസ്തവന്റേത്. ശത്രുവിനെ സ്നേഹിക്കുക.. തിരിയാവുക.. കത്തിത്തീരുക..**

പഥികന് പാതയിൽ പ്രകാശമാകേണ്ടവനാണ് ക്രിസ്ത്യാനി വഴിവിളക്കാകേണ്ടവനാണവൻ വെളിച്ചം നൽകാതിരുന്നാൽ വിളക്കുമരത്തിൽ തന്നെ തട്ടി യാത്രക്കാരൻ വീണെന്നിരിക്കും വെളിച്ചം നൽകേണ്ടവൻ വെളിച്ചമില്ലാത്തവനായാൽ പലരും തട്ടി വീണെന്നിരിക്കും **ഇടർച്ച വരുത്തുന്നവനു ഹാ കഷ്ടം... കഴുതയുടെ തിരകല്ലു കെട്ടി**

**കടലിൽ എറിയപ്പെടുകയാണവനുത്തമം.**

ധ്യാനചിന്ത അല്പം കൂടി തുടരാം നോമ്പുകാലം സ്വയം നന്നാകാനുള്ള കാലം വർഷങ്ങൾക്കു മുമ്പ് തിരുവനന്തപുരത്ത് തമ്പാനൂർ ബസ് സ്റ്റാൻഡിൽ പല പ്രാവശ്യം കണ്ട ഒരു പഥികൻ ഓർമ്മയിലെത്തുന്നു അയാൾ ബസ് സ്റ്റാൻഡിലെ മാലിന്യങ്ങൾ പെറുക്കിക്കളയും വൃത്തിയാക്കും മലിനമാക്കുന്നവരെ വഴക്കു പറയും എന്നാൽ ഇയാൾ കുളിക്കുകയില്ല വസ്ത്രം വൃത്തിയാക്കുകയില്ല മുടി വൃത്തിയാക്കില്ല ദുർഗന്ധംകൊണ്ട് അയാളുടെ അടുത്തേക്ക് ചെല്ലുവാൻ സാധ്യമല്ല

**നാം പഴയതിനെ ഉരിഞ്ഞു കളയണം. പുതിയതിനെ ധരിക്കണം... നോമ്പ് ഇതിനുള്ള അവസരമല്ലേ?**

എല്ലാം ദൈവദാനമാണെന്നുള്ള സത്യം നോമ്പുകാലത്ത് ഹൃദയത്തിൽ ഉറപ്പിക്കുക കയ്യിലുള്ളതെല്ലാം സ്വന്തമെന്നു കരുതരുത് എനിക്ക് ഇടിച്ചു വീഴ്ത്താൻ ഇനി ആരെങ്കിലുമുണ്ടോ എന്നു ചോദിച്ച ബോക്സിംഗ് ചാമ്പ്യൻ മുഹമ്മദാലിയുടെ കരങ്ങൾക്ക് പാർക്കിൻസൺ രോഗം ബാധിച്ചു **അവൻ അറിയണം തന്റെ ശക്തി ദൈവദാനമാണെന്ന്.**

ചെമ്പൈ ഭാഗവതരുടെ ശബ്ദം നഷ്ടപ്പെട്ടു ഒരു ഭിക്ഷക്കാരൻ ചോദിച്ചു ശബ്ദം ദൈവദാനമാണെന്നറിഞ്ഞോ ചെമ്പൈ ക്ഷേത്രസന്നിധിയിയിൽ തപസ്സിരുന്നു ശബ്ദം തിരികെ കിട്ടി പിന്നീട് ഭഗവത് സന്നിധിയിൽ മാത്രമേ പാടിയിട്ടുള്ളൂ വിശുദ്ധ പൗലോസ് ശ്ലീഹാ പറഞ്ഞു ദൈവമേ ദാനമായി കിട്ടിയതല്ലാതെ എന്റെ പക്കൽ മറ്റു യാതൊന്നുമില്ല മരുഭൂമിയിലെ പിതാക്കന്മാർ പറയുന്നു ഞാൻ വെറുതെ നാലു ചുവരാണ് ഓടക്കുഴലാണു ഞാൻ പൊള്ളയാണ് മധുരസ്വരം എന്റേതല്ല മൺപാത്രത്തിലെ നിധിയാണു ഞാൻ

വൃക്ഷം സൂര്യനെ അഭിമുഖീകരിക്കുന്നത് ശിശിരത്തിലാണ് ഇലകളെല്ലാം കൊഴിയുമ്പോഴാണ് വൃക്ഷം സൂര്യനെ അഭിമുഖീകരിക്കുന്നത് എനിക്കുമുണ്ടാകട്ടെ ഈ ചിന്ത **'എന്റെ ഇലകളെല്ലാം കൊഴിച്ചാലേ എന്റെ ദൈവത്തെ അഭിമുഖീകരിക്കാൻ സാധിക്കുകയുള്ളൂ'.**

വിചിന്തനത്തിന്റെ പ്രഭവസ്ഥാനത്തു നമുക്ക് തിരികെ എത്താം നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ

പൂർണത നേടാനുതകുന്ന വഴികൾ ജീവിതത്തിനൊരന്ത്യമുണ്ടെന്നോർക്കുക ആഗ്രഹങ്ങളെ വെടിയുക ലോകത്തിലെങ്കിലും ലോകത്തിന്റേതല്ലാതിരിക്കുക മലമുകളിലായിരിക്കേണ്ടവൻ അവിടെയിരിക്കുക ഉണ്മ കൂട്ടുണ്മയെന്നു തിരിച്ചറിയുക സ്വയം നന്നാവുക സ്വയം പ്രകാശിക്കുക എല്ലാം ദൈവദാനമെന്നറിയുക ധനം ഭാരമെന്നറിയുക ദരിദ്രനെ കരുതുക

# വെള്ളൂത്തുരുത്തി സെന്റ് മേരീസ് ക്നാനായ പള്ളി പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം



വെള്ളുത്തുരുത്തി സെന്റ് മേരീസ് ക്നാനായ പള്ളിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. തിരിതെളിച്ച് നിർവ്വഹിക്കുന്നു. വികാരി ഫാ. നോബിൻ തോമസ് ഇളകുറ്റൂർ, സമുദായ ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ഫാ. പി.ഒ. ഏലിയാസ് പാറക്കുളം എന്നിവർ സമീപം.

# ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി (KIMT)

ക്നാനായ സമുദായത്തിന്റെ ഉടമസ്ഥതയിൽ ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി (KIMT) ചിങ്ങവനത്ത് ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. സമുദായ സെക്രട്ടറി T.O. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി T.C.തോമസ് തോപ്പിൽ, വികാരി ജനറൽ ഫാ. V.A. ഏബ്രഹാം ഇളയശേരിൽ, ടിജു തോട്ടുപുറം, തോമസ്കുട്ടി തേവരുമുറിയിൽ, സജി. ടി. ചാക്കോ താന്നിക്കൽ, ലിനു വരാത്തറ, ജോബി കാരിക്കോട്, രെഞ്ചു ചാക്കോ കോഴിമറ്റം, ഫാ.മോനായി ഫിലിപ്പ് കർക്കടകം പള്ളി, ഫാ.ജേക്കബ് ഫിലിപ്പ് നടയിൽ, ഫാ. ജിജി പുന്നൂസ് പുത്തൻ പുരയ്ക്കൽ, ഫാ.മാത്യു കുരുവിള എരുത്തിപ്പാട്ട്, ഫാ. ജേക്കബ്കുട്ടി കല്ലുകുളം, ഫാ. ഷെറിൻ കൊല്ലംപറമ്പിൽ, ഫാ.ഡിബിൻ കളത്തിപ്പറമ്പിൽ, ഫാ. ചിക്കു കാരിമറ്റം, ഫാ. മെറ്റോ വെട്ടിപ്പറമ്പിൽ, ഫാ. ബിബിൻ കുന്നുംപുറം, കോർഡിനേറ്റർ വിഷ്ണു സജീവ് എന്നിവർ പങ്കെടുത്തു. ഇവിടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ലോജിസ്റ്റിക്സ് & ഷിപ്പിംഗ്, ഹോസ്പിറ്റാലിറ്റി ട്രാവൽ ആൻഡ് ടൂറിസം, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ഓട്ടോമൊബൈൽ മെയിന്റനൻസ്, OET, IELTS, German Language എന്നീ കോഴ്സുകൾ ആണ് ആരംഭിച്ചിരിക്കുന്നത്.

## S.S.L.C., C.B.SE., ICSE, +2 എല്ലാവിഷയത്തിനും A+ ലഭിച്ചവർ

S.S.L.C



**Neeha Achu Binu**
D/o ബിനു ഏബ്രഹാം & റ്റിന്റു കണ്ണങ്കര വടക്കേതിൽ
സെന്റ് തോമസ് വലിയപള്ളി
അങ്ങാടി, റാന്നി



**Joel Joseph**
S/o ജോസഫ് കുറിയാക്കോസ് & മേരി, ചെറിയതുരുത്തിയിൽ
സെന്റ് ജോർജ് ക്നാനായപള്ളി
വള്ളംകുളം



**Hanock Mathew**
S/o ഫാ. മാത്യു കവിരായിൽ & ഷീന, കവിരായിൽ, വെസ്റ്റ് ഓതറ
സെന്റ് ജോൺസ് ക്നാനായപള്ളി
വടപുറം, നിലമ്പൂർ



**Alisha Mary Mohan**
D/o മോഹൻ ജോസഫ് & ട്രീനാ കാവനാൽ
സെന്റ് ഇഗ്നാത്തിയോസ് ക്നാനായപള്ളി, തിരുവനന്തപുരം

S.S.L.C



**Jubel Thomas Jacob**
S/o ജേക്കബ് തോമസ് & അജി, മറ്റയ്ക്കാട്ട്
സെന്റ് കുറിയാക്കോസ് പള്ളി
ഐത്തല

+ 2



**Rehan Jikku Koickal**
S/o ജിക്കു ജോസ് & അനിത, കോയിക്കൽ
സെന്റ് തോമസ് വലിയപള്ളി
റാന്നി

+ 2



**Achu Sibi**
D/o സിബി ഏബ്രഹാം യു. & ജിനു, പ്ലാന്തോട്ടം
സെന്റ് ജോൺസ് പുത്തൻപള്ളി,
ചിങ്ങവനം

+ 2



**Alona Elsa Roby**
D/o റോബി കെ. ഇട്ടിയവിര & പ്രീത, തോട്ടത്തിൽ കണ്ടല്ലൂർ
സെന്റ് ജോൺസ് ക്നാനായപള്ളി
തുരുത്തിക്കാട്




## വരനെ ആവശ്യമുണ്ട്

**M. 285**

Knanaya parents invite proposal for their daughter (27/5'3") born and raised in Dubai, completed BS (finance) from USA and currently working as financial Analyst in the family business. Seeking suitable alliance from parents of professionally qualified boys preferably in the middle east.

Ph: + 971506347421, 9446233666

**M. 286**

Knanaya parents invite proposal for their daughter (25/150 cm), she completed her Bachelors in Cardio Vascular Technology and currently working as Cardiac Physiologist in NHS Trust Hospital United Kingdom. Seeking alliance from parents of professionally qualified God fearing boys. (Boys from medical field are highly preferred) Ph: 91 9447914624, 91 8138871666

**M. 287**

Knanaya parents invite proposals for their daughter (29, 160cm, BDS) who has recently moved to Canada with PR, from parents of professionally qualified Knanaya boys. Ph: 9446460250, 9496020150

**M. 288**

Knanaya Parents invite proposals for their daughter, Pharm D, (26 /160 cm), brought up outside Kerala. She is currently exploring her future career options in Australia. We are seeking suitable alliance from parents of God fearing and professionally qualified boys. Please do contact - 8787859002

**M. 289**

M.Com കഴിഞ്ഞ് കേരള ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/160 cm) അനുയോജ്യരായ കേരളത്തിൽ ജോലിയുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9446819860

**M. 290**

Knanaya parents invite proposals for their daughter (27/164 cm) who has done MSW (Medical & Psychiatry) and currently working as Co-ordinator in a reputed hospital. Seeking alliance from parents of God fearing and professionally qualified boys. (Preference for boys working abroad) Ph: 9656275012

**M. 291**

Knanaya Parents invites proposals for daughter (27 yrs/ 158cm) Bsc Nurse, currently working as a registered nurse in Ireland. We are seeking alliances from parents of professionally qualified and God fearing boys. Ph -9947942049, 9400772049

**M. 292**

UK ൽ മാതാപിതാക്കളോടൊപ്പം വളർന്ന് ഡിഗ്രി കഴിഞ്ഞ് UK ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (24/159 cm) UK ൽ തന്നെ വളർന്ന് പഠിച്ചകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 00 447960494170, 00 44740242426652

**M. 293**

Knanaya parents invite proposals for their daughter 28 yrs (31.07.1996)/165cm born and brought up in Ernakulam, Kerala. Completed B.arch ( Architecture) from C.A.T, Trivandrum (Kerala University) and M.arch from Christ deemed to be University, currently employed as an Architect in Bangalore. Seeking alliances with parents of God fearing families who have boys who are qualified professionals, ideally employed in India.

Phone : +918075070076 / 9388622601

**M. 294**

Pharm.D കഴിഞ്ഞ് റിസേർച്ച് കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (28/163 cm) ദൈവഭയമുള്ള അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9947451011, 9947360887

## വധുവിനെ ആവശ്യമുണ്ട്

**M. 295**

Electronics and Communication ൽ Engeering കഴിഞ്ഞ് ഖത്തറിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/170 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാ

ലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9847485667, 8301832817

**M. 296**

B.Sc Physics ഏവിയേഷൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കഴിഞ്ഞ് ഖത്തറിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/165 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9544912904, 8606322110

**M. 297**

ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് കഴിഞ്ഞ് ഇപ്പോൾ ഇറ്റലിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/179 cm) ഇടത്തരം കുടുംബം. അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. നേഴ്സുമാർക്ക് മുൻഗണന. Ph. 8086926883, 9605104276

**M. 298**

B.Com ഉം M.B.A. യും കേരളത്തിനു പുറത്ത് പഠനം പൂർത്തിയായ ശേഷം ബാംഗ്ലൂർ MNC കമ്പനിയിൽ Financial Analyist ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/180 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9446676036

**M. 299**

മസ്ക്കറ്റിൽ Fire Alarm Technician ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (32/165cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9778355856, 9847418584

**M. 300**

B.Sc ഹോട്ടൽ മാനേജ്മെന്റ് കഴിഞ്ഞു Cruise Ship ൽ ഷെഫ് ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (34/173 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. പുനർവിവാഹവും പരിഗണിക്കും.
Ph: 8547215215, 9744995802

**M. 301**

B.Com പാസ്സായി കോട്ടയം Fly World ഓഫീസിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/173 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9495446011,7594956969

**M. 302**

B.Sc MRIT പഠിച്ച് കുവൈറ്റിൽ ഒരു പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/5'6") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 8606141376

**M. 303**

Mechanical Engeering കഴിഞ്ഞ് ഖത്തറിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/170 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9496159048, 8943364608

**M. 304**

MBA കഴിഞ്ഞ് HR മാനേജരായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/170 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph. 9061854450, 8075686738

**M. 305**

Knanaya professional parents seek proposal for their son(26/168) M.Tech.Civil , managing family business in Middle East from parents of professionally qualified girls (Architects,Civil,Elect. engineers preferred) Mob:8891910996, 9947941707

**M. 306**

Knanaya perents invite proposal for their son (26/172) born and brought up in the Middle East. Compleated B Tech in Kerala and currently working in Dubai. Seeking alliance from perents of God fearing and proffessionally qualified girls.
Ph: 9778153542, 7593073540

**M. 307**

കുവൈറ്റിൽ RIG ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (35/164 cm) അനുയോജ്യരായ നാട്ടിൽ ജോലിയുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9656155470, 9745459245

**M. 308**

B.tech മെക്കാനിക്കൽ എഞ്ചിനീയറിംഗ് പാസ്സായതും ദുബായിൽ ജോലി ചെയ്യുന്ന ഡിസംബറിൽ നാട്ടിൽ വരുന്ന ക്നാനായ യുവാവിന് (30/165 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ദുബായിൽ ജോലിയുള്ള Bsc Nurse, Engineer മേഖലയിൽ ഉള്ളവർക്ക് മുൻഗണന). Ph: 9447092921, 9633269572

**M. 309**

കോട്ടയം DC Book Office ൽ അസ്സോസിയേറ്റ് അക്കൗണ്ടന്റ് ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/171 cm) M.Com, SAP അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 8289997704, 9847353932

## പുനർവിവാഹം

### വധുവിനെ ആവശ്യമുണ്ട്.

**M. 310**

Knanaya Parents invite proposals for their son (43/176) M.S.W. (HR). Currently working in Hosur (Thamilnadu) as a manager. He is divorced and have no kids. Looking for God fearing and qualified girls (No demand).
Mob: 9400560009, 8072023306, 8304960869

*സ്നേഹസ്മരണയ്ക്ക്*

**15 – ാം ചരമവാർഷികം**

**08-08-2024**



**ഇ. പി. ചാക്കോ** (കുഞ്ഞൂഞ്ഞ്)

**ഇളപ്പുങ്കൽ, വെണ്ണിക്കുളം**

കരുണാനിധിയാം കർത്താവേ നിൻ ദാസനു
നൽകണമുന്നത മോഹന പറുദീസായിൽ വിജയ കിരീടം
സന്തപ്ത കുടുംബാംഗങ്ങൾ

**13 – ാം ചരമവാർഷികം**

**04-08-2024**



**മറിയാമ്മ ചാക്കോ** (മേരിക്കുട്ടി)

**വെള്ളവന്താനത്ത്, മഴുക്കീർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

**12th Death Anniversary**

**06- 08-2024**



**M. A. Joseph** (Kunjukutty)

**Mammalathazhathu**
**Ramamangalam**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

**1st Birthday in Heaven**

**11- 06-2024**



**K. A. Joseph** (Jose)

**Konnathu, Eraviperoor**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

## 27 – ാം ചരമവാർഷികം

05 – 08 – 2024



## C. Zachariah

(ചിറയിൽ, കറിയാച്ചൻ), ഈര

ഭൂമിയിലുള്ള നമ്മുടെ ശരീരമാകുന്ന ഈ ഭവനം അഴിഞ്ഞുപോയാൽ, ദൈവനിർമ്മിതമായ, കൈപ്പണിയല്ലാത്ത, ഒരു ഭവനം സ്വർഗ്ഗത്തിൽ എന്നെന്നേക്കുമായി ഞങ്ങൾക്കുണ്ട് എന്ന് ഞങ്ങൾ അറിയുന്നു. ഇതു നിമിത്തം ഞങ്ങൾ നെടുവീർപ്പിടുകയും, സ്വർഗീയമായ ഞങ്ങളുടെ ഭവനത്തെ ധരിക്കണം എന്നു പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നു.

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

Advt -O

## 6 – ാം ചരമവാർഷികം

06- 09 -2024



## V. P. THOMAS

VILAYIL, RANNY

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt S

## 7th Death Anniversary

8-9-2024



## Anu Elias

Chingavanam

തറയിൽ മുളയ്ക്കാംചിറ & കാളിശ്ശേരിൽ കുടുംബാംഗങ്ങൾ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 51 -ാം ചരമവാർഷികം

10-08-2024



## കെ.സി.ഉണ്ണിട്ടൻ

കണ്ണംകുഴയത്ത്, റാന്നി

Advt S



Ecclesiastes 12:7: "And the dust returns to the earth as it was, and the spirit returns to God who gave it"

## 40th DAY OF DEMISE
28 July 2024

## SARAMMA KORAH
(Bavukutty)
Mundukottackal, Ernakulam

Bereaved by Children Stephen & Reena, Dr.Philip & Sajini, Geetha & Dr.Bency, Jebu & Annu

Advt -O

## 1 – ാം ചരമവാർഷികം
17 – 08 – 2024



## Thankamma Scaria (94)
Kulathramannil, Mazhukeer

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

Advt -O

## 7 – ാം ചരമവാർഷികം
03 – 08 – 2024



## (Retd.) Nb. Sub/Clk ജോസ് മാത്യു
മധുകുഴിയിൽ വീട്, പടിഞ്ഞാറ്റ് ഓതറ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Advt -O

## വേർപാടിന്റെ 11-ാം വാർഷികം

10-09-2024



## സോജി ജെയ്ക്കബ്

തേമ്പാറ, കുറിച്ചി

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 11-ാം ചരമവാർഷികം

26-08-2024



## N.P. ജോസുകുട്ടി

നെടുംപറമ്പിൽ, നീലംപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## വേർപാടിന്റെ 2-ാം വർഷം

02-08-2024



## ശോശാമ്മ കുറിയാക്കോസ്

പഴയപീടികയിൽ, തുരുത്തിക്കാട്

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 3rd Death Anniversary

28-08-2024



## I. P. ITTIAVIRAH

Edasseril (H), Thottamon, Ranny P.O.

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt - S

## 2 – ാം ചരമവാർഷികം

02-08-2024



### മറിയാമ്മ ആൻഡ്രൂസ്

ചെറുനാട്ടായ പല്ലാട്ട്, ചെങ്ങളം

ഞങ്ങളുടെ മാർഗ്ഗദീപമായിരുന്ന അമ്മയുടെ
ഓർമ്മകൾക്കു മുമ്പിൽ പ്രാർത്ഥനയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 7 – ാം ചരമവാർഷികം

02-08-2024



### K. M. Mathew

**Kuttiyil (H), Kurichy**

**An inspiring father who loved us cared us and lived for us. You will always remain alive in our hearts.**

Inserted by Sorrowing Family

Advt -O

## *13th Year of Demise*

21-08-2024



### Lt.Col.M.C.Abraham (Retd.)

**(Kunjavarachen), Bangalore,**
**Vellayampallil House, Kattode**

*'For if we believe that Jesus died and rose again, even so them also which sleep in Jesus will God bring with him' (1 Thessalonians 4:14)*

*Deeply missed and lovingly remembered by:*
*Wife, Daughters,Sons-in-law, Grand Children,*
*Great Grand Children, Relatives & Friends*

Advt -G

## 2 – ാം ചരമവാർഷികം

04-09-2024



### V. A. കുരുവിള (പാപ്പച്ചൻ)

വാഴൂത്ര, നീലംപേരൂർ

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ'

Advt -G

## 3 – ാം ചരമവാർഷികം

18 – 08 – 2024



## മിനി തോമസ്സ്

ഈശ്വരൻപറമ്പിലായ കാട്ടുപറമ്പിൽ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സ്വഷ്ടിയെ നീ പുതുതാക്കീടണമെ"

Advt - G

## 4th Birthday In Heaven

21-08-2024



## K.A. JOSEPH (Rtd. KSEB Overseer)

Kadavumpara Puthenveedu, Kuttoor

Wife- Valsamma Joseph

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt -G

## 3rd Birthday in Heaven

18 – 08 – 2024



## Jose Thomas

Kunnumpurathu House
Ettumanoor, Kottayam

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സ്വഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt -G

## 40 – ാം ചരമദിനം

07 – 08 – 2024



## സാറാമ്മ സ്കറിയ

കൊച്ചുപറമ്പിൽ (വഴിയിൽ), ചിങ്ങവനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

Advt - O

## 1st Death Anniversary

18 – 08 – 2024



## Gracy Jacob

**Kallamannil**
**Poovanthuruth**

Our beloved mother and when the stream that overflows has passed a consciousness remains up on the silent shore of memory

Advt -O

## First Death Anniversary

19-07-2024



"Pappa,your presence we miss, your memories we treasure, loving you always with the hope to meet you in eternity."

## M.P. Chacko (Aniyan)

Mangalathu House, Kudappanakunnu, Trivandrum

By Kunjumol Chacko (wife), Simmi , Deepu & kids, Soby, Rogi & kids , Ansu, Manoj & kids.

Advt -O

## 3rd Death Anniversary

07 – 09 – 2024



## Philipose Mathew

**(Thankachen) 1952-2021**

**Puthenparambil, Chingavanam**


Deeply missed and Lovingly Remembered by Sorrowing Family

BEAUTY CENTRE

Advt - R

## 40 – ാം ചരമദിനം

16 – 08 – 2024



## ചാക്കോ ഉലഹന്നാൻ (പാപ്പച്ചൻ)

പന്ത്രണ്ടാംകുഴി, വാകത്താനം

നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 40–ാം ചരമദിനം
13/08/2024



**ചാക്കോ എബ്രഹാം (89) (പാപ്പച്ചൻ)**
മാവേലിക്കളം, തെക്കേവാഴയിൽ, വെളിയനാട്

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 40th Day of Remembrance
09 – 08 – 2024



**Joy Abraham**
Ampalappattu
Thiruvanvandoor (Ernakulam)

Pappa, we will meet on the Eternal Shore

By Sorrowing Family

Advt -O

## 12 – ാം ചരമ വാർഷികം
11 – 09 – 2024



**കെ. എ. ഏബ്രഹാം**
(Rtd Dyp. Collector)

## 27 – ാം ചരമ വാർഷികം
17-08-2024



**അഡ്വ. അനിൽ ഏബ്രഹാം**

കല്ലുവെട്ടാംകുഴിയിൽ, താഴത്തങ്ങാടി, കോട്ടയം

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## സ്വർഗ്ഗത്തിൽ 1 – ാം പിറന്നാൾ

20-08-2024



## മെഫിൻ തോമസ്

ഇടയാടിയിൽ, അഞ്ചാനി, റാന്നി

നിൻ സ്ലീബായെ – നമ്പിയതാമാത്മം നിൻ വരവിങ്കൽ നിൻ കൃപ കാണേണം

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 1 – ാം ചരമവാർഷികം

19 – 08 – 2024



## അമ്മിണി തോമസ്

ചെറുവേലിൽ, കുറിച്ചി

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 8 – ാം ചരമവാർഷികം

21 – 08 – 2024



## Sabu Mathew

(Asst. Commandant of Police)

Kulachankal, Velloothuruthy

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt -O

## 25 – ാം ചരമവാർഷികം

17 – 08 – 2024



## ജോസുകുട്ടി തോമസ്

കുന്നിരിക്കൽ, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

മക്കൾ: ഡോ. ജ്യോതി തരുൺ മണിമലേത്ത്
ജൂബിലി ജോസുകുട്ടി കുന്നിരിക്കൽ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

**07 – ാം ചരമവാർഷികം**
**25- 08-2024**



**ഗ്രേസി ഏബ്രഹാം**

**29 – ാം ചരമവാർഷികം**
**25- 07-2024**



**റീന സി. ഏബ്രഹാം**

**ചരിവുപറമ്പിൽ, കല്ലിശ്ശേരി**

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

---

**25 – ാം ചരമവാർഷികം**

15-08-2024 21-06-2024



**ശോശാമ്മ ഏബ്രഹാം** **തോമസ് ഏബ്രഹാം**

**കുഴികണ്ടത്തിൽ**
**കല്ലിശ്ശേരി**

**സന്തപ്ത കുടുംബാംഗങ്ങൾ**

---

**01 – ാം ചരമവാർഷികം**
**28-08-2024**



**Bony M. Kurian**
**Moozhippara House, Kuzhimattom**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
With prayers, Sorrowing Family

08 – ാം ചരമവാർഷികം
02-08-2024



**മേരി ഇടിക്കുള**
**കണിയാംപറമ്പിൽ, പുലയകുന്നിൽ**
**ഇരവിപേരൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

***ബേബിക്കുട്ടി ആൻഡ്രൂസ് & ഫാമിലി***

19 – ാം ചരമവാർഷികം
04-08-2024

40 – ാം ചരമദിനം
13-08-2024





**സ്കറിയാ കുരുവിള**
(തമ്പി)

**സാലമ്മ കുരുവിള**
(സാലി)

**അപ്പാടംപാക്കൽ**
**നീലംപേരൂർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

20 – ാം ചരമവാർഷികം
07-08-2024



**ഡോ. എം. സി. സ്ക്കറിയ** (കറിയാച്ചൻ)

02 – ാം ചരമവാർഷികം
11-09-2024



**മറിയാമ്മ സ്ക്കറിയ**

**തറയിൽ മുളയ്ക്കാഞ്ചിറ**
**ചിങ്ങവനം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

**01 – ാം ചരമവാർഷികം**

**09-09-2024**



**അച്ചാമ്മ ഉലഹന്നാൻ**

**തറയിൽ, കുഴിമറ്റം**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**25 – ാം ചരമവാർഷികം**

**29-07-2024**



**K.K. Kuriakose (Kunjunju)**

**Kariyil, Pakkil**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**3rd Death Anniversary**

**30-08-2024**



**Jebu Philip**

**Malathusseril, Chingavanam**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**6th Death Anniversary**

**27-08-2024**




**Marykutty Chacko**

**Kavumkal, Nellickamon, Ranny**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**14 – ാം ചരമവാർഷികം**

**08-08-2024**



## ഒ. സി. കുര്യൻ

**ഊരാക്കമണ്ണിൽ, തോട്ടപ്പുഴ, ഇരവിപേരൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**29 – ാം ചരമവാർഷികം** 19-07-2024

**38 – ാം ചരമവാർഷികം** 04-08-2024



## ചാച്ചിയമ്മ ജോസഫ് ഇടുക്കുള ജോസഫ്

(മാന്നാർ - കൊറ്റംകുഴി കുടുംബാംഗം)

**തുണ്ടിയിൽ, ഇരവിപേരൂർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**23 – ാം ചരമവാർഷികം** 18-08-2024

**11 – ാം ചരമവാർഷികം** 23-09-2024



## മറിയാമ്മ കുറിയാക്കോസ്

## കെ. എം. കുറിയാക്കോസ്

**കളരിക്കമുറിയിൽ**

**പഴവങ്ങാടി, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
**സന്തപ്ത കുടുംബാംഗങ്ങൾ**

**10 – ാം ചരമവാർഷികം**

**08- 09-2024**



## വി. എം. രാജു

**വാഴയിൽ, തിരുവൻവണ്ടൂർ (മഴുക്കീർ)**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
**സന്തപ്ത കുടുംബാംഗങ്ങൾ**

**05 – ാം ചരമവാർഷികം**
**30-08-2024**



**ചാച്ചിയമ്മ പുന്നൂസ്** (കുഞ്ഞുഞ്ഞമ്മ)
**പാറയിൽ, കല്ലമണ്ണിൽ, വള്ളംകുളം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

**02 – ാം ചരമവാർഷികം**
**10-08-2024**




**മേരിക്കുട്ടി ജോസഫ്**
**പാറയിൽ, ഞാലിയാകുഴി, വാകത്താനം**


നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ


## പാവനസ്മരണയ്ക്ക്

| 43 – ാം ചരമവാർഷികം 20-12-2024 | 36 – ാം ചരമവാർഷികം 24-03-2024 | 26 – ാം ചരമവാർഷികം 28-08-2024 | 28 – ാം ചരമവാർഷികം 15-03-2024 | 06 – ാം ചരമവാർഷികം 16-10-2024 |
|---|---|---|---|---|










| എൻ.റ്റി. ലൂക്കോസ് | സാറാമ്മ ലൂക്കോസ് | കെ. തോമസ് (ബേബി) | കെ. ജേക്കബ് (അനിയൻ) | തമ്പി ലൂക്കോസ് |
|---|---|---|---|---|

**നെടിയുഴത്തിൽ (കരോട്ട്), ചിങ്ങവനം**

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

33 – ാം ചരമവാർഷികം
25-08-2024

14 – ാം ചരമവാർഷികം
07-10-2024





**എം. കെ. ഏബ്രഹാം** (അവറാച്ചൻ)

**ശോശാമ്മ ഏബ്രഹാം** (കുഞ്ഞമ്മ)

**മഴുവഞ്ചേരിൽ, കുറിച്ചി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ


**40 – ാം ചരമദിനം**
**14-08-2024**



**പി. സി. തങ്കച്ചൻ**
**പള്ളിച്ചിറയിൽ**
**വെളിയനാട് (എറണാകുളം)**

സന്തപ്ത കുടുംബാംഗങ്ങൾ

**14 – ാം ചരമവാർഷികം**
**24-08-2024**



**പി. പി. മർക്കോസ്**
**കോയിത്തറ, കുറിച്ചി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
സന്തപ്ത കുടുംബാംഗങ്ങൾ

**14 – ാം ചരമവാർഷികം**
**18-08-2024**



**അജു ഏബ്രഹാം**
**കിഴക്കേമുറിയിൽ**
**ഐത്തല, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

21 – ാം ചരമവാർഷികം
27-08-2024

02 – ാം ചരമവാർഷികം
19-08-2024



**എം.എം. ജോസഫ്   പി. ടി. ചാച്ചിയമ്മ (തങ്കമ്മ)**

**മറ്റത്തിൽ, കുറ്റൂർ**

## പ്രത്യാശ

ഒരു മെഴുകുതിരിയെന്നപോൽ കത്തിയെരിഞ്ഞ്,
സൗരഭം പടർത്തി വഴികാട്ടിയായോരിവർ
പാരിലെ ജീവിതമെന്തെന്ന് നെല്ലും പതിരും
തിരിച്ചു, കരുതലും കനിവും പകർന്നോരിവർ
കരയുന്ന കുഞ്ഞിനെ പാലുള്ളുവെന്നാ പച്ച-
പ്പരമാർത്ഥം കാതിലോതിത്തന്നോരിവർ
സ്മരണകളിലുയരും ചങ്കുറ്റത്തെ, പകരും
സ്മാരകങ്ങളായ് കടന്നുപോയോരിവർ
ഉരുകും നെഞ്ചകവുമായ് നിന്നീടുമ്പോൾ
സാരമില്ലെന്നോതി കൈപിടിച്ചോരിവർ
ധരണിയിലരിയാം സാത്താനോടെതിരിടാൻ
പരമാത്മാവിനെ കാണിച്ചുതന്നോരിവർ
മരണം ദേഹത്തെ അകറ്റിയെങ്കിലും കാണാമാ-
തീരത്തുവീണ്ടും, ഉറപ്പേകിയ പ്രഭോ നമോ:

**ബെന്നി മറ്റത്തിൽ, കുറ്റൂർ**

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

1st Death Anniversary
14-08-2024

20th Death Anniversary
09-09-2024




**K.O. Kuriakose**

**Ammini Kuriakose**

**Chemblettu W.Othera**

BY Sorrowing Family

**വേർപാടിന്റെ 17 – ാം വാർഷികം**
**07-09-2024**



**ചാക്കോ സ്കറിയ** (കറിയാച്ചു)

**മണക്കാട്ട്, ചിങ്ങവനം**


നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

40 –ാം ചരമദിനം
16-08-2024




**സാറാമ്മ രാജു**
ഇടയാടിയിൽ
കല്ലിശ്ശേരി

03 –ാം ചരമവാർഷികം
20-08-2024




**അന്നാമ്മ കുഞ്ഞപ്പൻ**
പുതുപ്പറമ്പിൽ (കരിയിൽ)
കുഴിമറ്റം

16 –ാം ചരമവാർഷികം
18-08-2024



**ഉതുപ്പാൻ സ്കറിയാ**
ഇടത്തിൽ താഴ്ചയിൽ
കുറിച്ചി

11 –ാം ചരമവാർഷികം
14-08-2024




**സി. എ. കുറിയാക്കോസ്**
വെന്നുവെള്ളിൽ
ചാന്നാനിക്കാട് (കല്ലിശ്ശേരി)

11 –ാം ചരമവാർഷികം
31-08-2024



**തങ്കമ്മ ഫിലിപ്പ്**
ഇടവഴിക്കൽ
കോട്ടയം

32 –ാം ചരമവാർഷികം
28-08-2024



**T. K. Abraham**
Thompumannil
Vadasserikara, Edakulam

22 –ാം ചരമവാർഷികം
05-08-2024



**ചിന്നമ്മ ഏബ്രഹാം**
തെക്കേപറമ്പിൽ
എസ്. പുരം., കുറിച്ചി

37th Death Anniversary
30-08-2024



**Ammini George**
Kayyaleth, Kallissery
Inserted by
Grieving Family

10 –ാം ചരമവാർഷികം
11-08-2024



**പൊന്നമ്മ ഐസക്ക്**
കാവനാൽ
തിരുവനന്തപുരം

08 –ാം ചരമവാർഷികം
11-08-2024



**സാറാമ്മ മാത്യു**
കുറ്റിയിൽ
ചിങ്ങവനം

26 –ാം ചരമവാർഷികം
20-08-2024



**എം. സി. ഏബ്രഹാം**
(തമ്പി)
മുക്കാട്ട്,
ചിങ്ങവനം
(കുറിച്ചി)

നിന്റെ മഹത്വമുദിക്കും
നാൾ
നിൽക്കണമിവൻ
വലഭാഗത്തിൽ
സന്തപ്ത
കുടുംബാംഗങ്ങൾ

## 2 –ാം ചരമവാർഷികം

08 – 09 – 2024



# P. C. KURIAKOSE (Babu)

**(St. George Sawmill, Karunnattuvala)**

**പതിനഞ്ചിൽ (ആക്കനടി) നീലംപേരൂർ, കുറിച്ചി**

"ഈ മനോഹര തീരത്ത് തരുമോ
ഇനിയൊരു ജന്മം കൂടി"

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

Advt -R

സന്തപ്ത കുടുംബാംഗങ്ങൾ

Registered No. KL/CHC/29/2024-26 **KNANAYA DEEPAM** RNI No. KERBIL/2006/19210
Published on 15 August 2024 Chingavanam Vol. 35, Issue: 8 ₹ 10




Advt -S

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**